# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2024 മാർച്ച് 28 | ദീപം 57 | നാളം 4 | Published from : PALA | പേജ് 20 | വില 8 രൂപ | www.deepanalam.org




# നിങ്ങൾക്കു സമാധാനം!




മേജർ ആർച്ചുബിഷപ്പ്
മാർ റാഫേൽ തട്ടിൽ


**ക്രൈ**സ്തവ വിശ്വാസത്തിന്റെ മൂലക്കല്ല് നമ്മുടെ കർത്താവിന്റെ ഉത്ഥാനമാണ്. കർത്താവ് ഉയിർത്തെഴുന്നേറ്റില്ലായിരുന്നെങ്കിൽ ക്രൈസ്തവവിശ്വാസം അസ്ഥിരവും അർത്ഥശൂന്യവുമാകുമായിരുന്നു. ക്രൈസ്തവജീവിതം ഉത്ഥാനത്തിന്റെ ആഘോഷമാണ്. എല്ലാ സഹനത്തിനും ഒരവസാനമുണ്ട്. ആ അവസാനം വ്യാഖ്യാനിക്കാൻ നമുക്കു നല്കുന്ന താക്കോൽവചനമാണ് കർത്താവ് ഉയിർത്തെഴുന്നേറ്റു എന്ന സദ്വാർത്ത.

വി. യോഹന്നാന്റെ സുവിശേഷം ഇരുപതാം അധ്യായം ഉത്ഥാനസത്യം നമ്മെ അറിയിക്കുന്ന വിവരണങ്ങളാണ്. കർത്താവിന്റെ ഉത്ഥാനത്തിന് ആദ്യം സാക്ഷികളാകുന്നത് കല്ലറ അന്വേഷിച്ചുപോയ സ്ത്രീകളാണ്. അവരിൽ പ്രധാനി മഗ്ദലേനമറിയമാണ്. അവളുടെകൂടെ മറ്റൊരു മറിയവുമുണ്ടായിരുന്നു. കർത്താവ് അടക്കപ്പെട്ടത് സാബത്തിലാണ്. സാബത്തിന്റെ കഠിനമായ നിയമങ്ങൾമൂലം കർത്താവിന്റെ ശവകുടീരത്തിൽ ആവശ്യത്തിനു സുഗന്ധദ്രവ്യങ്ങൾ വയ്ക്കാൻ അവർക്കു കഴിഞ്ഞില്ല. സാബത്ത് അവസാനിച്ചപ്പോൾ അവന്റെ കല്ലറയിൽ കുറവുള്ള സുഗന്ധദ്രവ്യങ്ങൾ വയ്ക്കാനാണ് സ്ത്രീകൾ അവിടേക്കു പോയത്. ഈ സ്ത്രീകളാണ് തുറക്കപ്പെട്ട കല്ലറ ആദ്യമായി കണ്ടുന്നത്. അന്വേഷിക്കുന്നവർക്കാണ് കർത്താവു സംലഭ്യനാകുന്നത്. ഹൃദയത്തിൽ കർത്താവിനോട് ഒരുപാടു സ്നേഹം സൂക്ഷിച്ചിരുന്ന ഈ സ്ത്രീകൾ അവിടത്തെ അന്വേഷിച്ചിറങ്ങി. കല്ലറ മൂടിയിരുന്ന കല്ല് ആര് ഉരുട്ടിമാറ്റുമെന്ന ചോദ്യം അവരുടെ മനസ്സിലുണ്ട്. പക്ഷേ, അവർ കണ്ടത് ഉരുട്ടിമാറ്റപ്പെട്ട കല്ലും തുറന്ന കല്ലറയുമാണ്. നമ്മുടെ എല്ലാ പ്രതിസന്ധികളുടെ നടുവിലും ഉത്ഥാനത്തിരുനാൾ നല്കുന്ന സന്ദേശം ഇതാണ്: എല്ലാ പ്രതിസന്ധിയും ഉരുട്ടിമാറ്റപ്പെടേണ്ട കല്ലുകളാണ്. ഒരു കല്ലും ഉരുട്ടിമാറ്റപ്പെടാതിരിക്കില്ല.

കർത്താവിന്റെ ഉത്ഥാനം നമുക്കു നല്കുന്ന ഏറ്റവും വലിയ ശക്തി, പരിഹരിക്കാൻ പറ്റാത്ത ഒരു പ്രതിസന്ധിയും നമ്മുടെ ജീവിതത്തിലില്ല എന്നതാണ്. ഈ സന്ദേശം നിങ്ങളോടു പങ്കുവയ്ക്കുമ്പോൾ സഭ ഇപ്പോൾ അഭിമുഖീകരിക്കുന്ന പല പ്രതിസന്ധികളെക്കുറിച്ചും എനിക്ക് ഓർമ വരുന്നുണ്ട്. ഞാൻ ഈ ശുശ്രൂഷ നിർവഹിക്കുമ്പോൾ എന്റെ മുമ്പിലുമുണ്ട്, ഈ പ്രതിസന്ധികൾക്ക് ഒരു പരിഹാരമില്ലേ എന്ന ചോദ്യം. പരിഹരിക്കപ്പെടാത്തതായി ഒരു പ്രതിസന്ധിയുമില്ല എന്നതാണ് ഉത്തരം. ഒരു കല്ലും ഉരുട്ടിമാറ്റപ്പെടാതിരിക്കില്ല.

നമ്മുടെ കർത്താവ് എത്ര വ്യക്തിപരമായാണ് നാമോരോരുത്തരുമായി ബന്ധപ്പെടുന്നതെന്നോർക്കണം. കർത്താവിനെ തേടിപ്പോയ മഗ്ദലേനമറിയത്തെ കർത്താവു പേരുചൊല്ലി വിളിക്കുന്നു: 'മറിയം!' എത്ര ഹൃദ്യമായ ഇടപെടലാണത്. ഉത്ഥാനത്തിരുനാൾ നമുക്കു നല്കുന്ന ഒരു വലിയ സന്തോഷം, നമ്മുടെയൊക്കെ പ്രതിസന്ധികളിൽ നമ്മെ പേരുചൊല്ലി വിളിക്കുന്ന ഒരു കർത്താവുണ്ട് എന്നതാണ്.

'മറിയം!' ആ പേരു കേട്ടപ്പോൾ സുപരിചിതമായ ശബ്ദമായി അവൾക്ക് അനുഭവപ്പെട്ടു. അവൾ പറഞ്ഞു: 'കർത്താവേ!' ഒരു അപരിചിതത്വവും അവൾക്കു തോന്നിയില്ല. എന്നൊക്കെയാണോ പ്രതിസന്ധികൾ കൊടുങ്കാറ്റുപോലെ ആഞ്ഞടിക്കുന്നത്, പ്രതിസന്ധികളുടെ തിരമാലകൾ സഭാനൗകയെ ആടിയുലയ്ക്കുന്നത്, അന്നൊക്കെ നാം ശ്രദ്ധിച്ചാൽ മനസ്സിലാകും, കർത്താവ് നമ്മെ പേരുചൊല്ലി വിളിക്കുന്നുണ്ടെന്ന്.

ചിലപ്പോഴൊക്കെ എന്റെ മനസ്സിൽ തോന്നാറുള്ള ഒരു കാര്യമുണ്ട്; നാം ആഗ്രഹിച്ചതുപോലെയെല്ലാം കാര്യങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ കർത്താവിന്റെ സാന്നിധ്യം നമുക്കു തിരിച്ചറിയാൻ കഴിയാറില്ല. ആഗ്രഹിച്ചതൊന്നും നടക്കാതെ വരുമ്പോഴും വഴിമുട്ടുമ്പോഴും ചെവിയോർത്താൽ കർത്താവ് നമ്മെ പേരുചൊല്ലി വിളിക്കുന്നതു കേൾക്കാനാവും. കർത്താവ് നമ്മെ ഒരിക്കലും മറക്കുകയോ മാറ്റിനിർത്തുകയോ ചെയ്യുന്നില്ല. കർത്താവ് നമ്മോടുകൂടെ ഉണ്ടെന്നുള്ള ശുഭാപ്തിവിശ്വാസത്തിന്റെ തിരുനാളാണ് ഈസ്റ്റർ. കർത്താവ് എല്ലാവരോടും അറിയിക്കാനായി മറിയത്തെ പറഞ്ഞേല്പിച്ചത്, ഞാൻ മരണത്തെ കീഴടക്കി ഉത്ഥാനം ചെയ്തിരിക്കുന്നു എന്ന സദ്വാർത്തയാണ്.

▶5


RADIANCE
LADIES FITNESS GYM
AND BEAUTY SALOON
CONTACT: +91-8606603417
WORKING TIME: 5.AM - 7.PM
ST. VINCENT MONASTERY BUILDING,
NEAR KSRTC, PALAI


MAN CAVE
THE MAN CAVE
SPA N' SALOON
Near Sulabha Hyper Market,
Kattakayam Road, Pala
Ph: 04822-215168
HAIR CUTTING,
BEARD DESIGNING
BODY SPA, OIL MASSAGE, GROOM PACKAGE, MAKEUP, FACIALS,
SPA PEDICURE, HAIR SPA, HAIR STRAIGHTNING,
HAIR COLORING, SPECIAL DANDRUFF TREATMENT,
ACNE TREATMENT, PIGMENTATION TREATMENT
FOR ENQUIRIES : 8921547471


AREA 51
PLAYSTATION & SNOOKER
Near Sulabha Hyper Market,
PALA
PH : 04822-215168


Ph: 9207062710
ZWARRAH
BOUTIQUE
MATTATHIL BUILDING, THODUPUZA ROAD
PALA
BRIDAL WEAR • PARTY WEAR • CUSTOM - STICTHING
• EMBROIDERY WORKS etc..


HOT WHEELS
BICYCLES, E-BIKES, TYRES, SPARES, ACCESSORIES
Kattakayam Building,
Kattakayam Road, Palai
+(91) 7025603991
hwpalai@gmail.com

# ഉത്ഥാനത്തിന്റെ സാക്ഷികൾ



ബിഷപ് ഡോ. അലക്സ് വടക്കുംതല

ചരിത്രത്തിൽ കുറെയധികം മനുഷ്യരുണ്ട്, ക്രിസ്തു സത്യമായും ഉയിർത്തെഴുന്നേറ്റുവെന്ന് അടിയുറച്ചു വിശ്വസിച്ചവരായി. പകൽവെളിച്ചത്തിലെ കാഴ്ചപോലെ ഒരു സന്ദേഹവും അവർക്ക് അതിനെപ്പറ്റി ഉണ്ടായില്ല. ജീവൻ അപായപ്പെടുത്തിപ്പോലും അവർ അത് ഏറ്റുപറഞ്ഞു. അതിൽ സ്ത്രീകളും പുരുഷന്മാരുമുണ്ട്. അധികം വിദ്യാഭ്യാസമില്ലാത്ത മീൻപിടിത്തക്കാരും ധീരയോദ്ധാക്കളും അതീവപാണ്ഡിത്യമുള്ള ശാസ്ത്രജ്ഞന്മാരും അതിൽപ്പെടുന്നു. കഴിഞ്ഞ രണ്ടായിരം വർഷത്തിൽ വിവിധ നൂറ്റാണ്ടുകളിൽ ജീവിച്ചവരും വ്യത്യസ്ത ഭൂഖണ്ഡങ്ങളിൽ കഴിഞ്ഞവരും ക്രിസ്തുവിനെ ആദ്യം എതിർത്തവരും വെറുത്തവരും അതിലുണ്ട്. ഏതോ ഒരു ദിവ്യാനുഭവം തങ്ങളെ ആഴത്തിൽ സ്പർശിച്ചപ്പോൾ മടികൂടാതെ അവർ ഏറ്റുപറഞ്ഞു: അവർ ക്രൂശിച്ച ക്രിസ്തു, ഉത്ഥാനം ചെയ്തിരിക്കുന്നു. അവനെ ഞാൻ കണ്ടു! എന്റെ കൈകൾകൊണ്ട് അവനെ തൊട്ടു! അവൻ ജീവിച്ചിരിക്കുന്നുവെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു!

യേശു ഉയിർത്തെഴുന്നേറ്റുവെന്ന അനുഭവം ചരിത്രത്തിൽ ഏറ്റവും ആദ്യമുണ്ടായതായി രേഖപ്പെടുത്തിയിരിക്കുന്നത് ഒരു സ്ത്രീക്കാണ്. അതു സംഭവിച്ചതാകട്ടെ, വളരെ ആകസ്മികമായി, ഒട്ടും പ്രതീക്ഷിക്കാത്ത നേരത്ത്. കാൽവരിമലമുകളിൽ യേശു പിടഞ്ഞുമരിക്കുന്ന ദുരന്തരംഗം, കടുത്ത വേദനയോടെ വീക്ഷിച്ച ചുരുക്കം ചിലരിൽ ഒരാൾ, യേശുവിന്റെ അമ്മയായ മറിയത്തോടൊപ്പംനിന്ന മഗ്ദലനായിലെ മറിയമായിരുന്നു. അത്രയും വലിയൊരു നൊമ്പരവും റിസ്കും ഏറ്റെടുക്കാൻ പ്രത്യേകമായ ഒരു കാരണമുണ്ടായിരുന്നു. അവളുടെ ജീവിതത്തിൽ സ്നേഹലാളനവും റൊമാൻസും പല പുരുഷന്മാരും നൽകിയിട്ടുണ്ടെങ്കിലും ഇത്രയും ആത്മസ്നേഹവും ആശ്വാസവും നൽകിയ മറ്റൊരുവനുണ്ടായിരുന്നില്ല. ഈ ബന്ധം അവളെ വല്ലാതെ പിടിച്ചുകുലുക്കി, ഏറെ സ്വാധീനിച്ചു. കുരിശിൽ അവൻ മരിച്ചപ്പോൾ ഈ ലോകത്തിലെ ഏറ്റവും വലിയ നിധി അവൾക്കു നഷ്ടപ്പെടുകയായിരുന്നു. ആകെയുണ്ടായിരുന്ന അഭയം അവൾക്കില്ലാതായി.

കുരിശിൽനിന്ന് ശരീരം ഇറക്കി സംസ്കരിച്ചതിനുശേഷമുള്ള സാബത്ത് ഒന്നു തീരാൻ അവൾ കാത്തിരുന്നു. ഒരാൾ മരിച്ചശേഷം ആത്മാവ് ശരീരത്തെ വിട്ടുപോവുക മൂന്നു ദിവസത്തിനുശേഷമാണെന്ന ഒരു വിശ്വാസപാരമ്പര്യം യഹൂദരുടെ ഇടയിലുണ്ടായിരുന്നു. അതുകൊണ്ടാണ്, പുലരിയാകാൻ കാത്തിരിക്കാതെ ഇരുട്ടായിരിക്കുമ്പോൾത്തന്നെ അവൾ യേശുവിനെ സംസ്കരിച്ച തോട്ടത്തിലേക്ക്, കല്ലറയിലേക്ക് ഓടിവന്നത്. അവളുടെ ആകെയുള്ള ആഗ്രഹം അല്പനേരം കരഞ്ഞുതീർക്കുക, ആ അന്തരീക്ഷത്തിൽ അല്പം ആശ്വാസം ഉള്ളിലുണ്ടാക്കിയെടുക്കുക എന്നതായിരുന്നു.

പക്ഷേ, അവൾ അവിടെ ഓടിയെത്തിയപ്പോൾ ഒരിക്കലും കാണാനാഗ്രഹിക്കാത്ത കാഴ്ചയാണു കണ്ടത്. കല്ലറ തുറന്നുകിടക്കുന്നു! കവാടത്തിലെ വലിയ പാറക്കല്ല് ഉരുട്ടിമാറ്റപ്പെട്ടിരിക്കുന്നു! സ്നേഹം മാത്രം ഉള്ളിൽ സൂക്ഷിച്ചെത്തിയ ആ സ്ത്രീ ആകെ പരിഭ്രമിച്ചുപോയി. പുലരിവെട്ടം വീഴുന്നതിനു മുമ്പുതന്നെ അവൾ തിരികെ ഓടിപ്പോയി ശിഷ്യന്മാരോടു പറഞ്ഞു: “നമ്മുടെ കർത്താവിനെ ആരോ മോഷ്ടിച്ചിരിക്കുന്നു!” (യോഹ 20:2).

മരണത്തിനുശേഷമുള്ള ഉത്ഥാനം ആദ്യം അനുഭവിച്ചത്, പണ്ട് പാപിനിയായിരുന്ന ഒരു പാവം സ്ത്രീ. എന്നാൽ, അവളുടെ ഈ അനുഭവത്തിന്റെ ശക്തമായ സാക്ഷ്യം അവൾ ഒരിക്കൽ തുറന്ന നാർദീൻ സുഗന്ധക്കുപ്പിയിലെ പരിമളംപോലെ ചരിത്രത്തിൽ പടർന്നു. പിന്നെയും ഇതുപോലുള്ള എത്രയോ അനുഭവസാക്ഷ്യങ്ങൾ!

യേശുവിനെ ഏറെ വെറുത്തിരുന്ന, ആ നാമം ഉന്മൂലനം ചെയ്യാൻ സർവശക്തിയുമുപയോഗിച്ചു പടപൊരുതിയ ഒരു സൈനികോദ്യോഗസ്ഥനാണ് ചരിത്രത്തിൽ പിന്നീട് ഏറ്റവും കൂടുതൽ കരുത്തോടെ ക്രിസ്തുവിനെ പ്രഘോഷിച്ചതും ഉത്ഥാനത്തിനു സാക്ഷ്യം വഹിച്ചതും. അതിനായി ഞെരുക്കങ്ങളും പീഡനങ്ങളും അവഹേളനങ്ങളും ഏറെ ഏറ്റുവാങ്ങി സാവൂൾ എന്ന പൗലോസ്.



ഞെട്ടിപ്പിക്കുന്ന ഈ വാർത്ത കേട്ട ശിഷ്യന്മാരിരുവരും, പത്രോസും യോഹന്നാനും, കല്ലറയിങ്കലേക്ക് ഓടി. അവരോടൊപ്പം അവളും. കല്ലറയിൽ കുനിഞ്ഞുനോക്കിയപ്പോൾ ശരീരം പൊതിഞ്ഞ കച്ച മാറിക്കിടക്കുന്നതും തലയിൽ കെട്ടിയിരുന്ന തൂവാല ചുരുട്ടിവച്ചിരിക്കുന്നതും കണ്ടു. മരണത്തിനു ശേഷം മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കുമെന്ന് ക്രിസ്തു പറഞ്ഞിരുന്നതൊന്നും അതുവരെ അവർ മനസ്സിലാക്കിയിരുന്നില്ല. അവർ ഇരുവരും തിരികെപ്പോയി.

എന്നാൽ, അവിടെനിന്നു പിരിഞ്ഞുപോകാൻ അവൾക്കു മനസ്സു വന്നില്ല. കാരണം, താൻ ഇത്രയധികം സ്നേഹിച്ച മറ്റൊരു പുരുഷൻ ലോകത്തിലുണ്ടായിരുന്നില്ല എന്നതുതന്നെ. പാപിനിയെന്നു പരക്കെ അവളെപ്പറ്റി പറയപ്പെട്ടിരുന്നുവെങ്കിലും നഷ്ടപ്പെട്ട ഈ കുഞ്ഞാടിനെ തേടിക്കണ്ടെത്തി മാറോടണച്ച ഇടയനായിരുന്നു അവൻ. അവൾ ആ തോട്ടത്തിൽ വിട്ടുപോവാനാകാതെ തനിച്ചുനിന്നു, സ്നേഹത്തിന്റെ ഒരു നിർമലശാഠ്യം ഉള്ളിലൊതുക്കിക്കൊണ്ട്.

അപ്പോഴാണ്, ആരോ പിന്നിൽനിന്ന് അവളെ പേരുചൊല്ലി വിളിച്ചത്: “മറിയം!” കരഞ്ഞുകരഞ്ഞ് കണ്ണുനീർ നിറഞ്ഞ ആ കണ്ണുകൾക്ക് ആളെ ആദ്യം തിരിച്ചറിയാനായില്ല. എന്നാൽ, തരളിതസ്നേഹം തുളുമ്പിനിൽക്കുന്ന ആ സുന്ദര ശബ്ദം കാതിനും കരളിനും പണ്ടേ പിടിച്ചുപോയതും എന്നും തിരിച്ചറിയുന്നതുമായിരുന്നു. അതൊന്നു കേൾക്കാൻ എത്രയോവട്ടം അവൾ വെമ്പൽപൂണ്ടിരുന്നു. അവളുടെ പ്രതിസ്പന്ദനം: ‘‘റബോനി’’– എന്റെ ഗുരോ! പിന്നീടുള്ള എല്ലാ പ്രഭാതത്തിനും മാറ്റുകൂട്ടിയ ഉദയക്കണിയായിരുന്നു ആ പുണ്യദർശനം.

ക്രിസ്തുവിന്റെ ആരവങ്ങളില്ലാത്ത ഉയിർപ്പ് ആദ്യം അങ്ങനെ അനുഭവിച്ചത് ഈ സാധുസ്ത്രീ. പരിത്യക്തരെയും പതിതരെയും തേടിവന്ന ക്രിസ്തുവിന്റെ കുരിശുമരണത്തിനുശേഷമുള്ള ഉത്ഥാനം ആദ്യം അനുഭവിച്ചത്, പണ്ട് പാപിനിയായിരുന്ന ഒരു പാവം സ്ത്രീ.

സംശയത്തിന്റെ ചെറുനിഴൽ പോലുമില്ലാതെ, എന്നാൽ, തികഞ്ഞ ബോധ്യത്തോടെ പൗലോസ് പറഞ്ഞു: “നിദ്ര പ്രാപിച്ച എല്ലാവരുടെയും ആദ്യഫലമായി ക്രിസ്തു മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർപ്പിക്കപ്പെട്ടു. ഒരു മനുഷ്യൻ വഴി മരണം ഉണ്ടായതുപോലെ ഒരു മനുഷ്യൻവഴി പുനരുത്ഥാനവും ഉണ്ടായി. വെല്ലുവിളിയുടെ സ്വരത്തിൽ തുടർന്ന് ഉദ്ഘോഷിച്ചു: ഞങ്ങൾതന്നെയും എന്തിന് സദാ സമയവും അപകടങ്ങൾ അനുഭവിക്കണം? എനിക്കുള്ള അഭിമാനത്തെ ആധാരമാക്കി, ഞാൻ പറയുന്നു. ഞാൻ പ്രതിദിനം മരിച്ചുകൊണ്ടിരിക്കുന്നു” (കൊറി. 15: 20, 21; 31). അനുദിനജീവിതത്തിൽ എല്ലാ ദുരിതങ്ങളും പീഡനങ്ങളും ഏറ്റുവാങ്ങിക്കൊണ്ടുതന്നെ, അദ്ദേഹം വ്യക്തമാക്കി: “ഞങ്ങൾ എല്ലാവിധത്തിലും ഞെരുക്കപ്പെടുന്നു; എങ്കിലും തകർക്കപ്പെടുന്നില്ല. പീഡിപ്പിക്കപ്പെടുന്നു; എങ്കിലും പരിത്യക്തരാകുന്നില്ല. അടിച്ചു വീഴ്ത്തപ്പെടുന്നു; എങ്കിലും, നശിപ്പിക്കപ്പെടുന്നില്ല(കൊറി. 4: 89).

ക്രിസ്തുവിന്റെ ഉത്ഥാനത്തിന്റെ ഫലമായി തന്റെ ഉള്ളിന്റെയുള്ളിൽ അനുഭവിച്ച കൃപയുടെ കരുത്ത് എല്ലാ പ്രതിസന്ധികളും പ്രശ്നങ്ങളും അഭിമുഖീകരിക്കാൻ ശക്തിയായി എന്ന് പൗലോസ് സാക്ഷ്യപ്പെടുത്തുന്നു: ‘‘വലിയ സഹനത്തിൽ, പീഡകളിൽ, അത്യാഹിതങ്ങളിൽ, മർദനങ്ങളിൽ, കാരാഗൃഹങ്ങളിൽ, വിശപ്പിൽ, ഞങ്ങൾ അഭിമാനിക്കുന്നു സദാ സന്തോഷിക്കുന്നു. മരിക്കുന്നവരെപ്പോലെയാണെങ്കിലും ഇതാ ഞങ്ങൾ ജീവിക്കുന്നു. ഒന്നുമില്ലാത്തവരെപ്പോലെയാണെങ്കിലും എല്ലാം ആർജിച്ചിരിക്കുന്നു”(കൊറി. 6: 4–10).

ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനു സാക്ഷ്യംവഹിച്ചുകൊണ്ട് പൗലോസ് പുരാതനഗ്രീസിലെത്തി. യവനദൈവങ്ങളുടെയും തത്ത്വജ്ഞാനികളുടെയും നാടായ ഏതൻസിൽ, ‘അജ്ഞാതദേവൻ’ എന്ന ലിഖിതം കണ്ടു. നിങ്ങൾക്ക് അജ്ഞാതനായ ഈ ദേവനാണ് ഉത്ഥിതനായ ക്രിസ്തുവെന്ന് ഉറച്ച ബോധ്യത്തോടെ ഉറക്കെ പ്രഖ്യാപിച്ചു. അതുപോലെ, അന്ത്യോക്യായിലും ജറുസലേമിലും കുരിശുമരണത്തിനുശേഷം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ പ്രഘോഷിച്ചു. അയാൾ പ്രകീർത്തിച്ച അതേ ക്രിസ്തു തന്നെ പ്രത്യക്ഷപ്പെട്ടു പറഞ്ഞു: “ധൈര്യമായിരിക്കുക. ജറുസലേമിൽ എന്നെക്കുറിച്ചു നീ സാക്ഷ്യം നല്കിയതുപോലെ തന്നെ, നീ റോമായിലും സാക്ഷ്യം നല്കേണ്ടിയിരിക്കുന്നു (നടപടി 23:11).

ഡമാസ്കസിലേക്കുള്ള യാത്രാമധ്യേ കുതിരപ്പുറത്തുനിന്നു വീഴുകയും ആ വീഴ്ചയിൽ ക്രിസ്തുവിനെ ദർശിക്കുകയും ചെയ്ത ആ അപ്പസ്തോലൻ ഉത്ഥിതനായ ക്രിസ്തുവുമായി ഏറെ അടുത്തു. ആ ജീവിതവുമായി താദാത്മ്യം പ്രാപിച്ചു. ഒരു സങ്കോചവുമില്ലാതെ പ്രഖ്യാപിച്ചു: “ഇനി ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്” (ഗലാ. 2:20).

ക്രിസ്തുവിന്റെ ഉത്ഥാനത്തിന്റെ സ്വാധീനം ഏറ്റവും ശക്തമായി അനുഭവിച്ച മറ്റൊരു വ്യക്തി ശിഷ്യപ്രമുഖനായ പത്രോസായിരുന്നു. മുമ്പേകൂട്ടി പറഞ്ഞിരുന്നെങ്കിൽപ്പോലും മൂന്നു പ്രാവശ്യം തന്റെ ഗുരുവിനെ ഉപേക്ഷിച്ച ചരിത്രമൊക്കെ ഉണ്ടെങ്കിൽപ്പോലും, യേശുവിന്റെ ഉയിർപ്പ് ആ മനുഷ്യനെ ആകെ മാറ്റിക്കളഞ്ഞു. പിന്നീട് എന്തൊരു കരുത്താണ് ആ മനസ്സിന്! എന്തൊരു ശക്തിയാണ് ആ വാക്കുകൾക്ക്! സംശയമെന്യേ പത്രോസ് പറഞ്ഞു: “നിങ്ങൾ മരത്തിൽ തറച്ചുകൊന്ന ക്രിസ്തുവിനെ ഇതാ ദൈവം പുനർജീവിപ്പിച്ചിരിക്കുന്നു. ഞങ്ങൾ അതിനു സാക്ഷികളാണ്” (നടപടി 2: 22–31). ഒരു സന്ദേഹവുമില്ലാത്ത സാക്ഷ്യം.

വിശ്വാസത്തിന്റെ ഈ കരുത്തുറ്റ സാക്ഷ്യം അടയാളങ്ങളും അദ്ഭുതങ്ങളുംകൊണ്ടു സമ്പന്നമായി. ഭിക്ഷ യാചിച്ചെത്തിയ തളർവാതരോഗിയോട്, ‘സ്വർണമോ വെള്ളിയോ എന്റെ പക്കലില്ല. ക്രിസ്തുവിന്റെ നാമത്തിൽ എഴുന്നേറ്റു നടക്കുക’ എന്നു പറഞ്ഞപ്പോൾ ആ മനുഷ്യൻ സൗഖ്യംപ്രാപിച്ചു. പത്രോസിന്റെയും അനുചരന്മാരുടെയും ഈ പ്രഘോഷണവും പ്രവർത്തനവും കണ്ട് അസൂയ തോന്നിയ അധികാരവൃന്ദം അവരെ കാരാഗൃഹത്തിലടച്ചു. പാറാവുനിന്ന കാവൽക്കാരെപ്പോലും അതിശയിപ്പിച്ച്, ജയിൽവാതിലുകൾ തുറക്കപ്പെടുകയും അവർ സ്വതന്ത്രരാക്കപ്പെടുകയും ചെയ്തു. അങ്ങനെ, ചരിത്രത്തിൽ ക്രിസ്തുവിന്റെ ഉത്ഥാനത്തിന്റെ സജീവസാക്ഷിയായി പത്രോസ്.

ആദിമനൂറ്റാണ്ടിൽത്തന്നെ എത്രയോപേർ ഉത്ഥിതനായ ക്രിസ്തുവിലുള്ള വിശ്വാസം ധീരതയോടെ സമൂഹമധ്യേ പ്രഖ്യാപിച്ചു; പ്രഥമ രക്തസാക്ഷിയായ സ്റ്റീഫൻ, വിശ്വാസദീപവുമായി ഭാരതത്തിലെത്തി രക്തസാക്ഷിമകുടം ചൂടിയ തോമസ്, മറ്റ് അപ്പസ്തോലന്മാരും രക്തസാക്ഷികളും. പിന്നീടുള്ള നൂറ്റാണ്ടുകളിലും ഈ സജീവസാക്ഷ്യത്തിന്റെ വീരചരിത്രം തുടരുന്നു.

എന്നാൽ, ഈ സാക്ഷ്യങ്ങൾക്ക് ഒരു മറുവശമുണ്ട്. വിശ്വസിക്കാൻ ഏറെ പ്രയാസമുള്ള ഒന്നാണ് യേശുവിന്റെ ഉത്ഥാനം എന്ന സംഭവം. പ്രത്യേകിച്ച്, വിമർശനാത്മകമായി ഈ യാഥാർഥ്യത്തെ നോക്കിക്കാണുന്ന ഒരു വ്യക്തിക്ക്. അസംഭവ്യമായ ഒരു അദ്ഭുതമായി ശിഷ്യന്മാർ രൂപപ്പെടുത്തിയെടുത്ത ഒരു കെട്ടുകഥയായി, സംശയങ്ങളും സന്ദേഹങ്ങളും നിറഞ്ഞ ഒരു വിശ്വാസപ്രമാണത്തിന്റെ ബാക്കിപത്രമായി ഉയിർപ്പിനെ കാണുന്ന അനേകം പേരും ചരിത്രംത്തിലുണ്ട്.

ദൈവം മരിച്ചു. ദൈവം മരിച്ചുതന്നെയിരിക്കുന്നു (God is dead. God remains dead) എന്നു പ്രഖ്യാപിച്ച ജർമൻ ഫിലോസഫർ ഫ്രെഡറിക് നീറ്റ്ഷെ ഒരു കാര്യം കൂടി ചേർത്തുപറഞ്ഞു: ‘‘ക്രിസ്ത്യാനികളിലെ ജീവിതപരിവർത്തനം എനിക്കു കാണാനായാൽ ക്രിസ്തുവിന്റെ ഉത്ഥാനത്തിൽ ഞാൻ വിശ്വസിക്കാം.’’ (I shall believe in the resurrection of Christ, when I see the transformation in Christians).

ഇംഗ്ലീഷ് സാഹിത്യകാരനും ചിന്തകനുമായ ബർട്രാന്റ് റസ്സലും ക്രിസ്ത്യാനികളെ വെല്ലുവിളിച്ചുകൊണ്ടു പറഞ്ഞതിതാണ്: “ക്രിസ്തുവിനാൽ വീണ്ടെടുക്കപ്പെട്ട ഒരു ജനതയായി നിങ്ങൾ അവകാശപ്പെടുന്നു. എന്നാൽ, വീണ്ടെടുപ്പിന്റെ ചൈതന്യം നിങ്ങളിൽ കാണാനാവുന്നില്ല” (You claim to be redeemed people, but you do not look redeemed!)

പ്രസിദ്ധ കത്തോലിക്കാദൈവശാസ്ത്രജ്ഞനായ തോമസ് അക്വിനാസ് എഴുതി: “ഉയിർപ്പിക്കപ്പെട്ട ശിഷ്യന്മാരാണ് ക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്നതിന്റെ ഏറ്റവും വലിയ തെളിവും സാക്ഷ്യവും” (Proof and witness).

ഫ്രാൻസിലെ പത്തേമാരികളിൽ അടിമകളാക്കപ്പെട്ടവർക്ക് അത്താണിയായ വിശുദ്ധ വിൻസെന്റ് ഡി പോളിനെപ്പോലെ, മോളോക്കൊ ദ്വീപിലെ കുഷ്ഠരോഗികളെ പരിചരിച്ചു കുഷ്ഠരോഗിയായി മരിച്ച ഫാ. ഡാമിയനെപ്പോലെ, കൽക്കത്താത്തെരുവിലെ അനാഥക്കുഞ്ഞുങ്ങളെ മാറോടു ചേർത്തു പരിപാലിച്ച മദർ തെരേസയെപ്പോലെ, ജീവിതത്തിൽ കാരുണ്യത്തിന്റെ കിനിവും ഹൃദയത്തിൽ സ്നേഹത്തിന്റെ ഊഷ്മളതയും ത്യാഗവും നിറഞ്ഞുനിൽക്കുമ്പോൾ കാൽവരിയിലെ മഹാത്യാഗത്തിലൂടെ ഉത്ഥിതനായ ക്രിസ്തു ഇന്നും ജീവിക്കും. ഈ സാക്ഷ്യമാണ് ഇന്ന് ഓരോ ക്രൈസ്തവനും ക്രിസ്തുവിനോടുള്ള പ്രതിബദ്ധതയും വെല്ലുവിളിയും.

■

# പുണ്യങ്ങളുടെ പവിഴമുല്ലസുഗന്ധം



ഡോ. ഫ്രാൻസീസ് ആലപ്പാട്ട്

**ലോ**കമെമ്പാടും വിവിധ മതവിശ്വാസികൾ നോമ്പിന്റെയും ഉപവാസത്തിന്റെയും പ്രാർഥനയുടെയും ത്രിവേണീസംഗമത്തിലാണ്. യേശുവിന്റെ പീഡാസഹനസ്മരണകളുമായി ക്രൈസ്തവർ വലിയനോമ്പിലും, റമദാൻ പ്രാർഥനകളുമായി ഇസ്ലാം സഹോദരങ്ങൾ റമദാൻ വ്രതത്തിലും, മീനമാസപൂജയും ഉത്സവങ്ങളുമായി ഹൈന്ദവസഹോദരങ്ങൾ ശബരീശന്റെ സന്നിധിയിലും പ്രാർഥനയിൽ ഒന്നാകുന്ന അവസരം. ചുരുക്കത്തിൽ, തുളസീഗന്ധവും അത്തറിന്റെ നറുമണവും കുന്തിരിക്കത്തിന്റെ വിശുദ്ധീകരണസുഗന്ധവും ഓരോ മനസ്സിൽനിന്നും ഒരുമിച്ചുയരുന്ന ഒരു കാലഘട്ടം. ഈ വേളയിൽ അവശ്യം മനസ്സിൽ സൂക്ഷിക്കേണ്ടത് സ്വാർഥത അശേഷം തീണ്ടാത്ത കരുണാഭാവമാണ്. ക്ഷമിക്കാനും ക്ഷമ ചോദിക്കാനും അങ്ങനെ ജീവിതപുസ്തകത്തിൽ ശുഭ്രമായ ഒരു പേജ് പ്രാർഥനാപൂർവം തുറക്കാനുമുള്ള അവസരം. ചില പോരായ്മകളോട് എന്നേക്കും വിട പറയേണ്ട കാലം. പുതിയ ജീവിതരീതിക്കു വാതിൽ തുറക്കേണ്ട കാലം. ചിന്തയാലോ വാക്കാലോ പ്രവൃത്തിയാലോ ആരെയും വേദനിപ്പിക്കാത്ത ഒരു കാലമായിരിക്കണമത്.

ജാഗ്രതയുടെ ഈ കാലഘട്ടത്തിൽ ഒരു പൊതുതിന്മപോലും രേഖപ്പെടുത്താൻ ഇടയാകരുത്. 2023 ലെ സ്ഥിതിവിവരണക്കണക്കനുസരിച്ച്, കേരളത്തിൽമാത്രം 20,569 കുറ്റകൃത്യങ്ങളാണു രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഏറ്റവും കൂടുതൽ ഉത്തർപ്രദേശിലാണ്. ദില്ലിയിൽ ഒരു ലക്ഷം ജനസംഖ്യയിൽ 1518 പേർ കുറ്റകൃത്യങ്ങളിൽ പിടിക്കപ്പെടുന്നു. നിശ്ശബ്ദകൊലപാതകമായ ഗർഭച്ഛിദ്രം അഹിംസയുടെ ഈറ്റില്ലമായ ഭാരതത്തിൽ 2023 വർഷത്തിൽ 1.6 കോടിയാണ്! ഭാരതത്തിൽ സൈബർ



ക്രൈംകേസുകൾ അനുനിമിഷമാണു വർധിച്ചുവരുന്നത്. ചുരുക്കത്തിൽ, കുറ്റങ്ങളുടെ അഗ്നികുണ്ഡത്തിലേക്കാണു നാം പാഞ്ഞുകൊണ്ടിരിക്കുന്നത്.

സ്വന്തം വ്യക്തിത്വത്തിന്റെ നിയന്ത്രിക്കാനാവാത്ത സ്വാർഥ-രഹസ്യമോഹങ്ങളാണ് കുറ്റകൃത്യങ്ങളുടെ അടിസ്ഥാനം. സമൂഹം അപകടത്തിലേക്കു നീങ്ങുമ്പോഴും നാമോരോരുത്തരും അതിൽ പങ്കാളികളാണെന്ന കാര്യം വിസ്മരിക്കരുത്. തന്റെ ഭാര്യയുടെ സ്വർണാഭരണമോഹങ്ങളടക്കം കാര്യങ്ങൾ നിർവഹിക്കാനാണ് താൻ വഴിയാത്രക്കാരെ കൊന്നു കൊള്ളചെയ്യുന്നത് എന്നു ന്യായീകരിച്ച വാല്മീകിക്ക് ഇതിന്റെ ശിക്ഷകൂടി ഭാര്യ ഏറ്റെടുക്കുമോ എന്ന ചോദ്യത്തിനുമുമ്പിലാണു ബോധോദയമുണ്ടായി തപസ്സിന്റെ ചിതൽപ്പുറ്റിലൂടെ യാഥാർഥ്യത്തിന്റെ മൂന്നാംകണ്ണു തുറന്നുകിട്ടിയത്.

ചില കാര്യങ്ങൾ ത്യജിക്കേണ്ടിവരുമ്പോൾ ഉണ്ടാകുന്ന നോവാണു നോമ്പ്. പാപപങ്കിലമായിരുന്ന ഭൂതകാലത്തിലേക്കു തിരിഞ്ഞുനോക്കാതെ നന്മയുടെ വെൺമയിലേക്കുള്ള ഒരു തീർഥാടനമാകട്ടെ നോമ്പുകാലം. ഈ യാത്ര ശബരിമലയിലേക്കായാലും കാൽവരിമലയിലേക്കായാലും മക്കയിലേക്കായാലും ലോകം നവീകരിക്കപ്പെടും. നമ്മുടെ ബന്ധങ്ങളിൽനിന്നു മൂന്നു മതസ്ഥരും നോമ്പിൽ ഒന്നാകുന്ന ഈ വേളയിൽ കൽക്കരിക്കട്ടകളാകുന്ന നാം വൈഡൂര്യശോഭയിലേക്കു പ്രവേശിക്കട്ടെ.

"ഈശ്വരചിന്തയിതൊന്നേ മനുഷ്യനു
ശാശ്വതമീയുലകിൽ" നമ്മുടെ പ്രിയപ്പെട്ട കവി കമുകറ എവിടെനിന്നോ മൂളുന്നു.

വ്രതത്രയത്തിൽ മനുഷ്യർ ഈശ്വരനിൽ ഒന്നാകുമ്പോൾ കാണേണ്ട നല്ല കാര്യങ്ങളല്ല ഇപ്പോൾ കാണുന്നത്. മക്കളെ കൊലചെയ്ത് ആത്മഹത്യ ചെയ്യുന്ന മാതാപിതാക്കൾ, കാമുകിയെ മാരകമായി വാളുകൊണ്ട് അരിയുന്നവർ, സഹപാഠിയെ തല്ലിക്കൊല്ലുന്ന പ്രഫഷണൽ വിദ്യാർഥികൾ, വഴിവിട്ട ബന്ധത്തിൽനിന്നു ജനിക്കുന്ന കുഞ്ഞിനെ വീടിന്റെ തറയിലും പറമ്പിലെ പാഴ്ചെടികൾക്കിടയിലും കുഴിച്ചുമൂടുന്നവർ... പട്ടിക നീളുന്നു. റംസാൻ കാലത്തുപോലും വെടിനിർത്തലില്ലാത്ത ഗാസയും റഷ്യ-യുക്രെൻ യുദ്ധവും.

ലോകജനസംഖ്യയുടെ പകുതിയിലേറെ ഭാഗം പ്രാർഥനയിൽ മുഴുകുന്ന ഈ കാലത്തെങ്കിലും സ്നേഹത്തിന്റെയും സഹിഷ്ണുതയുടെയും സുഗന്ധം ലോകത്തിൽ വ്യാപിക്കട്ടെയെന്നു പ്രാർഥിക്കാം. ■

# നിങ്ങൾക്കു സമാധാനം!

1-ാം പേജ് തുടർച്ച

ഒരു ക്രൈസ്തവൻ ലോകത്തിനു കൈമാറുന്ന സന്ദേശം ഉത്ഥാനത്തിന്റെ സന്ദേശമാണ്. എന്തൊക്കെ പ്രതിസന്ധികളുണ്ടായാലും, എന്തൊക്കെ അസ്വസ്ഥതകളുടെ നടുവിലായാലും, എന്റെയും നിങ്ങളുടെയും കൈകളിൽ സൂക്ഷിക്കേണ്ട ഒരു പതാകയുണ്ട്: വിജയശ്രീലാളിതനായി ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ പതാക. കർത്താവു നമുക്കു നല്കുന്ന സമാധാനം മറ്റുള്ളവർക്കുകൂടി കൊടുക്കാനുള്ളതാണ്. നമ്മുടെ കുർബാനയിൽ, 'സമാധാനം നമ്മോടുകൂടെ' എന്ന് എത്ര പ്രാവശ്യമാണ് നാം പറയുന്നത്! സമാധാനത്തിന്റെ സന്ദേശം കൈമാറാൻ കഴിയുന്നവർക്കാണ് വിശ്വാസം ജീവിതത്തിൽ പ്രായോഗികമാക്കാൻ കഴിയുക. ജീവിതത്തിന്റെ ഏറ്റവും വലിയ വെല്ലുവിളി എന്നു പറയുന്നത് സമാധാനം ആസ്വദിക്കാനും മറ്റുള്ളവർക്കു കൊടുക്കാനും കഴിയുക എന്നതാണ്. അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ് ഇങ്ങനെ പ്രാർഥിച്ചു: "എന്നെ നിന്റെ സമാധാനത്തിന്റെ ഉപകരണമാക്കണമേ. എവിടെയാണോ അന്ധകാരം, അവിടെ ഞാൻ പ്രകാശം പരത്തട്ടെ. എവിടെയാണോ അസ്വസ്ഥത, അവിടെ ഞാൻ ശാന്തി പകരട്ടെ. എവിടെയാണോ കൊടുങ്കാറ്റ്, അവിടെ ഞാൻ കുളിർത്തെന്നലാകട്ടെ. എവിടെയാണോ കാർമേഘം, അവിടെ ഞാൻ തെളിഞ്ഞുകാണട്ടെ."

സമാധാനം കൈമാറാനുള്ള നമ്മുടെ ഉത്തരവാദിത്വമാണ് ഉത്ഥാനത്തിരുനാൾ നമുക്കു നല്കുന്നത്. സമാധാനമില്ലാത്ത ലോകം, സമാധാനമില്ലാത്ത സമൂഹങ്ങൾ, സമാധാനമില്ലാത്ത കുടുംബങ്ങൾ, സമാധാനമില്ലാത്ത വ്യക്തികൾ... ഇവിടെയൊക്കെ ഉത്ഥാനത്തിരുനാളിനു നല്കാനുള്ള ഏകസന്ദേശം, നിങ്ങളുടെ കഷ്ടപ്പാടുകളുടെ നടുവിൽ കർത്താവിന്റെ സമാധാനം നിങ്ങൾക്കു കരഗതമാകും എന്നുള്ളതാണ്. കർത്താവിന്റെ സമാധാനത്തിനുവേണ്ടി നമുക്കു പ്രാർഥിക്കാം. സമാധാനം കൈമാറുന്ന ഉപകരണങ്ങളായി നാം തീരുന്നില്ലെങ്കിൽ നമ്മുടെ ക്രൈസ്തവവിശ്വാസത്തിനു സമൂഹമധ്യത്തിൽ അർഥമോ മൂല്യമോ ഇല്ല.

നമ്മൾ എല്ലായിടത്തും തോറ്റുകൊടുക്കുന്നവരാണ്. മാനസികമായി കണക്കു കൂട്ടിയാൽ നാം പലപ്പോഴും വിജയിക്കുന്നതിനെക്കാൾ കൂടുതലായി തോൽക്കുന്നവരാണ്. തോൽവി ഉത്ഥാനത്തിന്റെ ആരംഭമാണ്. തോൽക്കുന്നിടത്താണ് ഉത്ഥാനം വിജയക്കൊടി പാറിക്കുന്നത്. ഈ കാലഘട്ടം ഒരുപാട് അസ്വസ്ഥമാണ്. സാമ്പത്തികമായി വളരെ കഷ്ടനഷ്ടങ്ങൾ നമുക്കുണ്ട്. സാമുദായികമായി ഒരുപാടു വിഭജനങ്ങളുണ്ട്. സഭാത്മകമായും ധാരാളം കഷ്ടപ്പാടുകളും കണ്ണീരുമൊക്കെയുണ്ട്. ഇതിന്റെ നടുവിലും ഒരു പുതിയ ഉത്ഥാനത്തിരുനാൾ നാം ആഘോഷിക്കുകയാണ്. തുറക്കപ്പെട്ട കല്ലറയും ഉരുട്ടിമാറ്റപ്പെട്ട കല്ലുകളും കാണുന്നവരും അതു കാണാൻ മറ്റുള്ളവരെ ക്ഷണിക്കുന്നവരുമാണ് ക്രൈസ്തവർ.

ഉത്ഥാനത്തിരുനാൾ നാം കൊണ്ടാടുമ്പോൾ അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ പ്രാർഥന നമ്മൾ പ്രായോഗികമാക്കണം: കർത്താവേ, എന്നെ നിന്റെ സമാധാനത്തിന്റെ ഉപകരണമാക്കണമേ. ■

# മാർ ജോസഫ് പവ്വത്തിൽ സഭയുടെ ഉഷഃകാലനക്ഷത്രം

## മാർ റാഫേൽ തട്ടിൽ



*ആർച്ചുബിഷപ് മാർ ജോസഫ് പവ്വത്തിലിന്റെ ഒന്നാം ചരമവാർഷികദിനത്തിൽ ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയിലെ കബറിടത്തിൽ നടന്ന പ്രാർഥനാശുശ്രൂഷയിൽ സീറോ മലബാർ സഭാ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ, കർദിനാൾ മാർ ജോർജ് ആലഞ്ചേരി, ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം, മാർ ജോർജ് കോച്ചേരി, മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോസ് പുളിക്കൽ, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, മാർ ജോർജ് രാജേന്ദ്രൻ, മാർ തോമസ് തറയിൽ, മാർ തോമസ് പാടിയത്ത് എന്നിവർ.*

ചങ്ങനാശേരി: ആർച്ചുബിഷപ് മാർ ജോസഫ് പവ്വത്തിൽ സീറോ മലബാർ സഭയുടെ സൂര്യോദയം പ്രഖ്യാപിക്കാൻ കടന്നുവന്ന ഉഷഃകാലനക്ഷത്രമാണെന്ന് സീറോ മലബാർ സഭാ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ.

മാർ ജോസഫ് പവ്വത്തിലിന്റെ ഒന്നാം ചരമവാർഷികദിനത്തിൽ ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ നടന്ന അനുസ്മരണ വിശുദ്ധ കുർബാനമധ്യേ സന്ദേശം നൽകുകയായിരുന്നു മേജർ ആർച്ചുബിഷപ്. സീറോമലബാർ സഭയുടെ നഷ്ടപ്പെട്ട പൈതൃകങ്ങളെ വീണ്ടെടുക്കുന്നതിനൊപ്പം ഭാരതത്തിലും ലോകത്താകമാനവുമുള്ള സഭയുടെ വളർച്ചയ്ക്കു പിന്നിലും കർമധീരതയോടെ മാർ ജോസഫ് പവ്വത്തിൽ പ്രവർത്തിച്ചു. കാഞ്ഞിരപ്പള്ളി രൂപതയുടെയും ചങ്ങനാശേരി അതിരൂപതയുടെയും വളർച്ചയ്ക്കു പിന്നിൽ കർമയോഗിയായ മാർ ജോസഫ് പവ്വത്തിലിന്റെ കഠിനാധ്വാനങ്ങളാണെന്നും അദ്ദേഹത്തിന്റെ ജീവിതപരിമളം സീറോ മലബാർ സഭയുടെ സുഗന്ധമാണെന്നും മേജർ ആർച്ചുബിഷപ് കൂട്ടിച്ചേർത്തു.

കർദിനാൾ മാർ ജോർജ് ആലഞ്ചേരി, ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം, ആർച്ചുബിഷപ് മാർ ജോർജ് കോച്ചേരി, മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോസ് പുളിക്കൽ, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, മാർ ജോർജ് രാജേന്ദ്രൻ, മാർ തോമസ് തറയിൽ, മാർ തോമസ് പാടിയത്ത്, മാർ മാത്യു അറയ്ക്കൽ, അതിരൂപതയിലെ വൈദികർ എന്നിവർ വിശുദ്ധ കുർബാനയ്ക്കു സഹകാർമികരായിരുന്നു.

**അറിയിപ്പ്**

ഈസ്റ്റർ പ്രമാണിച്ച് ഓഫീസ് അവധിയായതിനാൽ അടുത്തയാഴ്ച ദീപനാളം പ്രസിദ്ധീകരിക്കുന്നതല്ല.

– പത്രാധിപർ



കഥ

# കാൽവരിയിലെ സൂര്യൻ

അനിൽ ജെ. തയ്യിൽ

പ്രാർഥനയ്ക്കുശേഷം മുറ്റത്തുനിൽക്കുന്ന പുത്രനെ നോക്കി വാതിൽപ്പടി ചാരിനിൽക്കേ ഗലീലിയിലെ സന്ധ്യയ്ക്കു ചുവപ്പുനിറം കൂടുതലാണെന്ന് മറിയത്തിനു തോന്നി. അവളുടെ ചുണ്ടുകൾ നിശ്ശബ്ദമായി സങ്കീർത്തനം ഉരുക്കഴിച്ചു. സന്ധ്യയുടെ നേർത്ത കാറ്റിൽ യേശുവിന്റെ മുടിയിഴകൾ നിരതെറ്റിപ്പടർന്നു. മുനിഞ്ഞുകത്തുന്ന വിളക്കിന്റെ വെളിച്ചത്തിൽ ആ മുഖം ചുവന്നിരുന്നു. യേശുവിന്റെ മുഖം അസാധാരണമാം വിധം അശാന്തമാണോയെന്ന് മറിയം ചിന്തിച്ചു.

‘‘അത്താഴത്തിനു സമയമായോ നിനക്ക്?” മറിയം ചോദിച്ചു.

“അല്പം കഴിയട്ടെ...”

ഒന്നു നിർത്തിയിട്ട് യേശു തുടർന്നു:

“ജറുസലെമിലേക്കു പോകാൻ ഒരുങ്ങുകയാണു ഞാൻ.”

മറിയത്തിന്റെ കണ്ണുകളിലേക്കു നോക്കിക്കൊണ്ടാണ് യേശു പറഞ്ഞത്.

ഒരാശങ്കയിൽ മറിയത്തിന്റെ കണ്ണുകൾ ചുരുങ്ങി. സ്തോഭം പുറത്തുകാണിക്കാതെ ശിരോവസ്ത്രം ഒതുക്കിവച്ചുകൊണ്ടിരുന്ന അവളുടെ വിരലുകൾ പതറി.

‘‘ജറുസലെമിലേക്കുള്ള യാത്ര... അറസ്റ്റുണ്ടാവാൻ സാധ്യതയുണ്ടെന്ന് ഇന്നലെ ആരോ പറയുന്നതു കേട്ടു... അവിടിപ്പോൾ നിന്റെകൂടെ നിൽക്കാൻ ഗലീലിയക്കാർ കുറവായിരിക്കും. പെസഹാ വരുന്നതുകൊണ്ട് നല്ല തിരക്കുമാവും... അറസ്റ്റുണ്ടായാൽ ഉടനെ ഞാനും പിന്നെ...”

ആശങ്കയുടെ അർധോക്തിയിൽ മറിയം നിർത്തി.

‘‘തിരിച്ചുവരുന്ന കാര്യം അല്ലേ?” യേശു പുഞ്ചിരിയോടെ ചോദിച്ചു.

‘‘തിരിച്ചുവരുന്ന കാര്യമൊന്നും പറയാൻ പറ്റില്ല അമ്മേ... അമ്മയും ഒരുങ്ങിക്കോളൂ... നാളെ രാവിലെ പുറപ്പെടണം.”

‘‘ജറുസലെമിൽ വന്നിട്ട് ഞാൻ...”

“ജറുസലെമിലേക്ക് ഇപ്പോൾ വേണ്ട... അമ്മയെ ബഥാനിയായിൽ മാർത്തയുടെ വീട്ടിലാക്കിയിട്ടേ ഞാൻ പോകൂ... അമ്മയിവിടെ ഒറ്റയ്ക്ക്... അതു ശരിയാവില്ല.”



മറിയം തലയാട്ടി. കണ്ണുകളിൽ വേദനയുടെ ഒരു മിന്നലൊളി മറഞ്ഞു. അമർത്തിക്കടിച്ചുപിടിച്ച ചുണ്ടുകളിൽ പല്ലുകളമർന്നു പൊട്ടുമെന്നു തോന്നി.

“ഞാനൊന്നു നടന്നിട്ടുവരാം.”

യേശു പടികടന്ന് തെരുവിലേക്കു നടന്നു. മകൻ കൺമുമ്പിൽനിന്നു മറഞ്ഞപ്പോൾ മറിയം നിലത്തേക്കൂർന്ന് മുട്ടുകാലിൽ മുഖം പൂഴ്ത്തിയിരുന്നു. മുമ്പും ഭയന്നോടിയിട്ടുണ്ട്.

പ്രസവത്തിന്റെ വേദന മായുംമുമ്പേ കുരുന്നുജീവൻ രക്ഷിക്കാൻ ജോസഫിന്റെ കരങ്ങളിൽചേർന്നുള്ള പലായനം. ഹെബ്രോൺ കടന്ന് അങ്ങു ഗാസയിലെത്തിയപ്പോഴാണ് സമാധാനമായി ഒരിറ്റു വെള്ളമോ ഒരിറക്കു ഭക്ഷണമോ ഉള്ളിൽചെല്ലുന്നത്.

അലറിയടുക്കുന്ന വാൾമുനകൾമാത്രമായിരുന്നു ഉള്ളുനിറയെ.

പിന്നെ, ഈജിപ്തിൽ ആശങ്കകളൊഴിയാത്ത അജ്ഞാതവാസം. വീണ്ടും തിരികെ ഇവിടെ...

ഇനി കാത്തിരിക്കുന്ന വേദന എത്രത്തോളം താങ്ങാനാവും?

തീവ്രവേദനയുടെ മുൾപ്പടർപ്പിൽ അങ്ങനെ എത്രനേരം കിടന്നുവെന്ന് മറിയം അറിഞ്ഞില്ല. എപ്പോഴോ പുറത്തുനിന്ന് കാലിൽ വെള്ളമൊഴിച്ചു കഴുകുന്ന സ്വരം കേട്ട് അവൾ തിടുക്കത്തിൽ എഴുന്നേറ്റു. ശിരോവസ്ത്രം നേരെയാക്കി, മുഖം തുടച്ചു. മേശമേൽ അത്താഴം വിളമ്പി.

അത്താഴമേശയിലിരുന്ന യേശു മറിയത്തിന്റെ കൈപിടിച്ചു.

“ഇന്ന് അമ്മയും ഒപ്പമിരിക്ക്... ഒരുമിച്ചു കഴിക്കാം.”

ഒപ്പമിരുന്ന മറിയം വേദന പടർന്ന പുഞ്ചിരിയോടെ മകനെ നോക്കി.

“നിന്നെക്കുറിച്ച് ആധിയൊടുങ്ങുന്നില്ലല്ലോ മകനേ...”

യേശു കുസൃതി നിറഞ്ഞ പുഞ്ചിരിയോടെ അപ്പമടർത്തി വായിൽവച്ചു. മറിയത്തിന്റെ മനസ്സ് അപ്പോൾ ദൈവാലയത്തിൽ യേശുവിനെ കാണാതായ ദിനങ്ങളിലായിരുന്നു. അനുഭവിച്ച ആധിയുടെ ആഴങ്ങളിൽ ശ്വാസം നിലച്ചപോലെയിരുന്നു അന്ന്. വേദനയിൽ ചോര വാർന്നൊഴുകുന്ന ഹൃദയവുമായി അന്നലഞ്ഞത്... ഒടുവിൽ ദൈവാലയത്തിൽ കണ്ടെത്തിയത്... ഇനിയൊരു കണ്ടെത്തലുണ്ടാവുമോ? എന്താണു സംഭവിക്കാൻ പോകുന്നതെന്ന് അവനു നന്നായി അറിയാം. പക്ഷേ, ഒന്നും പറയില്ല.

ഉറക്കമകന്ന കൺപോളകൾ ചിമ്മിക്കിടന്ന മറിയത്തിന്റെ ഹൃദയം ചിറകൊടിഞ്ഞ പക്ഷിയെപ്പോലെ തളർന്നു. ജോസഫിന്റെ മരണം സൃഷ്ടിച്ച ശൂന്യത തന്നെ എത്രത്തോളം ദുർബലയാക്കുന്നുവെന്ന് മറിയം അപ്പോൾ തിരിച്ചറിയുകയായിരുന്നു. ഒന്നു ചേർന്നിരുന്നു കരയാൻപോലും ആരുമില്ല.

പുലർച്ചെ കഴുതപ്പുറത്ത് ഭാണ്ഡം മുറുക്കിക്കൊണ്ടിരുന്ന യേശുവിന്റെ ചുമലിൽ മറിയം തൊട്ടു.

“അവരാരുമില്ലേ?”

ശിഷ്യന്മാരെക്കുറിച്ചാണ്. ബെഥാനിയായിലേക്കുള്ള യാത്രയെക്കുറിച്ചുമാത്രമല്ല അമ്മ ചോദിച്ചത് എന്ന് യേശുവിനു മനസ്സിലായി. ജറുസലെമിനു താൻ തനിച്ചാണോ പോകുന്നത് എന്ന ആശങ്ക... ബലം കൊടുക്കാനെന്നവണ്ണം യേശു മറിയത്തിന്റെ കൈകളിൽ അമർത്തിപ്പിടിച്ചു.

‘‘അവർ ബഥാനിയായിൽ ചേരും. അതുവരെ നമ്മൾ മതി.”

യേശു മറിയത്തെ എടുത്ത് കഴുതപ്പുറത്തിരുത്തി. കുളിരാർന്ന മഞ്ഞിൽ നസ്രത്തിലെ ഭവനം അവർക്കു പിന്നിൽ മറഞ്ഞകന്നു.

ബഥാനിയായിൽ മർത്തയും മറിയവും ഭക്ഷണമൊരുക്കി കാത്തിരുന്നു. എല്ലാം നേരത്തേ പറഞ്ഞൊരുക്കിയിട്ടാണ് യേശു തന്നെ ഇങ്ങോട്ടു കൊണ്ടുവന്നതെന്ന് മറിയത്തിനു മനസ്സിലായി.

യേശു ജറുസലെമിലേക്കു പോകാനൊരുങ്ങവേ, ലാസറിനെ കെട്ടിപ്പിടിച്ച് യാത്ര പറയുമ്പോഴും അവന്റെ കണ്ണുകൾ കരുണയോടെ തന്റെ നേർക്കായിരുന്നുവെന്ന് മറിയം തിരിച്ചറിഞ്ഞു. യേശു നടന്നകലുമ്പോൾ അവന്റെ പാദങ്ങളിൽ പുരണ്ട മൺതരികൾപോലും എത്ര സ്നേഹത്തോടെയാണ് അവിടെ പറ്റിച്ചേർന്നിരിക്കുന്നതെന്ന് അവൾക്കു തോന്നി.

ഉള്ളിൽ ആകുലതയുടെയും അസ്വസ്ഥതയുടെയും നെരിപ്പോടെരിയുമ്പോൾ മറിയം സങ്കീർത്തനങ്ങളിൽ ശാന്തയാകാൻ ശ്രമിച്ചു. യേശു രാജകീയമായി ജറുസലെമിൽ പാദങ്ങൾ ചവിട്ടി എന്നു കേട്ടപ്പോൾ മറിയം ഒന്നു നെടുവീർപ്പിട്ടു. കണ്ണുകളുയർത്തി ആകാശത്തേക്കു നോക്കി. ദൈവമേ...

മകനു പിറകേ ജറുസലെമിലേക്കുള്ള യാത്രയ്ക്ക് മറിയം ഒരുങ്ങവേ ബഥാനിയാ ശാന്തമായിരുന്നു. അങ്ങകലെ കാൽവരിയിൽ അപ്പോൾ സൂര്യൻ ചുവക്കുന്നത് അവൾ കണ്ടില്ല.




വിലക്കുറവ് എവിടെ?
Best Quality Material
ഞങ്ങളുടെ വസ്ത്രങ്ങളുടെ വിലയും ക്വാളിറ്റിയും
മറ്റുള്ളവരുടെ വിലയും ക്വാളിറ്റിയുമായി താരതമ്യം ചെയ്യൂ..
എന്നിട്ടു മനസ്സിലാക്കൂ... യഥാർത്ഥ വിലക്കുറവ്
angelform SINCE 1966 | JOCKEY | VSTAR | KITEX | Siyaram's PREMIUM SUITINGS & SHIRTINGS | Raymond
ചെറുപുഷ്പം
മെയിൻ റോഡ്, പാലാ
Ph: 212378

# പുതുജീവന്റെ ആനന്ദമുഹൂർത്തം



ഡോ. പോൾ മണലിൽ

പത്മോസ് ദ്വീപിൽ വേറാക്കൂറനുഭവിച്ച് കടുത്ത നൈരാശ്യത്തിൽക്കഴിയുമ്പോൾ യോഹന്നാൻ ശ്ലീഹായ്ക്ക് അദ്ഭുതകരമായ ഒരു ദർശനമുണ്ടായി. നാടുകടത്തപ്പെട്ടവന്റെ സങ്കടത്തിലായിരുന്ന യോഹന്നാന്റെ മുമ്പിൽ ഉത്ഥിതനായ ഈശോ നില്ക്കുന്നു! അതൊരു ആനന്ദമുഹൂർത്തമായിരുന്നു. ഈശോയുടെ തുടർന്നുള്ള വാക്കുകൾക്കു വലിയൊരു മുഴക്കമുണ്ടായിരുന്നു. വെളിപാടു പുസ്തകം ഒന്നാം അധ്യായത്തിലെ ആ വാക്കുകൾ ഇപ്രകാരമായിരുന്നു:

"ഞാൻ മരിച്ചവനായിരുന്നു. എന്നാൽ ഇതാ, എന്നന്നേക്കും ജീവിച്ചിരിക്കുന്നു. മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുണ്ട്."

ഏതൊരു മനുഷ്യനും ആവേശവും ആഹ്ലാദവും പകരുന്ന ഒരു സന്ദേശമാണിത്. പുതുജീവന്റെയും പുതുശക്തിയുടെയും ദിവ്യമായ മന്ത്രമാണ് ഉത്ഥിതനായ ഈശോ യോഹന്നാനു നൽകിയത്. യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിൽ വിശ്വസിക്കുന്ന എല്ലാ മനുഷ്യർക്കും അനുഭവവേദ്യമാകുന്ന ഒരു സന്ദേശമാണിത്. തിന്മയുടെ മേൽ നന്മയുടെ വിജയം സാധ്യമാണെന്ന ഒരു വലിയ ചിന്ത ഈ സന്ദേശം പ്രദാനം ചെയ്യുന്നുണ്ട്. അതിനാൽ, ഉത്ഥിതനായ ഈശോ മനുഷ്യന്റെ എല്ലാ ഭഗ്നാശകൾക്കും ഒരു പരിഹാരമാണ്. മാനവരാശിക്കു മോചനവും പുതുജീവനും നൽകുന്നു, ഈ അനർഘമായ ഉത്ഥാനം.

പുതുജീവന്റെയും പുതുശക്തിയുടെയും മന്ത്രങ്ങളായി മാറുന്ന മറ്റു ചില വചനങ്ങൾ കൂടി പുതിയനിയമത്തിലുണ്ട്. യോഹന്നാന്റെ സുവിശേഷം പതിനൊന്നാം അധ്യായത്തിൽ ലാസർ മരിച്ച വാർത്ത അറിഞ്ഞിട്ട് ആ വസതിയിലെത്തിയ യേശു മർത്തയോടു പറയുന്നതിങ്ങനെ: "ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും."

അപ്പസ്തോലനായ പൗലോസ് ഫിലിപ്പിയർക്കെഴുതിയ ലേഖനം ഒന്നാം അധ്യായത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു:

"അങ്ങനെ ഞാൻ ഒന്നിലും ലജ്ജിച്ചുപോകാതെ പൂർണ ധൈര്യംപൂണ്ട് ക്രിസ്തു എന്റെ ശരീരത്തിങ്കൽ ജീവനാൽ ആകട്ടെ, മരണത്താൽ ആകട്ടെ എപ്പോഴും എന്നപോലെ ഇപ്പോഴും മഹിമപ്പെടുകയേയുള്ളൂ എന്നു പ്രതീക്ഷിക്കുകയും പ്രത്യാശിക്കുകയും ചെയ്യുന്നു. എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു."

തിമോത്തെയോസിന് എഴുതിയ രണ്ടാം ലേഖനം ഒന്നാം അധ്യായത്തിൽ അപ്പസ്തോലനായ പൗലോസിന്റെ വാക്കുകൾ ഇങ്ങനെ: "സകലകാലത്തിനും മുമ്പേ ക്രിസ്തുയേശുവിൽ നമുക്കു നൽകിയിരിക്കുന്നതും ഇപ്പോൾ മരണം നീക്കുകയും സുവിശേഷംകൊണ്ടു ജീവനും അക്ഷയത്വവും വെളിപ്പെടുത്തുകയും ചെയ്ത നമ്മുടെ രക്ഷിതാവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയാൽ വെളിപ്പെട്ടിരിക്കുന്നതുമായ തന്റെ സ്വന്തനിർണയത്തിനും കൃപയ്ക്കും ഒത്തവണ്ണമത്രേ."



എബ്രായർക്ക് എഴുതിയ ലേഖനം രണ്ടാം അധ്യായത്തിൽ എഴുതിയിരിക്കുന്നത് ഇപ്രകാരം: "മക്കൾ ജഡരക്തങ്ങളോടുകൂടിയവർ ആകുകകൊണ്ട് അവനും അവരെപ്പോലെ ജഡരക്തങ്ങളോടു കൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു."

പുതിയ നിയമത്തിലെ ഈ വചനത്തിൽനിന്നു നമ്മൾ തിരഞ്ഞെടുക്കേണ്ട രണ്ടു താക്കോൽവാക്കുകളുണ്ട്: ഒന്ന്, മരണം; രണ്ട്, ജീവൻ. ഈസ്റ്റർ പ്രഘോഷിക്കുന്ന ആശയത്തെ സമർഥിക്കുന്നതാണീ വാക്കുകൾ. ക്രിസ്തീയവിശ്വാസത്തിന്റെ ആണിക്കല്ലെന്നു പറയുന്നത് യേശുവിന്റെ ഉയിർപ്പാണ്.

ക്രൂശിൽ മരിച്ച ക്രിസ്തുവിലോ ഉത്ഥാനം ചെയ്യാത്ത ക്രിസ്തുവിലോമാത്രമുള്ള വിശ്വാസത്തെ നമുക്കു യഥാർഥ ക്രിസ്തീയവിശ്വാസമെന്നു പറയാൻ കഴിയില്ല. ക്രിസ്തീയവിശ്വാസത്തിന്റെ ശക്തിയും സൗന്ദര്യവും യേശുവിന്റെ ഉയിർപ്പിലാണ്. കാരണം, മരണമല്ല, ജീവനിലേക്കുള്ള തിരിച്ചുവരവാണ് ക്രിസ്തീയവിശ്വാസത്തെ മഹത്ത്വവത്കരിക്കുന്നത്.


മരണത്തിന്മേലുള്ള ക്രിസ്തുവിന്റെ വിജയമാണ് ഉത്ഥാനമെങ്കിൽ മനുഷ്യരാശിക്കു പാപത്തിൽനിന്നുള്ള മോചനമാണ് അത് ഉറപ്പുനൽകുന്നത്. ക്രൂശിൽ മരിച്ച ക്രിസ്തുവിനെക്കാൾ ശക്തനാണ് ഉയിർത്തെഴുന്നേറ്റ ക്രിസ്തു എന്നു പറയുമ്പോൾ മനുഷ്യകുലത്തിനാകെ അക്ഷയതയുടെ ഒരു ആവരണം അണിയിക്കപ്പെടുകയാണ്. അതു മരണത്തെ തോല്പിക്കുന്ന ജീവന്റെ തുടിപ്പാണ്.

ഇക്കാലത്ത് ഈസ്റ്റർ നൽകുന്ന സന്ദേശമെന്താണ്? ക്രിസ്തു ജനിച്ച നാട്ടിൽപോലും സംഘർഷങ്ങൾ ഒരു തുടർക്കഥപോലെ ആയിരിക്കുന്നു. മറ്റൊരു ലോകമഹായുദ്ധത്തിന്റെ കേളികൊട്ടുപോലെ പലയിടത്തും വംശീയമായ കലഹങ്ങളും യുദ്ധങ്ങളും സജീവമായി അരങ്ങേറിക്കൊണ്ടിരിക്കുന്നു. മനുഷ്യന്റെ അഹന്തയും അഹങ്കാരവും അധികാരമോഹവും എത്രയോ മനുഷ്യരുടെ ജീവനു ഭീഷണിയായിരിക്കുന്നു! നമ്മുടെ നാട്ടിൽ വർഗീയസംഘർഷങ്ങളും ഫാസിസ്റ്റ് പ്രവണതകളും തലപൊക്കിത്തുടങ്ങിയിരിക്കുന്നു. പുതിയ തലമുറയെ മദ്യവും മയക്കുമരുന്നും കീഴടക്കുന്നു. കാമ്പസുകളിലെ ചങ്ങാതികൾ മനുഷ്യരല്ലാതായി മാറുന്നു. കൊല്ലാനും കൊല്ലിക്കാനും ആർക്കും മടിയില്ല.

വാർധക്യത്തിൽ ഒറ്റപ്പെടലും നിരാശയുമായി കഴിയുന്ന മാതാപിതാക്കൾ. രാഷ്ട്രീയമായ കൊലപാതകങ്ങൾ വേറേ. ഇങ്ങനെ ഇക്കാലത്തെപ്പറ്റി ഓർക്കുമ്പോൾ മനുഷ്യമനസ്സിൽ ഭയം വളർന്നുകൊണ്ടിരിക്കുന്നു. എന്നാൽ, ക്രിസ്തുവിലുള്ള വിശ്വാസം എല്ലാ ഭയവും അകറ്റുന്നു. പാപം, അധർമം, ജീർണത, ദാരിദ്ര്യം, വേദന, ഏകാന്തത... ഇതിനെല്ലാം ഒരു മറുപടിയെന്നോണം ഇതാ ഈസ്റ്റർ വീണ്ടും കടന്നുവരുന്നു. "ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാകുന്നു. പഴയതു കടന്നുപോയി, ഇതാ പുതിയതു വന്നുകഴിഞ്ഞു."

മനുഷ്യരാശിക്കു പുതുജീവൻ നൽകുന്ന ഈസ്റ്ററിന്റെ പ്രഖ്യാപനമിതാണ്. യേശുവിന്റെ ശിഷ്യന്മാർ ഈസ്റ്റർ ദിവസം ശ്രവിച്ച ആദ്യവാക്ക് 'സമാധാനം' എന്നായിരുന്നു. റോമൻ അധികാരികളെയും യഹൂദപ്രമാണികളെയും ഭയപ്പെട്ട് അടച്ചിട്ട ഒരു മുറിയിൽ ഇരിക്കുമ്പോൾ ഉത്ഥിതനായ യേശു ശിഷ്യന്മാരുടെ നടുക്കു പ്രത്യക്ഷപ്പെട്ടു മൊഴിഞ്ഞത് 'നിങ്ങൾക്കു സമാധാനം' എന്നായിരുന്നു. അന്നത്തെ അവസ്ഥയിൽ ആ സന്ദേശം ശിഷ്യന്മാർക്കു വലിയ സന്തോഷമാണു പ്രദാനം ചെയ്തത്. ഉയിർപ്പു പ്രദാനം ചെയ്യുന്ന ഈ സമാധാനവും സന്തോഷവും മാനവരാശി ആദ്യം അനുഭവിച്ചതു യേശുവിന്റെ തിരുപ്പിറവിനാളിലായിരുന്നല്ലോ. യേശുവിന്റെ ജനനവേളയിൽ മാലാഖമാർ ആലപിച്ച ഗാനം ഭൂമിയിലെ മനുഷ്യർക്കു സമാധാനം എന്നായിരുന്നു. അതിനാൽ... ജനനംപോലെ യേശുവിന്റെ ഉയിർപ്പും മനുഷ്യമനസ്സിലേക്കു പകരുന്നതു സമാധാനത്തിന്റെ സന്ദേശമാണ്.

ഉത്ഥാനം ചെയ്ത യേശു നമ്മോടു ചോദിക്കുന്നത്, ഈ സമാധാനത്തെ നമ്മുടെ ജീവിതത്തിലേക്ക് എങ്ങനെ ആഗിരണം ചെയ്യാമെന്നുള്ളതാണ്. ഉത്ഥാനസത്യം എന്നത് ഒരു ജീവിതവീക്ഷണമായി സ്വീകരിക്കാനുള്ള ആഹ്വാനമാണ് ഓരോ ഈസ്റ്ററും നമ്മുടെ മുമ്പിൽ സമർപ്പിക്കുന്നത്. പൗലോസ് അപ്പസ്തോലൻ പറഞ്ഞത്, ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലായെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർഥം, നിങ്ങളുടെ വിശ്വാസവും വ്യർഥം എന്നാണ്. അതിനാൽ, ഉത്ഥാനസത്യം ഇന്നത്തെ നമ്മുടെ ജീവിതസംഘർഷങ്ങൾക്കും നിരാശയ്ക്കും ഒറ്റപ്പെടലിനുമൊക്കെ ഒരു പരിഹാരമാണ്. നമ്മൾ എന്നും അടയ്ക്കപ്പെട്ട മുറിയിൽ ജീവിക്കേണ്ടവരല്ല എന്ന സന്ദേശം ഉത്ഥാനസത്യത്തിലുണ്ട്. നമ്മൾ ധൈര്യവും ശക്തിയും ആർജിക്കേണ്ടതുണ്ട്. ഉത്ഥാനശക്തി അനുഭവിച്ചറിയാനുള്ള അനർഘമുഹൂർത്തമാണ് ഈസ്റ്റർ എന്ന ബോധ്യം ഓരോ ക്രിസ്തീയവിശ്വാസിക്കും ഉണ്ടായിരിക്കണം. ഉത്ഥാനവിശ്വാസം നമ്മുടെ ജീവിതത്തിനും പ്രത്യാശയും പ്രതീക്ഷയും പ്രദീപ്തമാക്കുന്നു. മരണത്തിൽനിന്നു ജീവനിലേക്കുള്ള രൂപാന്തരീകരണമാണ് ഈസ്റ്റർ.



# നിർമലദുഃഖത്തിന്റെ നിത്യനൂതനകാവ്യം



തനൂജ ഭട്ടതിരി

1991. ഞാൻ എറണാകുളത്ത് മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ജോലിക്കു ചേർന്ന വർഷം. അന്നു മുതലാണ് ഞാൻ ഈസ്റ്ററിനെക്കുറിച്ചും യേശുവിനെക്കുറിച്ചും മേരിമാതാവിനെക്കുറിച്ചും ക്രിസ്ത്യാനികളെക്കുറിച്ചും ബൈബിളിനെക്കുറിച്ചുമൊക്കെ കൂടുതലായി അറിയുന്നത്.

കാരുണ്യത്തിന്റെയും ദയയുടെയും സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും ആൾരൂപമായ യേശുവിനെ അറിയാൻ ഒരു ആശുപത്രിയോളം ചേർന്ന മറ്റൊരിടമില്ല.

ഞങ്ങളുടെ ആശുപത്രിയിൽ ഒരു ചാപ്പലുണ്ട്. ജാതിമതവ്യത്യാസമില്ലാതെ അനേകർ പ്രാർഥിക്കാനെത്തുന്ന സ്ഥലം.

ആശുപത്രിപ്പള്ളിയുടെ അങ്കണം നിറയുന്നത് പൂജാദ്രവ്യങ്ങൾകൊണ്ടല്ല; കണ്ണീരുകൊണ്ടാണ്. വലിയ വലിയ അസുഖങ്ങൾ വന്ന മനുഷ്യരുടെ വേണ്ടപ്പെട്ടവർ, അവിടെ വന്നിരുന്നു മുട്ടിപ്പായി പ്രാർഥിക്കുന്നു. അവരുടെ കവിളിലൂടെ ഒഴുകുന്ന കണ്ണീരിനു വലിയ ശക്തിയാണ്. ഒരു ദൈവത്തിനും അത് അവഗണിക്കാനോ കാണാതിരിക്കാനോ ആകില്ല.

മൃതാവസ്ഥയിലെത്താറായ കുഞ്ഞുങ്ങളെ തോളിലിട്ട് ഓടിയെത്തുന്ന അമ്മമാർ, അവരെ ഡോക്ടറെ ഏല്പിച്ച ശേഷം ഭക്ഷണം കഴിക്കാതെ ദിവസങ്ങൾ ചാപ്പലിനു മുന്നിൽ കരഞ്ഞുകൊണ്ടിരിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. മക്കളുടെ ഉയിർത്തെഴുന്നേല്പാണ് അമ്മമാരുടെ പ്രാർഥന. അങ്ങനെ ഉയിർത്തെഴുന്നേറ്റുപോകുന്ന പലരെയും ഞാൻ കണ്ടിമുണ്ട്.

**അർണോസ് പാതിരി**

അവിടെനിന്നുണ്ടായ സാഹിത്യപരിചയങ്ങളിൽനിന്നാണ് ഞാൻ അർണോസ് പാതിരിയുടെ അടുത്തേക്കെത്തുന്നത്. ദുഃഖവെള്ളി നാളിൽ "അമ്മ കന്യാമണി തന്റെ..." എന്ന മനോഹരകവിത കേട്ടതാണ് ഇതാരെഴുതി എന്ന ചോദ്യത്തിൽ എന്നെ എത്തിച്ചത്. ജർമനിയിൽ ജനിച്ച യൊവാൻ ഏർണസ്റ്റ് ഹാങ്സിൽഡൻ, മലയാളഭാഷ രൂപപ്പെട്ടു വരുന്ന കാലഘട്ടത്തിൽ, മരണത്തെക്കുറിച്ചും വേദനയെക്കുറിച്ചും കണ്ണീരിനെക്കുറിച്ചും ഇത്രത്തോളം സാഹിത്യഭംഗിയോടെ എഴുതിയെന്നത് എനിക്ക് അത്യദ്ഭുതമാണുളവാക്കിയത്. 1862 ൽ കൊച്ചിയിൽനിന്ന് ആദ്യമായി അച്ചടിച്ച 'പുത്തൻപാന' എന്ന ഈ മനോഹരകാവ്യത്തെക്കുറിച്ച് ആരും പറഞ്ഞുകേട്ടില്ലല്ലോ എന്നതും അവിശ്വസനീയമായി. മലയാളത്തിൽ ദുഃഖത്തിന്റെ സൗന്ദര്യം ഇത്ര ഹൃദ്യമായി ആവിഷ്കരിച്ച മറ്റൊരു കൃതിയില്ല.

പുത്തൻപാന ക്രിസ്തുവിന്റെ മുഴുവൻ ചരിത്രവും പറയുന്നുവെങ്കിലും അതിന്റെ പന്ത്രണ്ടാം പാദത്തിലെ 'ഉമ്മാടെ ദുഃഖം' എന്ന ഭാഗമാണ് ദുഃഖവെള്ളിയാഴ്ചകളിൽ ഞാൻ കേട്ടിരുന്നത്. മലയാളത്തിലെ ഏറ്റവും മനോഹരമായ വിലാപകാവ്യം.

സി. എസ്. സുബ്രഹ്മണ്യൻ പോറ്റിയുടെ 'ഒരു വിലാപം' (1902) എന്ന ചെറുകൃതിയാണ് മലയാളത്തിലെ ആദ്യവിലാപകാവ്യമായി പൊതുവെ കരുതപ്പെടുന്നതെങ്കിലും 'ഉമ്മാടെ ദുഃഖ'ത്തെയാണ് മലയാളത്തിലെ ആദ്യവിലാപകാവ്യമായി പരിഗണിക്കേണ്ടത്. 1850 കളിൽ കൊച്ചിക്കടുത്ത് വേലൂർ എന്ന സ്ഥലത്തു താമസിച്ച് 'ഒരു വിലാപം' വരുന്നതിനും നാലു പതിറ്റാണ്ടുമുമ്പ് അർണോസ് പാതിരി എഴുതിയതാണ് പുത്തൻപാന.

**ദൈവമാതാവിന്റെ വ്യാകുലപ്രലാപം**

മകൻ മരിച്ച ഒരമ്മയുടെ ദുഃഖം വിവരിക്കുന്ന പുത്തൻപാനയിലെ പന്ത്രണ്ടാം പാദമാണ് 'ദൈവമാതാവിന്റെ വ്യാകുലപ്രലാപം' എന്ന പേരിലും അറിയപ്പെടുന്നത്.

'അമ്മ കന്യാമണി തന്റെ
നിർമലദുഃഖങ്ങളിപ്പോൾ
നന്മയാലേ മനസ്സുറ്റു
കേട്ടുകൊണ്ടാലും,
ദുഃഖമൊക്കെ പറവാനോ
വാക്കുപോരാ മാനുഷർക്ക്
ഉൾക്കനേച്ചിന്തിച്ചുകൊൾവാൻ
ബുദ്ധിയും പോരാ"

ഇങ്ങനെ തുടങ്ങുന്നു ദൈവമാതാവിന്റെ വ്യാകുലപ്രലാപം.

**പാലാ രാമപുരത്തെ സേക്രഡ് ഹാർട്ട് കോൺവെന്റ്**

അമ്മയും മക്കളും തമ്മിലുള്ള ബന്ധത്തെക്കുറിച്ചാലോചിക്കുമ്പോൾ, എന്റെ അമ്മ പറഞ്ഞുകേട്ട ഒരു കാര്യമാണ് പെട്ടെന്നോർമ വരുന്നത്.

അമ്മ രാമപുരം സേക്രഡ് ഹാർട്ട് കോൺവന്റിലാണ് അപ്പർ പ്രൈമറിക്കു പഠിച്ചത്. നല്ല അച്ചടക്കത്തോടെ പ്രവർത്തിക്കുന്ന സ്കൂൾ. അന്നത്തെ പ്രധാനാധ്യാപികയുടെ പേര് സിസ്റ്റർ മരിയ ഗോരോത്തി എന്നായിരുന്നു.

അധ്യാപികയില്ലാത്ത സമയത്തു ക്ലാസ്സിൽ കുട്ടികൾ ബഹളംവച്ചതിനെത്തുടർന്ന് എല്ലാ കുട്ടികളോടും മുട്ടുകാലിൽനിന്നു പ്രാർഥിക്കാൻ അധ്യാപിക പറഞ്ഞു. അമ്മയ്ക്കും സഹോദരി രാജം പേരമ്മയ്ക്കും അത്തരം ശിക്ഷകളോട് എതിർപ്പായിരുന്നു. അങ്ങനെയല്ല അവരുടെ അമ്മ ലളിതാംബിക അന്തർജനം അവരെ വീട്ടിൽ പരിശീലിപ്പിച്ചിരുന്നത്. തെറ്റു ചെയ്താൽ കാര്യകാരണസഹിതം അവരെ അതു പറഞ്ഞുമനസ്സിലാക്കുകയും ഒരിക്കലും അതാവർത്തിക്കാതിരിക്കാൻ ആവശ്യപ്പെടുകയും ചെയ്യുകയായിരുന്നു പതിവ്.

നിർബന്ധമായും മുട്ടുകാലിൽ നിൽക്കേണ്ടിവന്ന അവർ വീട്ടിലെത്തിയപ്പോൾ അമ്മയോട് ഇതിന്റെ പരിഭവം പറഞ്ഞു. മക്കളെ അങ്ങനെ ശിക്ഷിച്ചത് ആ അമ്മയ്ക്കു തീരെ ഇഷ്ടമായില്ല. അപ്പോൾത്തന്നെ ഒരു കത്തെഴുത്തു



വായിച്ചു സിസ്റ്റർ മറുപടിയെഴുതി കുട്ടികൾക്കു നൽകി. അവർ അങ്ങനെ കുറെ കത്തുകൾ പരസ്പരം കൈമാറി. കുട്ടികൾക്ക് അതൊരു ജോലിയുമായി.

താമസിയാതെ സാഹിത്യകാരിയായ അമ്മയും ആ പ്രധാനാധ്യാപികയും സുഹൃത്തുക്കളായി. ഒരെഴുത്തിൽ അന്തർജനത്തെ തന്റെ മഠത്തിലേക്കു ക്ഷണിക്കുന്നുണ്ട് സിസ്റ്റർ. ഇവിടെ പേടിക്കാനൊന്നുമില്ല, ഈ അകത്തളങ്ങളിലും മനുഷ്യരാണുള്ളത്, ഇവിടെ എല്ലാവർക്കും സ്വാഗതമാണ് - അവർ അങ്ങനെ എഴുതിയിരുന്നു.

തുടർന്ന്, അവർ ഉറ്റ സുഹൃത്തുക്കളായി. വിശേഷാവസരങ്ങളിലൊക്കെ അവർ അന്തർജനത്തെ അതിഥിയായി ക്ഷണിച്ചു.

മരണംവരെ അവർ ആ സ്നേഹബന്ധം സൂക്ഷിച്ചു.

ഒരു വിദേശിയായ അർണോസ് പാതിരിയെ സംസ്കൃതം പഠിപ്പിക്കാൻ അന്ന് ആരും തയ്യാറായിരുന്നില്ല. എന്നാൽ, ആലുവയിലുള്ള സംസ്കൃതപണ്ഡിതരും ഉത്പതിഷ്ണുക്കളുമായ രണ്ടു നമ്പൂതിരിമാരാണ് പല എതിർപ്പുകളെയും അവഗണിച്ച് പാതിരിയെ സംസ്കൃതം പഠിപ്പിച്ചത്. ജ്ഞാനപ്പാനയുടെ രീതിയിലാണ് അദ്ദേഹം പുത്തൻപാന എഴുതിയത്. പുത്തൻപാന എന്ന് അതിനു പേരിട്ടതിനു കാരണമതാവാം.

സാഹിത്യഗുണത്തിലും അവതരണഭംഗിയിലും ഉന്നതനിലവാരം പുലർത്തുന്ന പുത്തൻപാനയ്ക്ക് മലയാളത്തിന്റെ വായനമുറിയിൽ ഇന്നും ഇടമുണ്ട്. ഈ ഈസ്റ്റർ കാലത്ത് ഞാൻ 'ഉമ്മാടെ ദുഃഖം' ഒന്നുകൂടി വായിക്കാനിരിക്കുന്നു! ■






# വാഗമൺ കുരിശുമലകയറ്റവും പുതുഞ്ഞായർ തിരുനാളും

## 2024 ഫെബ്രുവരി 16 മുതൽ ഏപ്രിൽ 14 വരെ

**ലോ**കടൂറിസംഭൂപടത്തിൽ സവിശേഷസ്ഥാനമലങ്കരിക്കുന്ന, പ്രശസ്തവും പ്രകൃതിരമണീയവുമായ വാഗമണ്ണിനെയും അതിനു തിലകക്കുറിയായി പരിശോഭിക്കുന്ന വാഗമൺ കുരിശുമലയെയുംകുറിച്ചു കേൾക്കാത്തവരായി ആരുമുണ്ടാവില്ല.

സമുദ്രനിരപ്പിൽനിന്നു നാലായിരം അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന വാഗമൺകുരിശുമല, അതിന്റെ ആകാരഗരിമകൊണ്ടും ആത്മീയപരിവേഷംകൊണ്ടും സഞ്ചാരികളെയും തീർഥാടകരെയും മാടിവിളിക്കുന്നു. വർഷത്തിലെ എല്ലാ ദിവസവുംതന്നെ സഞ്ചാരികളെയും തീർഥാടകരെയും കൊണ്ടു സജീവമാണ് വാഗമണ്ണും കുരിശുമലയും. അമ്പതുനോമ്പിന്റെ ആരംഭത്തോടെ തീർഥാടകപ്രവാഹം വർധിക്കുന്നു. പശ്ചാത്താപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും അരൂപിയിൽ പതിനായിരങ്ങളാണ് ഈ നാളുകളിൽ മലകയറാനെത്തുന്നത്. ഭാരമേറിയ കുരിശുകൾ തോളിലേറ്റിയും വലിയ കല്ലുകൾ തലയിലെടുത്തും ഒറ്റയ്ക്കും സംഘമായും തീർഥാടകർ മല ചവിട്ടുന്നു. നോമ്പുനോറ്റ്, പ്രാർഥനകൾ ചൊല്ലി, കുരിശിന്റെ വഴിയുടെ പതിന്നാലുസ്ഥലങ്ങളിലും പ്രാർഥിച്ച്, മല കയറ്റത്തെ ഒരു ആത്മീയാനുഭവമാക്കി മാറ്റുന്നവരും ധാരാളം.

എന്നാണ് വാഗമൺകുരിശുമലകയറ്റത്തിന്റെ ആരംഭം? ചരിത്രം ഇങ്ങനെ: 1904 ൽ മണിയംകുന്നുമഠത്തിൽ സന്ന്യാസിനികൾക്കു സഭാവസ്ത്രം നല്കുന്നതിനായി ചെത്തിപ്പുഴ കൊവേന്തയുടെ പ്രിയോരായിരുന്ന ബഹുമാനപ്പെട്ട എസ്തപ്പാനോസച്ചൻ എത്തിച്ചേരുന്നു. അവിടെനിന്നാൽ അകലെ കിഴക്കുദിക്കിൽ ആകാശങ്ങളിൽ ഉയർന്നുനില്ക്കുന്ന നാടുനോക്കൻമല (ഇന്നത്തെ കുരിശുമല) കാണാം. ഹരിതഭംഗിയാർന്ന വൻകാടുകളെ കാൽക്കീഴിലാക്കി ഉയർന്നുലാവുന്ന വൻപാറക്കൂട്ടങ്ങൾ. വെൺമേഘങ്ങൾ പാറക്കൂട്ടങ്ങളെ തഴുകിയൊഴുകുന്നു. വെൺമേഘങ്ങൾക്കപ്പുറം അനന്തനീലിമയാർന്ന ആകാശം. ആരെയും കോൾമയിർകൊള്ളിക്കുന്ന കിഴക്കൻമലയുടെ ഈ ദൃശ്യഭംഗി ആസ്വദിച്ചുനില്ക്കേ, എസ്തപ്പാനോസച്ചന്റെ കണ്ണുകളെ വിസ്മയിപ്പിച്ചുകൊണ്ട് അതാ മലമുകളിൽ ഒരു ദിവ്യപ്രകാശം! അമ്പരപ്പോടെയും അവിശ്വസനീയതയോടെയും അച്ചൻ കണ്ണുകൾ തുടച്ച് വീണ്ടും വീണ്ടും നോക്കി. പ്രകാശം ഒളിമങ്ങാതെ അപ്പോഴും അവിടെത്തന്നെയുണ്ട്. എന്താണാ പ്രകാശം? അച്ചനിൽ ചില ദൈവികചിന്തകളുണർന്നു.

അധികംതാമസിയാതെ, ഒരു വെളിപാടെന്നപോലെ എസ്തപ്പാനോസച്ചൻ അവിടെയുണ്ടായിരുന്ന ചാണ്ടിയച്ചനോട് വെളിച്ചം കാണപ്പെട്ട നാടുനോക്കൻമലയിൽ ഒരു കുരിശു സ്ഥാപിക്കണമെന്നാവശ്യപ്പെടുന്നു. അതിനായി ഒരു കുരിശും വിശുദ്ധ ബനദിക്തോസ് പുണ്യവാന്റെ ഒരു കാശുരൂപവും ആയതിന്റെ ചെലവിലേക്കായി ഒരു രൂപയും അച്ചൻ നല്കി.

അക്കാലത്തെ പ്രഗല്ഭനും നിർഭയനുമായ ഒരു നായാട്ടുകാരനായിരുന്നു നാട്ടുകാരനായ കുന്നേൽ ഔസേപ്പ്. ചാണ്ടിയച്ചൻ ഔസേപ്പിനെ ആളയച്ചു വരുത്തി നാടുനോക്കൻമലയിൽ കുരിശു സ്ഥാപിക്കുന്നതിനെക്കുറിച്ചു ചർച്ച ചെയ്തു. ഔസേപ്പ് തന്റെ ചില സഹപ്രവർത്തകരുമായി കുരിശു സ്ഥാപിക്കുന്നതിനായി അടിവാരത്തെത്തി. മലമുകളിലേക്കു പോകുന്നതിനു വഴികളില്ല. ഹിംസ്രജന്തുക്കളാണ് കാട്ടിലെവിടെയും. നായാട്ടുയാത്രകളിൽവച്ചു പരിചയപ്പെട്ടിരുന്ന കൊച്ചടിവാരത്ത് ഉലഹന്നൻ അടിവാരംകാരനായിരുന്നു. ഔസേപ്പ് ഉലഹന്നനെക്കൂടി സംഘത്തിൽ ചേർത്തു. ഹിംസ്രജന്തുക്കളുടെ ശല്യം കൂടുതലുള്ള 'കിളിയോർ' കല്ലു ഭാഗത്തുകൂടി അവർ മലമുകളിലെത്തി. ഏറ്റവും ഉയർന്നുകണ്ട പാറയുടെ വിടവിൽ കുരിശും കാശുരൂപവും സ്ഥാപിച്ചു. പ്രകാശം കണ്ട സ്ഥലം ഏതെന്നു നിശ്ചയമില്ലാത്തതിനാൽ കുരിശ് ഒരു ഉയർന്ന പാറയിൽവച്ചിട്ട് പരിസരങ്ങൾ പരിശോധിച്ച് തിരിച്ചുവന്ന് കുരിശെടുക്കാൻ ശ്രമിച്ചിട്ട് സാധിക്കാതെ വന്നെന്നും അതിനാൽ അവിടെത്തന്നെ കുരിശും കാശുരൂപവും സ്ഥാപിച്ച് അവർ മടങ്ങിപ്പോന്നുവെന്നും പഴമക്കാർ പറയുന്നു. 1904 ലെ വലിയ നോമ്പിന്റെ ആദ്യത്തെ വെള്ളിയാഴ്ചയായ ഫെബ്രുവരി 19 നായിരുന്നു ഇത്. ഇന്നു വാഗമണ്ണിലെ സ്ലീവാപ്പാതയുടെ സമാപനസ്ഥലത്തു കാണുന്ന കുരിശേന്തിയ ക്രിസ്തുരാജന്റെ രൂപം സ്ഥാപിച്ചിരിക്കുന്നത് ഈ കുരിശിനു മുകളിലാണ്.

പിന്നീട് മാർച്ച് 25 ന് നാല്പതാം വെള്ളിയാഴ്ച ചാണ്ടിയച്ചൻ ആളുകളെ കുരിശു സ്ഥാപിച്ച മലയിലേക്കു പറഞ്ഞയയ്ക്കുകയും അവർ കുരിശിന്റെ വഴിചൊല്ലി കുരിശുമലയിൽ എത്തുകയും നേർച്ചകാഴ്ചകൾ നിറവേറ്റുകയും ചെയ്തു. പിന്നീട് മലയാറ്റൂരെ മാതൃകയനുസരിച്ച് പൊതുജനങ്ങൾ നോമ്പുകാലത്ത് അടിവാരംപള്ളിയിൽനിന്നും കല്ലില്ലാക്കവലയിൽനിന്നും മലകയറ്റമാരംഭിച്ചു.

### പൂഞ്ഞാർ പള്ളിയുടെ ചുമതലയിൽ

കോട്ടയം ജില്ലയുടെ കിഴക്കുഭാഗത്തുള്ള പൂഞ്ഞാർ സെന്റ് മേരീസ് പള്ളിയുടെ അതിർത്തിക്കുള്ളിലായിരുന്നു നാടുനോക്കൻമല. ഇടവകാതിർത്തിയിലുള്ള കുരിശുമലയുടെ നടത്തിപ്പുചുമതല സ്വാഭാവികമായും പൂഞ്ഞാർ പള്ളിയിൽ വന്നുചേർന്നു. ക്രമേണ കുരിശു സ്ഥാപിച്ച സ്ഥലം 'പൂഞ്ഞാർ കിഴക്കൻ കുരിശുമല' എന്ന പേരിൽ പ്രസിദ്ധമായിത്തീർന്നു.

കുരിശുമലയിലേക്ക് കുത്തനേയുള്ള കയറ്റവും കാട്ടുമൃഗങ്ങളുടെ ശല്യവും പ്രതിബന്ധങ്ങളായിരുന്നുവെങ്കിലും പരസ്പരം സഹായിച്ചും സംഘം ചേർന്നും 'കുരിശുമല മുത്തപ്പോ പൊൻമലകയറ്റം' എന്ന ശരണംവിളികളോടെ തീർഥാടകർ മല കയറി.

► 11



# മാർത്തോമ്മാശ്ലീഹായും കുരിശുമലയും

ക്രിസ്തുശിഷ്യനും ഭാരതത്തിന്റെ അപ്പസ്തോലനുമായ മാർത്തോമാശ്ലീഹായുടെ പാദമുദ്ര പതിഞ്ഞയിടമാണ് വാഗമൺ കുരിശുമല എന്നാണ് പാരമ്പര്യവിശ്വാസം. പാണ്ടിരാജ്യവും അരുവിത്തുറയുമായി വാണിജ്യബന്ധമുണ്ടായിരുന്ന ആദ്യനൂറ്റാണ്ടുകളിൽ മാർത്തോമ്മാശ്ലീഹാ അരുവിത്തുറയിൽ കുരിശു സ്ഥാപിക്കുകയും അനന്തരം മധുരയ്ക്കു തിരിയെ യാത്ര ചെയ്തെന്നും ചരിത്രം പറയുന്നു. യാത്രാമധ്യേ നാടുനോക്കൻമല (കുരിശുമല) യുടെ കിഴക്കൻ ഗിരിശൃംഗത്തിൽ വിശുദ്ധൻ ദിനരാത്രങ്ങൾ പള്ളികൊണ്ടുവത്രേ.

വാണിജ്യബന്ധം പുലർത്താനുള്ള അന്നത്തെ ഏക മാർഗം ഈരാപ്പുഴ (ഈരാറ്റുപേട്ട), പൂഞ്ഞാർ, പെരിങ്ങുളം, അടിവാരം, കോട്ടത്താവളം, വെടിക്കുഴി, ഏലപ്പാറ തുടങ്ങിയ സ്ഥലങ്ങളിലൂടെയായിരുന്നുവെന്നതിനു തെളിവുകളുണ്ട്. കുരിശുമലയിൽനിന്ന് അല്പം കിഴക്കോട്ടു മാറിയാൽ യാത്രാസൗകര്യത്തിനായി പാറകളിലൂടെ വീതിയുള്ള നടകൾ കൊത്തിവച്ചിരിക്കുന്നതു കാണാം. തിരുവിതാംകൂർ രാജകുടുംബം പാണ്ടിയിൽനിന്ന് ഇതുവഴി വന്ന് കോട്ടത്താവളം എന്ന സ്ഥലത്തു താമസിച്ചെന്നും അങ്ങനെ ആ സ്ഥലത്തിന് പ്രസ്തുത പേരു വീണെന്നും ചരിത്രം. പാറകളിൽ കൊത്തിയിറക്കിയ പടവുകൾ ചരിത്രത്തിന്റെ ബാക്കിപത്രംപോലെ ഇപ്പോഴും അവിടെ ദൃശ്യമാണ്. അങ്ങനെയുള്ള ആ പാറയിലൂടെയാണ് തോമാശ്ലീഹാ പാണ്ടിരാജ്യത്തേക്കു പോയതെന്നും പറയപ്പെടുന്നു.





മലമുകളിലെ ചാപ്പൽ

10-ാം പേജ് തുടർച്ച

കുരിശിന്റെ വഴിയിലെ 14 സ്ഥലങ്ങൾ കല്ലുകളിൽ ചുണ്ണാമ്പുകൊണ്ട് കുരിശടയാളം വരച്ചായിരുന്നു യാത്ര. കുരിശടയാളങ്ങൾക്കു സമീപം ഈറ്റകൊണ്ടു നിർമിച്ച ഒരു കുരിശും സ്ഥാപിക്കുമായിരുന്നു.

1990 ൽ കാട്ടുകമ്പുകൾകൊണ്ടു മേൽക്കൂരയുണ്ടാക്കി ഈറ്റയിലകൊണ്ടു മേഞ്ഞ ഒരാലയത്തിൽ പെരിങ്ങുളത്ത് ദിവ്യബലിയർപ്പിക്കപ്പെട്ടു. 1917 ൽ കുന്നോന്നി, പെരിങ്ങുളം മിഷനറി കേന്ദ്രങ്ങളുടെ ചുമതലക്കാരനായി ബഹു. കുര്യൻ പാണ്ടിയാമ്മാക്കൽ കത്തനാർ നിയമിക്കപ്പെട്ടു. 1926 മുതൽ പെരിങ്ങുളം മിഷനറിപ്പള്ളിയുടെ ചുമതലയുണ്ടായിരുന്ന ബഹു. പുത്തൻപുരയ്ക്കൽ സ്കറിയാ കത്തനാരുടെ (ചെറുനിലത്തച്ചൻ) കാലത്ത് പെരിങ്ങുളം ഒരു ഇടവകദൈവാലയമായി.

### പെരിങ്ങുളം പള്ളിയുടെ ചുമതലയിൽ

പെരിങ്ങുളം ഇടവകപ്പള്ളിയായതോടെ ഇടവകാതിർത്തിക്കുള്ളിലായ കുരിശുമലയുടെ നടത്തിപ്പ് പെരിങ്ങുളം തിരുഹൃദയദൈവാലയത്തിനായി. 1927ൽ അടിവാരത്തും കൈപ്പള്ളിയിലും ഓരോ കുരിശുപള്ളികൾ സ്ഥാപിതമായി. അടിവാരം കുരിശുപള്ളി കുരിശുമലയിലേക്കുള്ള കുരിശിന്റെ വഴിയിലെ ഒന്നാം സ്ഥലവുമായി. കുത്തനെയുള്ള മലകയറ്റത്തിനു പരിഹാരമായി മലമടക്കുകളെ കീറി മുറിച്ചുകൊണ്ടു മടക്കുവഴികൾ വെട്ടിയുണ്ടാക്കി. ഈറ്റക്കുരിശുകളുടെ സ്ഥാനത്ത് തേക്കുതടിയിൽ നിർമിച്ച കുരിശുകൾ സ്ഥാപിതമായി.

ചങ്ങനാശേരി രൂപതാധ്യക്ഷനായിരുന്ന മാർ ജെയിംസ് കാളാശേരി പിതാവിന്റെ കാലത്തായിരുന്നു മലമുകളിൽ കുരിശു സ്ഥാപിച്ചത്. വന്ദ്യപിതാവ് 1933 ൽ കുരിശുമല സന്ദർശിക്കുകയും തിരുമേനിയുടെ സാന്നിധ്യത്തിൽ ബഹുമാനപ്പെട്ട തുരുത്തിയിൽ റപ്പായേലച്ചൻ മലമുകളിൽ ദിവ്യബലിയർപ്പിക്കുകയും ചെയ്തു.

കുരിശുമലയുടെ കാര്യത്തിൽ പ്രത്യേകം താത്പര്യമെടുത്തവരിൽ പ്രമുഖനായിരുന്നു 1939 മുതൽ 1945 വരെ പെരിങ്ങുളം പള്ളിയുടെ വികാരിയായിരുന്ന റവ. ഫാ. സെബാസ്റ്റ്യൻ മറ്റം. മലമുകളിലെ ചാപ്പലും ക്രിസ്തുരാജന്റെ രൂപവും സ്ഥാപിക്കുന്നതിനു നേതൃത്വം നൽകിയത് അദ്ദേഹമാണ്.

### അടിവാരം പള്ളിയുടെ ചുമതലയിൽ

പെരിങ്ങുളം പള്ളിയുടെ കുരിശുപള്ളിയായിരുന്ന അടിവാരം 1961 ൽ ഇടവകപ്പള്ളിയായി ഉയർത്തപ്പെടുകയും പെരിങ്ങുളം പള്ളിയുടെ അസിസ്റ്റന്റു വികാരിയായിരുന്ന ഫാ. തോമസ് വെട്ടിക്കൽ അടിവാരം പള്ളിയുടെ വികാരിയായി ചുമതലയേൽക്കുകയും ചെയ്തു.

കുരിശുമലയുടെ വികസനത്തിനു സംഘടിതമായ ശ്രമമുണ്ടായി. 1962 ൽത്തന്നെ മലമുകളിൽ ഒരു ഭണ്ഡാരക്കുറ്റിയും കല്ലില്ലാക്കവലയിൽ ഒരു കുരിശടിയും ഭണ്ഡാരക്കുറ്റിയും സ്ഥാപിച്ചു. ഇതിനകം ഈരാറ്റുപേട്ട - വാഗമൺ റോഡിന്റെ പണി പൂർത്തിയായിരുന്നു. ഈ റോഡിലുള്ള വഴിക്കടവിൽനിന്ന് കുരിശുമലയ്ക്കു തൊട്ടുതാഴെയുള്ള കല്ലില്ലാക്കവലയിലേക്ക് ഒരു റോഡ് വെട്ടിത്തുറന്നു. വഴിക്കടവിലും ഒരു ഭണ്ഡാരക്കുറ്റി സ്ഥാപിക്കുകയും മലമുകളിലേക്കുള്ള ദിശാബോർഡ് സ്ഥാപിക്കുകയും ചെയ്തു.

കാലപ്പഴക്കത്താൽ കുരിശിന്റെ വഴിയിലെ മരക്കുരിശുകൾ ദ്രവിച്ചുപോയിരുന്നു. അതിനു പരിഹാരമായി കല്ലില്ലാക്കവലയിലെ ഒന്നാംസ്ഥലംമുതൽ മലമുകളിലെ 14-ാം സ്ഥലംവരെ കോൺക്രീറ്റ് കുരിശുകൾ സ്ഥാപിച്ചു. ആദ്യകാലംമുതലേ കല്ലില്ലാക്കവലയിൽനിന്നു കുരിശിന്റെ വഴി ചൊല്ലി വിശ്വാസികൾ മല കയറിയിരുന്നു. നേർച്ചയായി കല്ലുകൾ തലയിൽ വഹിച്ചുകൊണ്ടായിരുന്നു മലകയറ്റം. ധാരാളം കല്ലുകൾ ഉണ്ടായിരുന്ന ഇവിടം വിശ്വാസികളുടെ ബാഹുല്യത്താൽ ക്രമേണ കല്ലുകൾ കുറഞ്ഞ് തീർത്തും ദുർല്ലഭമായിത്തീർന്നു. അങ്ങനെ കാലഗത്യാ, മലയടിവാരത്തിന് 'കല്ലില്ലാക്കവല' എന്ന പേരു വീണെന്നാണ് വാമൊഴിചരിത്രം.

1961 മുതൽ 1988 വരെ അടിവാരം ഇടവകയുടെ ഉത്തരവാദിത്വത്തിൽ കുരിശുമലയുടെ അഭിവൃദ്ധിക്കായി ഒട്ടേറെ പ്രവർത്തനങ്ങൾ നടന്നു. 1981 ലെ അടിവാരം പള്ളിയോഗ തീരുമാനപ്രകാരം കല്ലില്ലാക്കവലയിൽ രണ്ടേക്കർ സ്ഥലം വാങ്ങുകയും പുതിയ കെട്ടിടത്തിനു തറക്കല്ലിടുകയും ചെയ്തു.

1988 ൽ അടിവാരം പള്ളിയോഗം കൂടി കുരിശുമല ഏറ്റെടുത്തു നടത്തണമെന്ന് പാലാ രൂപതാധ്യക്ഷനോട് അപേക്ഷിച്ചു. അതനുസരിച്ച് 1988 ലെ 140-ാം കല്പനപ്രകാരം കുരിശുമലയുടെ ചുമതല വാഗമൺ പള്ളിയെ ഏല്പിച്ചു.

കല്ലില്ലാക്കവലയിൽനിന്നു മലമുകളിലേക്കു കുരിശിന്റെ വഴി ചൊല്ലി തീർഥാടകർ മല കയറുന്ന പതിവിനു കാലപ്പഴക്കമുണ്ടെങ്കിലും, 1988 മുതൽ വികാരിയായിരുന്ന ബഹു. ജോർജ് നടയ്ക്കലച്ചന്റെ കാലത്താണ് നോമ്പിലെ എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ കുരിശിന്റെ വഴിയും തുടർന്ന് മലമുകളിലെ ചാപ്പലിൽ വി. കുർബാനയർപ്പണവും ആരംഭിക്കുന്നത്. 1988 മുതൽ ദുഃഖവെള്ളിയാചരണവും വാഗമൺ കുരിശുമലയിൽ പ്രാധാന്യമുള്ളതായി മാറി.

കുരിശുമലയിൽ ഇന്നു കാണുന്ന രീതിയിൽ പീഡാനുഭവരംഗങ്ങളിലെ 14 സ്ഥലങ്ങൾ, മലമുകളിലെ ഉത്ഥിതനായ ഈശോയുടെ രൂപം, കല്ലില്ലാക്കവലയിലെ ഗത്സെമനിൽ പ്രാർഥിക്കുന്ന ഈശോ, ഇരുകൈകളും നീട്ടി അനുഗ്രഹിക്കുന്ന ഈശോ, സെന്റ് തോമസ് മൗണ്ട് എന്നിവയും, മലമുകളിൽ വിശ്രമമുറി, വാട്ടർ ടാങ്ക്, ടോയ്‌ലറ്റ് സൗകര്യങ്ങൾ, കുടിവെള്ളത്തിനായി കിണർ എന്നിവയും നിർമിച്ചത് 2000-2005 കാലഘട്ടത്തിൽ ഫാ. സെബാസ്റ്റ്യൻ എട്ടുപറയിലിന്റെ നേതൃത്വത്തിലാണ്. 2016 ൽ ബഹു. ജോസഫ് ചെറുകരക്കുന്നേലച്ചന്റെ നേതൃത്വത്തിൽ മലമുകളിൽ ഇന്നു കാണുന്ന മനോഹരമായ ദൈവാലയം പുനർനിർമിക്കപ്പെട്ടു.

കുരിശുമലയിലെത്തുന്ന വിശ്വാസികൾ നേരിടുന്ന ഏറ്റവും വലിയ ബുദ്ധിമുട്ടായിരുന്നു വാഹനപാർക്കിങ് സൗകര്യത്തിന്റെ അഭാവം. അതു പരിഹരിച്ചുകൊണ്ട് മുമ്പത്തെക്കാൾ മൂന്നിരട്ടിയായി പാർക്കിങ് സൗകര്യം ഈ വർഷം സജ്ജീകരിച്ചിട്ടുണ്ട്. ഏകദേശം രണ്ടു ലക്ഷത്തിലേറെ സ്ക്വയർ ഫീറ്റിൽ പാർക്കിങ് ഗ്രൗണ്ട് നിലവിലുണ്ട്.

അതുപോലെതന്നെ, മലമുകളിലും മലയടിവാരത്തും ടോയ്‌ലറ്റുകളും മറ്റ് അനുബന്ധസൗകര്യങ്ങളും തീർഥാടകർക്കുവേണ്ടി ക്രമീകരിച്ചിരിക്കുന്നു. കുരിശുമലവരെയുള്ള റോഡുകൾ ടാർ ചെയ്ത് മനോഹരമാക്കിയത് തീർഥാടകർക്ക് ഏറെ സൗകര്യപ്രദമാണ്.

## വികാരി



ഫാ. ആന്റണി വാഴയിൽ

## കൈക്കാരന്മാർ



സജി മംഗലത്ത്



സുനിൽ താവുങ്കാട്ടിൽ



ജോയിസ് കൊച്ചുമഠത്തിൽ

# പേടിക്കാഴ്ചകളുടെ മായാലോകം

**പരീക്ഷക്കാലം – 6**



ഡോ. ജോർജ് കളപ്പുര

പേടി കുട്ടികൾക്കുമാത്രമല്ല, മുതിർന്നവർക്കുമുണ്ട്. പേടിയുടെ കാരണം മിക്കവാറും മനസ്സിന്റെ അടിത്തട്ടിലായിരിക്കും. അതിനാൽ, മനസ്സിന്റെ അടിത്തട്ടിൽ കടന്നുചെന്നു പരിചരിച്ചാൽ മാത്രമേ പ്രശ്നം മാറൂ.

പേടി സ്വയം ഉണ്ടാകുന്നതല്ല. ചില സാഹചര്യങ്ങളുടെ സൃഷ്ടിയാണ്. പണ്ടൊക്കെ മുത്തശ്ശിക്കഥകൾ കേട്ട് കുട്ടികൾ പേടിക്കുന്നതു സാധാരണമാണ്. പ്രേതകഥകൾ വായിച്ചു പേടിച്ച കുട്ടികളും ഡ്രാക്കുള വായിച്ചു പേടിച്ച മുതിർന്നവരും ധാരാളം. ഇത്തരം കഥകൾ സിനിമകളായപ്പോൾ അവ കണ്ട് ഉറക്കം നഷ്ടപ്പെട്ടവർ വേറേ.

**ഫോബിയ എന്ത്?**

ഫോബിയ അറുന്നൂറു തരത്തിലധികമുണ്ട്. എന്നാൽ, കുട്ടികളുമായി ബന്ധപ്പെട്ട ചില ഫോബിയകൾ പരിചയപ്പെടുന്നത് ഈ പരീക്ഷക്കാലത്ത് അധ്യാപകർക്കും രക്ഷിതാക്കൾക്കും ഏറെ സഹായകരമായിരിക്കും. കൂടുതൽ വ്യക്തത ലഭിക്കാനായി ചില ഉദാഹരണങ്ങൾ ചേർക്കുന്നു.

- പരീക്ഷക്കാലത്ത് മുറിയിൽ ഒറ്റയ്ക്കിരുന്നു പഠിക്കുന്നതിലുള്ള പേടി. സ്കൂളിൽ ചെല്ലുമ്പോൾ തുറസ്സായ സ്ഥലത്തു സഞ്ചരിക്കാൻ പേടി.
- പരീക്ഷാഹാളിൽ കുട്ടികളുടെയിടയിൽ ഇരിക്കാൻ പേടി.
- പരീക്ഷാസംബന്ധമായി അധ്യാപകരോടും സുഹൃത്തുക്കളോടും സംശയങ്ങൾ ചോദിക്കാനും സംസാരിക്കാനും പേടി. ഇത്തരക്കാർക്ക് സ്റ്റേജിൽ കയറാനും പ്രസംഗിക്കാനും ഇന്റർവ്യൂ നേരിടാനും വൈവാ പരീക്ഷയ്ക്കും പേടിയുണ്ടായിരിക്കും.
- പരീക്ഷാഹാളിലും ക്ലാസുമുറിയിലും കടന്നുവരുന്ന ചിലന്തി, പാറ്റ, പല്ലി, ഈച്ച, മൂട്ട, പേൻ, ചിത്രശലഭം, കരിവണ്ട്, കൊതുക്, പ്രാണികൾ തുടങ്ങിയവയെക്കുറിച്ചുള്ള പേടി. ചിലന്തിയെ കണ്ടു ബോധം കെട്ടുപോയ വിദ്യാർഥിയുണ്ട്. പാറ്റയെ കണ്ട് ടോയ്‌ലറ്റിൽ കയറാതെ പേടിച്ചു നടന്ന പത്താംക്ലാസ് വിദ്യാർഥിയുണ്ട്.
- പരീക്ഷാഹാളിൽ ബ്ലേഡുപയോഗിച്ച് പെൻസിലിന്റെ മുനകൂട്ടിയപ്പോൾ വിരൽത്തുമ്പ് മുറിഞ്ഞു രക്തം വന്നപ്പോൾ പേടിച്ചവരുണ്ട്. നേഴ്സിങ് പഠിക്കാൻ പോയിട്ട് രക്തം കാണുമ്പോഴുള്ള പേടി കാരണം പഠനമുപേക്ഷിച്ചവരുണ്ട്.
- കിണർ, കുളം, നദി, തോട്, തുടങ്ങിയവ കാണുമ്പോളുണ്ടാകുന്ന പേടി. ഇതു ഹിസ്റ്റീരിയാരോഗമായിട്ടും വരാം. ഇത്തരക്കാർ ബോധംകെട്ടു വെള്ളത്തിൽ വീണു മരിച്ച സംഭവമുണ്ട്. സ്കൂളിൽനിന്ന് കടൽത്തീരത്തേക്കും മറ്റും ടൂർ പോകുമ്പോൾ ഇത്തരം ഫോബിയ ഉള്ള കുട്ടികൾക്കു സമ്മതപത്രം നൽകരുത്.

തീ കത്തിക്കുമ്പോൾ ചില കുട്ടികൾ പേടിച്ചുകരയാറുണ്ട്. (തീ കാണുമ്പോഴുള്ള പേടി) ഇതു വലിയ അപകടമാണ്.



ഇത്തരം ഫോബിയ ഉള്ളവർ ബോധംകെട്ടു തീയിൽ വീഴാം.

പല നിലകളുള്ള കെട്ടിടത്തിന്റെ തുറസ്സായ ബാൽക്കണിയും മറ്റും ചിലർക്കു ഭയകാരണമാണ്. തലകറക്കം ഉണ്ടാകും. വീഴാനും സാധ്യതയുണ്ട്. (ഉയരത്തിൽ നിൽക്കുമ്പോഴുള്ള പേടി). ഹോസ്റ്റലിനു മുകളിൽനിന്നു കാൽ വഴുതി വീണുവെന്നും മറ്റുമുള്ള വാർത്ത കാണുമ്പോൾ ഫോബിയമൂലം സംഭവിച്ചതാണോയെന്നു സംശയിക്കേണ്ടിയിരിക്കുന്നു.

വിദ്യാലയങ്ങളുൾപ്പെടെ പല സ്ഥാപനങ്ങളിലും ഇന്നു ലിഫ്റ്റുണ്ട്. ഇതു പേടിയുള്ള കുട്ടികളും മുതിർന്നവരും ധാരാളം.

- ചില കുട്ടികൾക്ക് അടച്ചുമൂടിയ വാഹനങ്ങളിൽ കയറാൻ പേടിയാണ്, പ്രത്യേകിച്ചു മഴക്കാലത്ത്. എയർ കണ്ടീഷൻ ഇടുമ്പോൾ കാറിൽ ഇരിക്കാൻ കഴിയാറില്ല (അടച്ചുമൂടിയ സാഹചര്യത്തോടുള്ള പേടി). (വണ്ടിയിൽ കയറുമ്പോൾ ചിലർ ഛർദിക്കുന്നത് വണ്ടി ചൊരുക്കുന്നതുകൊണ്ടാണ്. ഇതു ഫോബിയ അല്ല. അലർജിയാണ്. മനഃശാസ്ത്രപരിചരണത്തിലൂടെ ഇതു പൂർണമായി പരിഹരിക്കാവുന്നതാണ്.)
- പാമ്പിനോടുള്ള പേടി. മാരകവിഷമുള്ള പാമ്പുകളെ പേടിക്കണം. എന്നാൽ, വിഷമില്ലാത്ത പാമ്പുകളെ പേടിക്കുകയും ഓടിപ്പോവുകയും ചെയ്യുന്ന കുട്ടികളും മുതിർന്നവരും അനേകം.
- പട്ടിയോടുള്ള പേടി. പട്ടിയുടെ കടി മേടിച്ചിട്ടുള്ളവർക്കു പേടി-യുണ്ടാവുക സ്വാഭാവികം. ഇക്കാലത്ത് തെരുവുനായകളെ ഏറെ സൂക്ഷിക്കേണ്ടിയിരിക്കുന്നു. എന്നാൽ, വളർത്തുനായ്ക്കളെ പേടിച്ചാലോ?
- കോഴിയെ പേടി. വീട്ടിൽ വളർത്തുന്ന കോഴി, താറാവ്, പശു, ആട്, മറ്റു വളർത്തുമൃഗങ്ങൾ തുടങ്ങിയവയെ പേടിക്കുന്നരുമുണ്ട്. ഇത്തരം അനാവശ്യമായി പേടികൾ ഫോബിയ ആണ്.

കൂടാതെ, പ്രേതങ്ങളെ പേടി, യക്ഷിയെ പേടി, രാത്രിയിൽ പുറത്തിറങ്ങാൻ പേടി, ലൈറ്റ് പോയാൽ പേടി, ഒരു മുറിയിൽനിന്ന് അടുത്ത മുറിയിലേക്കു പോകാൻ പേടി ഇങ്ങനെ ഫോബിയകൾ ഒട്ടേറെയുണ്ട്. ഇവ ചെറുപ്പത്തിൽത്തന്നെ പരിഹരിക്കുന്നതാണു നന്ന്. സൈക്കോളജിസ്റ്റുകളുടെ സഹായം ഇക്കാര്യത്തിൽ വേണ്ടിവരും.

## ഹാലൂസിനേഷൻ

മനസ്സിലുണ്ടാകുന്ന മതിഭ്രമതോന്നലുകളാണ് ഹാലൂസിനേഷനുകൾ. കുട്ടികൾ മിക്കപ്പോഴും ദിവാസ്വപ്നങ്ങളിൽ മുഴുകുന്നു. സിനിമയിലും മറ്റും കാണുന്നത് യഥാർഥമായി ചിന്തിക്കുന്നു. സിനിമയിലെ കഥാപാത്രങ്ങളെ മനസ്സിൽ താലോലിക്കുന്നു. അവരെ അനുകരിക്കാൻ ശ്രമിക്കുന്നു. ക്ലാസിൽ അധ്യാപകർ പഠിപ്പിക്കുന്ന സമയത്തുപോലും കുട്ടികൾ ദിവസ്വപ്നം കണ്ടിരിക്കുന്നതു സാധാരണമാണ്.

**ഹാലൂസിനേഷനുകൾ അഞ്ചു തരത്തിൽ കാണപ്പെടുന്നു.**

### 1. കാഴ്ച

മിഥ്യാകാഴ്ചകളാണ് ഇവ. വ്യക്തിമാത്രമേ കാണുന്നുള്ളൂ. മറ്റുള്ളവർ കാണുന്നില്ല. എന്നാൽ, കണ്ടെന്നു പറയുന്നവർ ഓരോ ഭാഗവും കൃത്യമായി വിവരിക്കുകയും ചെയ്യും. അതു കണ്ടു, ഇതു കണ്ടു എന്നൊക്കെ കുട്ടികൾ തെളിവുസഹിതം വിവരിക്കുന്നത് ഇക്കാരണത്താലാണ്. ചിലർ മരിച്ചവരെ കാണുന്നു. വെള്ളവസ്ത്രം ധരിച്ച ആത്മാക്കളെ കാണുന്നു. ഇത്തരം കാഴ്ചകൾ കണ്ടു പേടിമൂലം ഉറങ്ങാൻ കഴിയാതെ വിഷമിക്കുന്നു ചില കുട്ടികൾ.

### 2. കേൾവി

മിഥ്യാശബ്ദങ്ങൾ കേൾക്കുന്നതാണിത്. വ്യക്തിമാത്രമേ കേൾക്കുന്നുള്ളൂ. മറ്റുള്ളവർ കേൾക്കുന്നില്ല. വ്യക്തി കൃത്യമായി കേൾക്കുന്നു. രാത്രിയിൽ മാത്രമല്ല പകലും ചിലപ്പോൾ ഇത്തരം ശബ്ദങ്ങൾ കേൾക്കുന്നതായി കുട്ടികൾ പറയാറുണ്ട്. ചില കുട്ടികൾ ഒറ്റയ്ക്കിരുന്നു സംസാരിക്കുന്നതു കാണാറില്ലേ? ഡയലോഗ് നടക്കുന്നതിന്റെ ലക്ഷണമാണ്. അങ്ങും ഇങ്ങും സംസാരിക്കും. നീ എന്താണു സംസാരിക്കുന്നതെന്നു ചോദിച്ചാൽ ഒന്നുമില്ലായെന്നു മറുപടി പറയുകയും ചെയ്യും.

### 3. ഗന്ധം

മിഥ്യാഗന്ധങ്ങൾ അനുഭവപ്പെടുന്നതാണ് ഇത്. സുഗന്ധവും ദുർഗന്ധവും ആകാം. റോസാപ്പൂക്കളുടെ സുഗന്ധം മൂക്കിൽ വരുന്നുണ്ട്, പുസ്തകത്തിനു മുല്ലപ്പൂവിന്റെ സുഗന്ധമുണ്ട്, ക്ലാസുമുറിയിൽ എന്തോ ദുർഗന്ധമുണ്ട്, എന്തോ ചീഞ്ഞുകിടക്കുന്നുണ്ട് എന്നിങ്ങനെ പോകുന്നു ഇവ. ഇതിന്റെ പേരിൽ ദിവ്യത്വം കല്പിക്കുന്നവരുമുണ്ട്.

### 4. രുചി

മിഥ്യാരുചികൾ അനുഭവപ്പെടുന്നതാണ് ഇത്. നാവിൽ ചില പ്രത്യേക രുചികൾ തോന്നും. രുചി ഇല്ലാതെയും വരും. രുചി മാറിവരുകയും ആവാം. മധുരത്തിനു പകരം കയ്പ് അനുഭവപ്പെട്ടേക്കാം.

### 5. സ്പർശനം

മിഥ്യാസ്പർശനങ്ങളാണ് ഇവ. താൻ പഠിച്ചുകൊണ്ടിരിക്കുമ്പോൾ ആരോ തോണ്ടുന്നു എന്നു കുട്ടികൾ പരാതി പറയാറുണ്ട്. ചിലപ്പോൾ വെറും തോന്നലായിരിക്കാം. ഇതു ദൈവികമായും പേടിപ്പെടുത്തുന്ന രീതിയിലും പറയും. ദൈവദൂതന്മാർ തോളിൽ കൈവച്ചു സംസാരിച്ചു, ഉറങ്ങുമ്പോൾ എന്തോ ദേഹത്തേക്കു വന്നുവീണു, വരിഞ്ഞുമുറുക്കി, അള്ളിപ്പറിച്ചു എന്നിങ്ങനെ. ഇത്തരം പാടുകൾ കൃത്യമായി കാണിക്കുകയും ചെയ്യും.

ഇവിടെ ശ്രദ്ധിക്കേണ്ട രസകരമായ ഒരു വസ്തുതയുണ്ട്. ഹാലൂസിനേഷൻ ഒരേസമയം ഒന്നിലധികം ആളുകൾക്ക് ഒരുപോലെ അനുഭവപ്പെടുന്ന ചില അവസരങ്ങൾ കണ്ടിട്ടുണ്ട്. ഉദാഹരണമായി, ഏഴാം ക്ലാസിൽ പഠിക്കുന്ന ഒരു കുട്ടിക്കും അച്ഛനും അമ്മയ്ക്കും ഒരേസമയം ഒരു നാലുകെട്ട് കത്തുന്ന കാഴ്ചയുടെ അനുഭവം ഉണ്ടായിട്ടുണ്ട്. ചില അദ്ഭുതങ്ങൾ അനവധി ആളുകൾ ഒരേസമയം കണ്ട സംഭവങ്ങൾ നമുക്കറിയാം. അവ ഒന്നിലധികം പേർക്ക് ഒരേസമയം ഉണ്ടാകുന്ന ഹാലൂസിനേഷനുകൾ ആയിരിക്കാം. അല്ലാത്തപക്ഷം ശാസ്ത്രീയമായി തെളിയിക്കപ്പെടണം.

## ഉന്മാദാവസ്ഥ

മാനസികപ്രശ്നങ്ങളിൽ ഏറ്റവും ഗുരുതരമായതാണ് ഉന്മാദരോഗം. നൂറു ശതമാനവും മനസ്സിന്റെ സമനില തെറ്റിപ്പോകുന്ന അവസ്ഥ. അക്രമസ്വഭാവത്തിലേക്ക് ഇതു പരിണമിക്കാറുണ്ട്. ലഘുവായ രീതിയിലും കുട്ടികളിൽ ഇതു കാണപ്പെടുന്നു. ഒരു ഉദാഹരണത്തിലൂടെ വ്യക്തമാക്കാം. പത്താം ക്ലാസിൽ പഠിക്കുന്ന ഒരു ആൺകുട്ടി. അധ്യാപകൻ നിൽക്കാൻ പറഞ്ഞാൽ ഇരിക്കും. ഡസ്കിനടിയിൽ കയറി ഒളിച്ചിരിക്കും. ക്ലാസിൽനിന്ന് ഇറങ്ങിപ്പോകും. ഒരിക്കൽ ഈ കുട്ടി സ്കൂളിൽനിന്നുതന്നെ ഒളിച്ചോടി. പോലീസിന്റെ സഹായത്തോടെയാണ് കുട്ടിയെ കണ്ടെത്തിയത്. ഒരു പെൺകുട്ടിയുടെ ഉദാഹരണം കൂടി പറയാം. എസ്.എസ്.എൽ.സി. പരീക്ഷ നടക്കുന്നു. ഇൻവിജിലേറ്റർ എന്തോ വഴക്കു പറഞ്ഞു. കുട്ടി ചോദ്യപ്പേപ്പറും ഉത്തരപ്പേപ്പറും വലിച്ചുകീറിയെറിഞ്ഞിട്ട് സ്കൂളിൽനിന്ന് ഇറങ്ങിപ്പോയി. ഒരു ഓർഫനേജിലെ വാർഡനായ കന്യാസ്ത്രീയുടെ കഴുത്തിനു കുത്തിപ്പിടിച്ച ഒൻപതാം ക്ലാസുകാരി പെൺകുട്ടിയെയും നേരിട്ടറിയാം.


ഓട്ടിസം അഥവാ മെന്റലി ചലഞ്ച്ഡ് ആയ കുട്ടികൾ പെട്ടെന്ന് വയലന്റാകാനുള്ള സാധ്യത കൂടുതലാണ്. ഓട്ടിസം ബാധിച്ച ഒരു ആൺകുട്ടിയെ സഹപാഠി കളിയാക്കിയതിന്റെ പേരിൽ കൊല്ലാൻ തുടങ്ങിയ അനുഭവം ഓർമയിലുണ്ട്.

■



## ഓശാനപ്പെരുന്നാൾ

# ഒലീവിലയും കുരുത്തോലയും



എതിരൻ കതിരവൻ

"ഓമനക്കൈയിൽ ഒലീവില ക്കൊമ്പുമായ് ഓശാനപ്പെരുന്നാളു വന്നൂ..." അന്ന്, 1963 ൽ ഈ പാട്ടുകേട്ടപ്പോൾ ഓശാന ഒലീവിലയുമായി ബന്ധപ്പെട്ട ഒരു ആഘോഷമെന്നേ കരുതിയുള്ളൂ. ആയിടെ ഇറങ്ങിയ 'ഭാര്യ' എന്ന സിനിമയിലെ ഹിറ്റുപാട്ടാണിത്. തിരുവല്ലയിലെ ഒരു കുപ്രസിദ്ധ കൊലപാതകക്കേസിന്റെ ആവിഷ്കാരമായിരുന്നു ഈ സിനിമ. ഭർത്താവിനാൽ അവഗണിക്കപ്പെട്ട ഭാര്യയുടെ വിലാപം. ഈ സിനിമ പാലാ യൂണിവേഴ്സലിൽനിന്ന് കണ്ട ഓർമയുണ്ട്. എന്നാൽ, അധികം താമസിയാതെ ഇറങ്ങിയ 'ഇണപ്രാവുകൾ' എന്ന സിനിമയിലെ 'കുരുത്തോലപ്പെരുനാളിനു പള്ളിയിൽ പോയ് വരും കുഞ്ഞാറ്റക്കുരുവികളേ' എന്ന പാട്ട് സ്വല്പം ആശയക്കുഴപ്പത്തിൽ എത്തിച്ചു. ഓശാനപ്പെരുനാൾതന്നെയല്ലേ കുരുത്തോലപ്പെരുനാൾ? അങ്ങനെയാണല്ലോ പാലായിലെ സുഹൃത്തുകൾ പറഞ്ഞുതരുന്നത്. ഓശാനയ്ക്ക് ഒലീവിലക്കൊമ്പാണോ കുരുത്തോലയാണോ ഉപയോഗിക്കാറ്? പാലാക്കാരനായ എനിക്ക് ഇതറിയില്ലെന്നു നാലുപേരോട് എങ്ങനെ പറയും? അന്നത്തെ പരിമിതസാഹചര്യങ്ങളൊക്കെവച്ച് ഒരു അന്വേഷണം നടത്തി. രണ്ടും വയലാർ രാമവർമ എഴുതിയതാണ്. വയലാറിനു തെറ്റിപ്പോയോ? 'ഭാര്യ' സിനിമയ്ക്ക് കഥയും സംഭാഷണവും ചമച്ചത് കാനം ഇ.ജെ. ആണ്. 'ഇണപ്രാവുകൾ'ക്ക് മുട്ടത്തു വർക്കിയും. ഇവർ വയലാറിനെ തെറ്റിദ്ധരിപ്പിച്ചുവോ?

കിട്ടാവുന്ന ബൈബിൾ ആകെ വായിച്ചുനോക്കി. യേശുവിന്റെ പ്രസിദ്ധമായ യെരുശലേംപ്രവേശനമാണ് തിരുനാളായി കൊണ്ടാടുന്നത്. കഴുതപ്പുറത്തു വരുന്ന യേശുവിനുമുന്നിൽ ഭവ്യതയോടെ, ഇന്നത്തെ രീതിയിലാണെങ്കിൽ 'red carpet welcome' നൽകുകയാണ് ഭക്തർ, വഴിയിൽ ഈന്തപ്പനയുടെ ഓലകൾ വിരിച്ച്. യോഹന്നാന്റെ സുവിശേഷത്തിൽമാത്രമാണ് ഇങ്ങനെ പനയുടെ ഓല എന്നു വ്യക്തമാക്കുന്നത്. മത്തായിയുടെ സുവിശേഷത്തിൽ 'ചിലർ മരച്ചില്ലകൾ നിരത്തി' എന്നേയുള്ളൂ. മർക്കോസിന്റെ വിവരണത്തിൽ 'ചിലർ വയലിൽനിന്ന് പച്ചിലച്ചില്ലകൾ ഒടിച്ചുകൊണ്ടുവന്നു' എന്നുമാത്രം. 'വസ്ത്രങ്ങൾ വഴിയിൽ വിരിച്ചു' എന്ന് ലൂക്കോസ്. ഒലീവുമല വളരെ അടുത്താണെങ്കിലും ആരും ഒലീവുചില്ലകൾ കൊണ്ടുവന്നതായിട്ട് കൃത്യമായിട്ടു രേഖപ്പെടുത്തിയിട്ടില്ല. എനിക്കു സംശയമായതുകൊണ്ട് ഇംഗ്ലീഷ്ബൈബിൾ നോക്കിയാലോ എന്ന് ആലോചിച്ചു. അന്ന് പാലായിൽ അതു കിട്ടാനില്ല. സെന്റ് തോമസ് സ്കൂളിലെ ഞങ്ങളെ ഇംഗ്ലീഷ് പഠിപ്പിക്കുന്ന ഉലഹന്നൻസാറിനോടു ചോദിച്ചു. ഇംഗ്ലീഷിൽ 'Palm Sunday' എന്നാണെന്ന് അദ്ദേഹം സ്ഥിരീകരിച്ചു. പന വിജയപ്രാപ്തിയുടെയും ആനന്ദത്തിന്റെയും നിതാന്തമായ ജീവന്റെയും സൂചകമായിരുന്നു അക്കാലത്ത്. പനയോലകൊണ്ടു മെടഞ്ഞ കുട്ടകളായിരുന്നത്രേ ദൈവികകാര്യങ്ങൾക്ക് ഉപയോഗിച്ചിരുന്നത്. അങ്ങനെ അതിബഹുമാനത്തിന്റെയും ഭക്തിയുടെയും നിറവിൽ വിരിക്കപ്പെട്ട കുരുത്തോലപ്പരവതാനിമേൽ നീങ്ങിയ യേശുവിനെക്കണ്ട് ആഹ്ലാദചിത്തരായി "ഓശാന... ദാവീദിൻ സുതന് ഓശാന.." എന്ന് ആർപ്പുവിളിച്ചത്രേ ആരാധകർ. മോക്ഷം തരിക, രക്ഷിക്കുക, വിജയീഭവ എന്നൊക്കെ അർഥമുണ്ട് 'ഓശാന'യ്ക്ക്.

എങ്കിൽ വയലാർ ഓമനക്കൈയിൽ ഒലിവിലക്കൊമ്പുമായ്' എന്ന് എന്തുകൊണ്ട് എഴുതി? ഇതിനു എനിക്ക് ഒരു തീർപ്പുകിട്ടിയത് വളരെ വർഷങ്ങൾ കഴിഞ്ഞിട്ടാണ്. ക്രിസ്തുമതം യൂറോപ്പിലാകമാനം പടർന്നുവ്യാപിച്ചു, ഈ മരച്ചില്ലയാഘോഷം മോക്ഷപ്രാപ്തിയുടെ അപേക്ഷ എന്ന നിലയിൽ നിലനിന്നു. പക്ഷേ, ഇറ്റലിയിലൊക്കെ എങ്ങനെ പനയോല കിട്ടും? അവിടെ സമൃദ്ധമായിരുന്ന ഒലീവിലകളും കൊമ്പുകളും അവർ ഉപയോഗിച്ചു. ഒലീവില പണ്ടേയ്ക്കുപണ്ടേതന്നെ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും അതിജീവനപ്രാപ്തിയുടെയും പ്രതിബിംബമായി അംഗീകരിക്കപ്പെട്ടതായിരുന്നു. മഹാപ്രളയത്തിന്റെ അവസാനം നോഹ രണ്ടു പ്രാവുകളെ പറത്തിവിട്ടപ്പോൾ അവർ ഒലിവുകൊമ്പുകളുമായാണ് തിരിച്ചെത്തിയത്. ശുഭപ്രതീക്ഷയുടെയും ഏതു ദുർഘടങ്ങളും അതിജീവിക്കുമെന്നുള്ള നിശ്ചയദാർഢ്യത്തിന്റെയും സൂചന. അങ്ങനെ യൂറോപ്പിൽ ഉളവായ ഒലീവിലപ്പതിവ് മറ്റു രാജ്യങ്ങളും പിൻതുടരുകയാണുണ്ടായത്. (എന്നാൽ, ഒമ്പതാം നൂറ്റാണ്ടോടെ യൂറോപ്പിൽ പലയിടത്തും ഒലീവുമരങ്ങൾ അപ്രത്യക്ഷമായെന്ന ചരിത്രസത്യവുമുണ്ട്, ഓർമിക്കേണ്ടതായി). ചില പ്രത്യേകസഭകൾ ഒലീവുമാത്രം ഉപയോഗിക്കുമെന്ന തീരുമാനവുമെടുത്തു പിന്നീട്. കേരളത്തിൽ തെങ്ങിന്റെ കുരുത്തോല സ്വാംശീകരിക്കപ്പെട്ടപോലെ. വയലാറിനു തെറ്റിയിട്ടില്ല, ഒലീവിലക്കൊമ്പുമായ് ഓശാനപ്പെരുനാൾ വരുന്നത് സുന്ദരസങ്കല്പംതന്നെ.

പാലായിലെ പെസഹയെക്കുറിച്ചും ഈസ്റ്ററിനെ (നോയമ്പുവീടൽ)ക്കുറിച്ചും ദീപ്തമായ ഓർമകളാണുള്ളത്. പെസഹാ അപ്പം പലപ്പോഴും രുചിച്ചുനോക്കാൻ ഇടവന്നിട്ടുണ്ട്, കൂട്ടുകാരുടെ സൗജന്യസംഭാവനയാൽ. ഞങ്ങൾക്കു പരിചയമില്ലാത്ത നൂതനരുചിയാണ് പെസഹാ അപ്പത്തിന്. പുളിപ്പിക്കാത്ത അരിമാവ് (ഉഴുന്നും) ആണെങ്കിലും അതീവമൃദുവാണ് ഈ അപ്പം. കൂടെ നേർത്ത ശർക്കരപ്പാനിയും. രണ്ടു കുരുത്തോലക്കഷണങ്ങൾകൊണ്ട് കുരിശുരൂപം ഈ അപ്പത്തിനുമേൽ വയ്ക്കുന്നത് ആചാരമാണ്. നോയമ്പുവീടലിനും ഇതുപോലത്തെ അപ്പമുണ്ട്. ഇന്നത്തെ തലമുറയ്ക്ക് അത്ര പരിചിതമല്ലാത്ത 'ഇണ്ട്രിയപ്പം' എന്നാണിതിനു പേര്. നോയമ്പുകാലത്ത് മീനച്ചിലിലെ ക്രൈസ്തവവീടുകളിൽനിന്നു കേൾക്കുന്ന 'പാന' തികച്ചും ദുഃഖോദ്ഗമനകാരിയാണ്. "അമ്മ കന്യാമണി തന്റെ നിർമലദുഃഖങ്ങളിപ്പോൾ നന്മയാലേ മനസ്സുറ്റു കേട്ടുകൊണ്ടാലും' പലേ തവണ കേട്ട് ഞങ്ങൾ മനഃപാഠമാക്കിയിരുന്നു. ചങ്കുപൊട്ടുന്ന ഒരു അമ്മയുടെ വിലാപമാണ്, അകാലത്തിൽ കൊലചെയ്യപ്പെട്ട മകനെയോർത്ത്. 'സഹിച്ചോ പുത്രാ, വലഞ്ഞോ പുത്രാ, മരിച്ചോ പുത്രാ' എന്നൊക്കെ ഒന്നിടവിട്ട വരികളിൽ നേരിട്ട് മാഴ്കുന്ന അമ്മ. മലയാളത്തിൽ 'ദുഃഖവെള്ളിയാഴ്ച' എന്നു വിവക്ഷിക്കുന്നത് ഇംഗ്ളീഷിൽ 'Good Friday' ആയത് പലപ്പോഴും അന്ധാളിപ്പു സൃഷ്ടിച്ചിട്ടുണ്ട്. പിന്നെയാണറിഞ്ഞത് ആ 'good' എന്ന വാക്ക് പണ്ട് ദൈവികമായത്, വിശുദ്ധിയാർന്നത് എന്നൊക്കെ സൂചിപ്പിക്കാൻവേണ്ടി ഉപയോഗിച്ചിരുന്നുവത്രേ.

ഇവിടെ, അമേരിക്കയിൽ പലപ്പോഴും ജൂതസുഹൃത്തുക്കളുടെ പെസഹാ അത്താഴത്തിൽ പങ്കെടുക്കാൻ സാധിച്ചിട്ടുണ്ട്, ക്രിസ്ത്യാനികളുടെ നോയമ്പുവീടലിനും. 'ഇണ്ട്രിയപ്പം' സ്വയം ഉണ്ടാക്കാൻ ശ്രമിച്ച എനിക്ക് ദയനീയമായ പരാജയം ആയിരുന്നുവെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു.

■



കവിത

ഡോ. നെത്തല്ലൂർ ഹരികൃഷ്ണൻ

## പെസഹാവാഴ്വ്

നിശാതീരം പുല്കും
ആ സ്വപ്നഭൂവിൽ
ഒലീവുകൾ പൂക്കും ദേവ-
താഴ്വാരങ്ങൾ കണ്ടൂ...

കരുണതൻ നാഥാ, നിൻ
മിഴിയരികിലെന്നെ
അലിവോടെ ചേർക്കുമോ
അതിലൂടെ കാക്കുമോ?

വെൺതിരിനാളങ്ങൾ
നിനവോടെ തെളിയുമ്പോൾ
അതിനുള്ളിൽ നിൻരൂപം
കനിവോടെ വിടരുന്നു

നിഴലായെൻ കൂടെന്നും
കദനങ്ങൾ നീ, മായിച്ചു
മുൾവഴിതാണ്ടി നീ,യെൻ
അഴലെല്ലാം മാറ്റാനായ്

പെസഹായിൽ വാഴ്ത്തുന്നേൻ
തിരുമുന്നിൽ വന്നീടാൻ
വേദനകൾ മായുന്നെൻ
മനതാരിൽ നീ നിറയേ...

പാപ്പച്ചൻ കടമക്കുടി

നോവൽ 18

# ചക്രവർത്തിനി

**രാ**ജകിങ്കരന്മാർ ഹാമാന്റെ മാളിക വളഞ്ഞു.

സേരെഷും മക്കളും ഭാര്യമാരുമെല്ലാം പിൻവാതിലിലൂടെ ഓടിരക്ഷപ്പെട്ടു. വീടിനുള്ളിലും വളപ്പിലുമുണ്ടായിരുന്ന അനാവശ്യസാധനങ്ങളെല്ലാം തകർത്തു തരിപ്പണമാക്കിത്തീയിട്ടു. പരിചാരകവൃന്ദത്തെ പിടിച്ചുകെട്ടി ഹാഗാനെ ഏല്പിച്ചു.

ഹാമാന്റെ കുബുദ്ധി രാജ്യമാകെ വിളംബരംചെയ്ത രാജശാസനത്തിന്റെ ദൂഷിതവലയത്തിനുള്ളിലാണിപ്പോഴും സ്വജനങ്ങളെന്ന വ്യാകുലം മൊർദെക്കായിയുടെ മനസ്സിനെ ഉലച്ചുകൊണ്ടിരുന്നു. വരുന്ന ആദാർമാസത്തിലെ ആ ഇരുണ്ട ദിവസത്തിന്റെ കരാളത അയാളുടെ ഉറക്കംകെടുത്തി. പ്രധാനസ്ഥാനത്തെത്തിയെങ്കിലും അതിനെതിരേ ഒന്നും ചെയ്യാനാവാത്ത നിസ്സഹായാവസ്ഥ. ഒരു പോംവഴി കണ്ടെത്തണമല്ലോ.

മൊർദെക്കായിയുടെ നിർദേശപ്രകാരം ഹാമാന്റെ കൊട്ടാരത്തിലെ അനാവശ്യ എടുപ്പുകൾ തകർത്തുകളയാൻ പണിക്കാരെത്തി.

ആ സമയത്ത് പിന്നാമ്പുറത്തുകൂടി കൈയിലൊരു പൊതിയുമായി പതുങ്ങിപ്പതുങ്ങി ഒരാൾ.

വേലക്കാർ അയാളെ പൊക്കി.

"എന്താടാ ഇവിടെ?"

അവൻ തോൾ കുലുക്കി ഒന്നുമില്ലായെന്ന് ആംഗ്യം കാണിച്ചു.

അവന്റെ ഉത്തരം പണിചെയ്യുന്നവർക്കു വിശ്വാസമായില്ല.

എത്ര പ്രാവശ്യം ചോദിച്ചിട്ടും മറ്റൊന്നും പറയുന്നുമില്ല. അവർ അയാളെ മൊർദെക്കായിയുടെ മുന്നിലെത്തിച്ചു. അവൻ അയാളെ നോക്കാതെ, മുഖംകാണിക്കാതെ കുനിഞ്ഞുനിന്നു.

"നീയാരാ?"

മൊർദെക്കായ് ചോദിച്ചു. അവൻ മിണ്ടിയില്ല

"നിന്നെ ഞാനെവിടെയോ കണ്ടിട്ടുണ്ടല്ലോ."

അവൻ പതുക്കെ കണ്ണുകളുയർത്തി.

പിന്നെ പെട്ടെന്ന് അവൻ മൊർദെക്കായിയുടെ കാലുകളിൽവീണു പൊട്ടിക്കരഞ്ഞു.

"രഥാസ്തനോവിന്റെ അടിമയല്ലേ നീ? നീയെവിടെയായിരുന്നു?"

"അതെ യജമാനനേ."

അയാൾ വിതുമ്പി.

അന്ന് എന്റെ യജമാനനെ പട്ടാളക്കാർ പിടിച്ചു വലിച്ചിഴച്ചുകൊണ്ടുപോയപ്പോൾ ഞാനും പിന്നാലേ ഓടി. കുറച്ചു ദൂരത്തെത്തിയപ്പോൾ ഒരു പട്ടാളക്കാരൻ പിന്നോട്ടുവന്ന് എന്നെയും പിടിച്ചുകൊണ്ടുപോയി. രാത്രിയുടെ മറവിൽ ഇരുട്ടുവഴികളിലൂടെ,

എത്ര ദൂരമെന്നറിയില്ല. ഒരു വലിയ വീടിന്റെ നിഴൽ കണ്ടുതുടങ്ങിയപ്പോൾ എന്നെപ്പിടിച്ചിരുന്നവനോട് കല്പിച്ചു:

"അവനെ വിട്ടേക്ക്."

ആ വേഗത്തിൽ അവനെന്നെ ഉപേക്ഷിച്ചു.

ഞാൻ പിടിവിട്ട് കറങ്ങിത്തിരിഞ്ഞ് പൊന്തക്കാട്ടിലേക്കുവീണു. എല്ലായിടത്തും മുറിവുപറ്റി.

ചോരയൊലിപ്പിച്ച്, വേദന കടിച്ചമർത്തി കുതിരക്കാർപാഞ്ഞ വഴിയിലൂടെ നടന്ന് ആ വലിയവീടിന്റെ പരിസരത്തെത്തി.

ആരാണവിടെ താമസിക്കുന്നത്? അറിയില്ല.

ധാരാളം പരിചാരകരുണ്ട്. നല്ലതിരക്കാണ്.

യജമാനനെവിടെ?

പതുക്കെ പാത്തുപതുങ്ങി നടന്നു.

ശ്രദ്ധിച്ചു. അകത്തുനിന്ന് ആരൊക്കെയോ ഇറങ്ങി വരുന്നു.

അവർ ചങ്ങലയിൽ ബന്ധിച്ച് യജമാനനെ കൊണ്ടുവരികയാണ്.

തിരുമനസ്സിന്റെ കാരുണ്യമാ.

നിന്നെക്കൊല്ലുന്നില്ല. നിലവറയിലിടുകയാ. പട്ടിണികിടന്നു ചാകാമല്ലോ.

അവർ ക്രൂരമായി ചിരിച്ചു. വാതിലൊന്നു ചാരി. ഇരുളിൽ താഴേക്കിറങ്ങിപ്പോയി.

ശബ്ദമെല്ലാം നിലച്ചപ്പോൾ



ഞാൻ അങ്ങോട്ടുനടന്നു. ഒരു ഇരുട്ടുമുറി. അവിടെ നടുക്കുള്ള ഒരു തൂണിൽ ചങ്ങലകൊണ്ട് ബന്ധിച്ചിട്ടിരിക്കയാണ് യജമാനനെ.

തല തൂങ്ങിക്കിടക്കുന്നു.

യജമാനനേ...

ഞാൻ പതിഞ്ഞ ശബ്ദത്തിൽ വിളിച്ചു. അദ്ദേഹം മുഖമുയർത്തി. ഇരുട്ടിൽ കാണാനാവുന്നില്ലെങ്കിലും പരസ്പരം മനസ്സിലായി.

നീയെങ്ങനെ...?

ചോദിച്ചു തീരുംമുമ്പ് ആരൊക്കെയോ വരുന്ന ശബ്ദം.

പൊയ്ക്കോ. അവരാരും കാണണ്ടാ.

യജമാനൻ ആജ്ഞാപിക്കുന്നതുപോലെ അപേക്ഷിച്ചു.

വേഗത്തിൽ വാതിലിനപ്പുറം കടന്നു. പതുങ്ങിനിന്നു. മൂന്നുനാലു പേരുണ്ട്. അവരിലൊരാൾ പറഞ്ഞു:

പാവം, സ്വതന്ത്രമായി കിടന്നു മരിച്ചോട്ടെ. ചങ്ങലകൾ അഴിച്ചു മാറ്റിയേക്കാം.

രഥാസ്തനോവിന്റെ ബന്ധനങ്ങൾ അഴിച്ചു.വാതിൽ പുറത്തുനിന്നു പൂട്ടി സീൽവച്ചു.

എല്ലാവശവും പരിശോധിച്ചു. അകത്തു കടക്കാൻ മറ്റു വഴിയൊന്നും കണ്ടില്ല.എങ്ങനെയെങ്കിലും പൂട്ടുതുറക്കാമെന്നു വച്ചാൽ അതൊരുപക്ഷേ യജമാനനെ കൂടുതൽ ഉപദ്രവിക്കാൻ ഇടയാക്കിയാലോ! ഒരു ജനലുണ്ട്.

ഇരുമ്പിന്റെ അഴികൾ ഉള്ളതാണ്. കൈകൾ കടത്താനുള്ള അകലമുണ്ട്. അകവുമായി ബന്ധപ്പെടാനുള്ള ഒരേയൊരു വഴി.

ഞാൻ പിന്നെ കൂടാരത്തിലേക്കു തിരിച്ചുപോയില്ല. പിച്ചക്കാരുടെ തെരുവിൽ അവരോടൊപ്പം കഴിഞ്ഞു.

രാത്രിയാവുമ്പോൾ കിട്ടുന്നതെന്തായാലും യജമാനനുവേണ്ടി കൊണ്ടുവരും. ആരുംകാണാതെ ആ ജനലഴികൾക്കിടയിലൂടെ ഇട്ടുകൊടുക്കും. അല്ലാതെ എനിക്കെന്തു ചെയ്യാനാവും?

ഈ വീട്ടുകാരെയൊക്കെ രാജാവിന്റെ ആളുകൾ പിടിച്ചുകൊണ്ടുപോയെന്നാണു കേട്ടത്. പട്ടാളക്കാരുടെ റോന്തുമൂലം മൂന്നുനാലു ദിവസമായി കാണാൻ ഒരു സൗകര്യവും കിട്ടിയിട്ടില്ല. ഇപ്പോൾ ഞാൻ യജമാനനെ കാണാൻവന്നതാണ്.

അവന്റെ കഥകേട്ട് മൊർദെക്കായ് അന്തംവിട്ടിരുന്നു.

അദ്ദേഹം വേഗത്തിൽ അവനെയും പരിചാരകരെയുംകൂട്ടി അങ്ങോട്ടുനടന്നു. പൂട്ടിയിട്ടിരിക്കുന്ന ആ മുറിയുടെ മുന്നിലെത്തി.

പൂട്ടുതകർത്ത് അകത്തുകടന്നു. ഒരു കുടുസുമുറി. ആകെ വൃത്തിഹീനമായ ഒരിടം. ദുർഗന്ധം വമിക്കുകയാണ്. അവിടെ ഒരുമൂലയിൽ തളർന്നുകിടക്കുന്ന ഒരു മനുഷ്യൻ. മൊർദെക്കായിയുടെ പരിചാരകർ അയാളെ പുറത്തേക്കെടുത്തു.

ക്ഷീണിച്ച് അവശനാണ്.

മൂന്നു ദിവസത്തിലേറെയായി ഭക്ഷണവും വെള്ളവും കഴിച്ചിട്ട്.

അയാളെ കുളിപ്പിച്ചു വൃത്തിയാക്കി. ആഹാരം കൊടുത്തു.

ഊർജസ്വലനായിരുന്ന യഹൂദന്റെ രൂപം കണ്ട് മൊർദെക്കായി സങ്കടപ്പെട്ടു. അയാൾ വിളിച്ചു.

"രഥാസ്തനോവേ...!"

അവന്റെ മുഖത്ത് പ്രകാശം വന്നു.

മൊർദെക്കായുടെ നിർദേശപ്രകാരമുള്ള ശുശ്രൂഷകൾക്കു ശേഷം രഥാസ്തനോവിനെയും അടിമയെയും കൂടാരത്തിലേക്കു മാറ്റി.

കാണാതെപോയ രത്നം തിരിച്ചു കിട്ടിയാലുണ്ടാകുന്ന അമിതസന്തോഷത്തോടെ മൊർദെക്കായി അവനോടു ചേർന്നുനിന്നു. മരിച്ചു പോയവന്റെ ഉയിർത്തെഴുന്നേല്പാണിത്. കരയണോ ചിരിക്കണോ എന്നറിയാതെ രണ്ടു മനസ്സുകളും വിങ്ങിപ്പൊട്ടി.

അവരുടെ തിരിച്ചുവരവ് കൂടാരവാസികൾക്കും വലിയ ആഘോഷമായി.

അന്നുരാത്രി നഗരവീഥിയിലൂടെ ഒരു കുതിരവണ്ടിയോടിച്ചു പോവുകയാണ് ഹാഗായ്. മൊർദെക്കായിയുടെ പുതിയ വീട്ടിൽ നിന്നു തിരികെ കൊട്ടാരത്തിലേക്കുള്ള യാത്ര.

വണ്ടിക്കുള്ളിൽ മറ്റാരുമില്ല.

പുറത്ത് രാജവീഥിയിൽ വഴിവിളക്കുകളുടെ പ്രകാശം മാത്രമേയുള്ളു. അധികം ആളുകളില്ല. കുറച്ചു കാൽനടയാത്രക്കാർ. അവിടവിടെ അടിമകളുടെ ചെറുസംഘങ്ങൾ സംസാരിച്ചുകൊണ്ടിരിപ്പുണ്ട്. രാത്രിക്കിളികൾ പുറത്തിറങ്ങിത്തുടങ്ങി. വീഥിയിൽ ഇടവഴികൾ ചേരുന്നിടത്ത് അവരങ്ങനെ ഒച്ചയിട്ട് ഉപഭോക്താക്കളെ ആകർഷിക്കുകയാണ്.

രാത്രിയുടെ തീവ്രത പത്തോപത്തരയോ! അതിലധികമൊന്നും ആയിട്ടില്ല. പെട്ടെന്ന് വീഥിയുടെ ഇടതുവശത്തുള്ള ഒരു ഇടവഴിയിൽനിന്ന് ഒരാൾ ഓടിവന്നു. പരിഭ്രമത്തോടെ എന്തെല്ലാമോ വിളിച്ചുകരഞ്ഞുകൊണ്ട് വണ്ടിയുടെ മുന്നിലേക്കുവീണു.

കുതിരക്കാലുകൾ അയാളുടെമേൽ ചവുട്ടി മുറിവേല്പിക്കേണ്ടതാണ്. ഹാഗായ് അതിവിദഗ്ധമായി വണ്ടി വേഗത്തിൽ തിരിച്ചുനിറുത്തി. കുതിരകൾ തീവ്രമായൊരു ശബ്ദം പുറപ്പെടുവിച്ചു.

ഭാഗ്യം...!

കുതിരക്കുളമ്പുകളുടെ ചവിട്ടേറ്റിട്ടില്ല അയാൾക്ക്.

ഇത്തിരി മാറിയിരുന്നെങ്കിൽ കുതിരകൾ അയാളുടെ മുകളിലൂടെ ചവുട്ടിക്കയറിയിറങ്ങുമായിരുന്നു.

"എവിടെ നോക്കീട്ടാഡാ നായേ ഓടുന്നത്?"

ഹഗായിക്ക് ദേഷ്യമടക്കാനായില്ല.

പിന്നാലെ ഒരു തെറിയും വിളിച്ചു.

അതിനുശേഷമാണ് വണ്ടിയിൽ നിന്നിറങ്ങിച്ചെന്ന് വീണവനെ ശ്രദ്ധിച്ചത്.

അയാൾ എങ്ങനെയൊക്കെയോ ചാടിപ്പിടഞ്ഞെണീറ്റു. നേരെ നില്ക്കാനാവുന്നില്ല. മുഖവും ദേഹവുമാകെ ചോരയിൽ കുതിർന്നിട്ടുണ്ട്. വീഴ്ചയിൽ പറ്റിയതാണോ? അതോ ഇടവഴിയിൽനിന്ന് ഓടിവരുമ്പോഴേ ഇങ്ങനെയായിരുന്നോ? എന്തെന്നറിയാതെ ഒരുനിമിഷത്തേക്ക് ഹഗായ് പകച്ചുപോയി.

രക്ഷിക്കണേ, രക്ഷിക്കണേ...

ആർത്തുകൊണ്ട് അയാൾ കാലിൽവീണു.

പിടിക്കുകയോ സഹായിക്കുകയോ ചെയ്യാതെ ഹാഗായ് സ്തംഭിച്ചു നോക്കിനില്ക്കേ അയാൾ വണ്ടിയിലേക്ക് എങ്ങനെയോ ചാടിക്കയറി.

നീയാരാ, നിനക്കെന്താ പറ്റിയത്?

അവൻ ഉത്തരം പറയും മുമ്പേ ഒരു യുവതി കൈയിലൊരു കൊച്ചുകുഞ്ഞിനെയും മാറിലടുക്കിപ്പിടിച്ചുകൊണ്ടോടിയെത്തി. ചുറ്റിലുംതിരയുകയാണ് പരിഭ്രമക്കണ്ണുകൾ.

"വാ... വാ... ഇങ്ങോട്ടു കേറിക്കോ."

അവൻ വണ്ടിക്കകത്തുനിന്നു വിളിച്ചുപറഞ്ഞു.

അവൾ ചാടിപ്പിടഞ്ഞ് ഒരുവിധം അതിനുള്ളിൽ കയറിപ്പറ്റി.

ഹാഗായ് അവരുടെ അടുത്തേക്കുചെന്നു.

രണ്ടുപേരും പേടിച്ചരണ്ടതുപോലെ വണ്ടിയുടെ മൂലയിൽ പതുങ്ങിയിരിക്കുന്നു.

"വേഗം പോകാം, അവന്മാർ വരും."

അയാൾ വേവലാതിപ്പെട്ടു.

ഹഗായ് ചോദിച്ചു:

"ആര്?"

"എന്നെ വെട്ടിയവര്."

അപ്പോഴാണ് ഹഗായ് അയാളുടെ മുറിവുകൾ കൂടുതൽ ശ്രദ്ധിച്ചത്! ഉടലാകെയുണ്ട്. ചിലതെല്ലാം ആഴത്തിലുള്ളവയാണ്.

അവർ ആ ഇടവഴിയിൽത്തന്നെയുണ്ട്. അവരുടെ കയ്യിൽ വാളും വടിയും കത്തിയും എല്ലാമുണ്ട്. ഇവിടെ നിന്നാൽ അവർ നിങ്ങളെയും ആക്രമിക്കും.

ശേഷം 16-ാം പേജിൽ

# ഇലക്ടറൽ ബോണ്ടും തിരഞ്ഞെടുപ്പുഫലവും

നേർമൊഴി



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

ഇലക്ടറൽ ബോണ്ട് തിരഞ്ഞെടുപ്പുഫലത്തെ നിശ്ചയിക്കുമോ എന്ന ചോദ്യത്തിനുത്തരം പണം തിരഞ്ഞെടുപ്പുഫലത്തെ നിർണയിക്കുമെന്നാണ്. തിരഞ്ഞെടുപ്പ് ജനാധിപത്യത്തിന്റെ ആഘോഷമാണ്; അതു ജനങ്ങളുടെ ഉത്സവമാണ് എന്നൊക്കെ ആലങ്കാരികഭാഷയിൽ പറഞ്ഞാലും അതു ഭാരിച്ച സാമ്പത്തികം ഉൾപ്പെടുന്ന വലിയ ബിസിനസ്സുതന്നെയാണ്. തിരഞ്ഞെടുപ്പിലെ ധൂർത്ത് ഒഴിവാക്കുന്നതിന് ഒരു സ്ഥാനാർഥിക്കു ചെലവഴിക്കാവുന്ന തുക തിരഞ്ഞെടുപ്പു കമ്മീഷൻ നിജപ്പെടുത്തിയിട്ടുണ്ട്. പാർലമെന്റുതിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ഒരു സ്ഥാനാർഥിക്കു പരമാവധി ചെലവഴിക്കാവുന്ന തുക 90 ലക്ഷവും നിയമസഭയിൽ അത് 40 ലക്ഷവുമാണ്. എന്നാൽ, ഈ തുകയ്ക്കുള്ളിൽ ആർക്കും മത്സരിച്ചു ജയിക്കാനാവുകയില്ലെന്ന് എല്ലാവർക്കുമറിയാം.

543 ലോക്സഭാമണ്ഡലങ്ങളിലേക്കു രണ്ടോ മൂന്നോ മുന്നണികളിൽനിന്നായി കുറഞ്ഞത് 1500 സ്ഥാനാർഥികളെങ്കിലും മത്സരരംഗത്തുണ്ടാകും. ചെറിയ പാർട്ടികളുടെയും സ്വതന്ത്രരുടെയും പട്ടിക ഈ കണക്കിൽ പെടുന്നില്ല. നല്ല മത്സരം നടക്കുന്ന ഒരു മണ്ഡലത്തിൽ കുറഞ്ഞത് അഞ്ചുകോടി രൂപയെങ്കിലും ചെലവു വരും. ഈ പണം സ്ഥാനാർഥികൾക്കു കണ്ടെത്താനാവുകയില്ല. തിരഞ്ഞെടുപ്പു ഫണ്ട് സ്വരൂപിക്കുകയാണ് അതിനുള്ള പ്രതിവിധി. തിരഞ്ഞെടുപ്പുകാലത്ത് നാടുമുഴുവൻ പിരിക്കുന്ന രീതിയാണു നിലനിന്നിരുന്നത്. ഇതിനൊരു മാറ്റമെന്ന നിലയിൽ ബിജെപി സർക്കാർ 2017 ൽ ഏർപ്പെടുത്തിയ ക്രമീകരണമാണ് ഇലക്ടറൽ ബോണ്ട് സമ്പ്രദായം. വ്യക്തികൾക്കോ ട്രസ്റ്റുകൾക്കോ കമ്പനികൾക്കോ രാഷ്ട്രീയപ്പാർട്ടികളുടെ തിരഞ്ഞെടുപ്പുഫണ്ടിലേക്കു നിയമാനുസൃതമായി സംഭാവന നൽകാം. സംഭാവന നൽകുന്നവർക്ക് ആ തുകയുടെ ബോണ്ടു നൽകും. ഈ ബോണ്ടിനു പക്ഷേ, രഹസ്യസ്വഭാവമുണ്ടായിരിക്കും. ആര്, ആർക്ക്, എത്ര നൽകി എന്ന് ആരുടെ മുമ്പിലും തിരഞ്ഞെടുപ്പു കമ്മീഷന്റെ മുമ്പിൽപ്പോലും വെളിപ്പെടുത്തേണ്ടതില്ല. രാഷ്ട്രീയപ്പാർട്ടികൾക്കുവേണ്ടി ബോണ്ടു വാങ്ങാൻ സർക്കാർ ചുമതലപ്പെടുത്തിയത് രാജ്യത്തെ ഏറ്റവും വലിയ പൊതുമേഖലാബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയെയാണ്. ബാങ്കിന്റെ 29 ശാഖകളിൽ ബോണ്ടു വാങ്ങാനുള്ള സൗകര്യം ഏർപ്പെടുത്തി. കള്ളപ്പണം ഒഴിവാക്കുകയാണ് ഇലക്ടറൽ ബോണ്ടിന്റെ പ്രധാന ലക്ഷ്യം.

ലഭ്യമായ കണക്കുപ്രകാരം ഏറ്റവും കൂടുതൽ തുക ലഭിച്ചിട്ടുള്ളതു ബിജെപിക്കാണ്–6,9865 കോടി രൂപ. അതായത്, കോൺഗ്രസിനെക്കാൾ ഏതാണ്ട് അഞ്ചര ഇരട്ടി തുക. കോൺഗ്രസിന് 1334 കോടി, തൃണമൂൽ കോൺഗ്രസ് 1397 കോടി, തെലുങ്കാനയിലെ ബിആർഎസ് 1322 കോടി, ഒറീസയിലെ ബിജു ജനതാദൾ 944.5 കോടി, ഡി.എം.കെ. 656.5 കോടി, ആന്ധ്രയിലെ വൈ.എസ്.ആർ. കോൺഗ്രസ് 442.5 കോടി എന്നിങ്ങനെ പോകുന്നു 2019 ഏപ്രിൽ 12 നു പ്രസിദ്ധീകരിച്ച കണക്കിലെ വിവരങ്ങൾ. ഏകദേശം പതിനയ്യായിരം കോടി രൂപയാണ് ബോണ്ട് ഇനത്തിൽ ലഭിച്ചത്. ഇതിൽ രാജ്യത്തെ ഏറ്റവും വലിയ കോടീശ്വരന്മാരായ അംബാനി, അദാനി ഗ്രൂപ്പുകളുടെ കാര്യം പറയുന്നതേയില്ല. നിർമിതബുദ്ധി ഉപയോഗിച്ചുപോലും കണ്ടെത്താനാവാത്ത വഴികൾ അവർ സ്വീകരിച്ചിട്ടുണ്ടാവും.

നിയമാനുസൃതമെന്നു കരുതപ്പെട്ടിരുന്ന ഇലക്ടറൽ ബോണ്ട് വിവാദമാകുകയും പരമോന്നതകോടതിയുടെ അഞ്ചംഗഭരണഘടനാബെഞ്ചിലെത്തുകയും ചെയ്തത് ബോണ്ടിനെതിരേ ഉയർന്ന ആക്ഷേപങ്ങളുടെ പേരിലാണ്. ബോണ്ടിന്റെ രഹസ്യാത്മകത ചോദ്യം ചെയ്ത് വിവരാവകാശപ്രവർത്തകർ രംഗത്തുവന്നു.

തിരഞ്ഞെടുപ്പുഫലത്തെയും ജനാധിപത്യത്തിന്റെ ഭാവിയെയും നിശ്ചയിക്കുന്നതിൽ പണത്തിനു വലിയ പങ്കുള്ളതിനാൽ എത്ര പണം ആരൊക്കെ എന്തിനുവേണ്ടി നൽകി എന്നറിയാനുള്ള അവകാശം ജനത്തിനുണ്ട്. പണം മുടക്കി തിരഞ്ഞെടുപ്പു നേരിടുകയും ജയിച്ചവരെ വിലയ്ക്കുവാങ്ങുകയും ചെയ്ത് ജനാധിപത്യത്തിന്റെ കടയ്ക്കൽ കോടാലി വയ്ക്കുന്ന ഇക്കാലത്ത് ബോണ്ടിന്റെ വിശദാംശങ്ങൾ പൊതുജനം അറിയുന്നതിൽ തെറ്റില്ല എന്ന നിലപാടാണ് ചീഫ് ജസ്റ്റീസ് അധ്യക്ഷനായ ഭരണഘടനാബെഞ്ച് സ്വീകരിച്ചത്. അതിൻപ്രകാരം വിശദാംശങ്ങൾ ഉടനടി സമർപ്പിക്കാൻ കോടതി നിർദേശിച്ചു. ഭാഗികമായി രേഖകൾ സമർപ്പിച്ച എസ്.ബി.ഐ. ശാസനയ്ക്കു വിധേയമാവുകയും രണ്ടു ദിവസത്തിനകം ആവശ്യപ്പെട്ട എല്ലാ രേഖകളും സമർപ്പിക്കണമെന്ന താക്കീതു നൽകുകയും ചെയ്തു. കോടതിയുടെ കർക്കശമായ ഈ നിലപാട് ജനാധിപത്യവിശ്വാസികൾക്കു പ്രതീക്ഷ നൽകുന്നതാണ്.

പൊതുതിരഞ്ഞെടുപ്പു കഴിയുവോളം ബോണ്ടുവിവരങ്ങൾ ഒളിച്ചുവയ്ക്കാനുള്ള കേന്ദ്രസർക്കാരിന്റെ തന്ത്രമാണ് സുപ്രീംകോടതി തകർത്തത്. ഭരണകക്ഷികൾക്കു സംഭാവന നൽകുക സ്വാഭാവികമാണ്. ഭണ്ഡാരക്കുറ്റിയിൽ നേർച്ചയിടുന്നതുപോലെയല്ല, കോടികൾ നൽകുന്നത്. തിരിച്ചുകിട്ടുമെന്ന ഉറപ്പിലാണ് അവർ അങ്ങനെ ചെയ്യുക. പ്രോജക്ടുകളുടെ രൂപത്തിലോ ലൈസൻസുകളുടെ രൂപത്തിലോ വലിയ ലാഭങ്ങളുണ്ടാക്കാം.

ബിജെപിയെക്കുറിച്ചുള്ള ആക്ഷേപം ഇ.ഡി. പോലുള്ള അന്വേഷണ ഏജൻസികളെ ഉപയോഗിച്ച് കമ്പനികളെ ഭയപ്പെടുത്തി സംഭാവനകളും ബോണ്ടുകളും ഉറപ്പാക്കുന്നു എന്നതാണ്. ആദായവകുപ്പിന്റെയോ ഇഡിയുടെയോ പരിശോധനയ്ക്കുശേഷമാണ് പല കമ്പനികളും വലിയ തുകയുടെ ബോണ്ടുകൾ വാങ്ങിയിട്ടുള്ളത് എന്നു തിരഞ്ഞെടുപ്പു കമ്മീഷൻ പ്രസിദ്ധീകരിച്ച വിവരങ്ങളിൽ കാണുന്നു. ഇത്തരത്തിലുള്ള സമ്മർദതന്ത്രങ്ങളും അഴിമതിക്കു തുല്യമാണ്. ഭരണമുപയോഗിച്ചു ഭീഷണിപ്പെടുത്തുന്നതും താത്പര്യക്കാർക്കു സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതുമൊക്കെ കുറ്റകരമാണ്. ഇത്തരത്തിലുള്ള ഇടപാടുകൾ ജനാധിപത്യവിരുദ്ധമാകയാൽ ഇനി ബോണ്ടുകൾ സ്വീകരിക്കാൻ പാടില്ലെന്നും താത്കാലികമായെങ്കിലും പരമമോന്നതകോടതി നിരീക്ഷിച്ചത് പ്രത്യാശാജനകമാണ്.

# പ്രഭാവർമയ്ക്ക് സരസ്വതീസമ്മാൻ

ഗംഗ കാവാലം

പ്രഭാവർമയുടെ 'രൗദ്രസാത്വികം' എന്ന കൃതി കെ.കെ. ബിർള ഫൗണ്ടേഷൻ നൽകുന്ന 15 ലക്ഷം രൂപയും ഫലകവും പ്രശസ്തിപത്രവും അടങ്ങുന്ന 'സരസ്വതീസമ്മാൻ' പുരസ്കാരത്തിന് അർഹമായി. 12 വർഷത്തിനുശേഷമാണ് മലയാളത്തിന് ഈ പുരസ്കാരം ലഭിക്കുന്നത്. 2013–22 കാലഘട്ടത്തിൽ പ്രസിദ്ധീകരിച്ച 22 ഭാഷകളിലെ പുസ്തകങ്ങളിൽനിന്നു തിരഞ്ഞെടുത്ത അഞ്ചു കൃതികളെയാണ് അന്തിമഘട്ടത്തിൽ പരിഗണിച്ചത്.

നാലാം തവണയാണ് മലയാളത്തിനു സരസ്വതീസമ്മാൻ ലഭിക്കുന്നത്. 1995 ൽ ബാലാമണിയമ്മയ്ക്കും 2005 ൽ അയ്യപ്പപ്പണിക്കർക്കും 2013 ൽ സുഗതകുമാരിക്കും ഈ പുരസ്കാരം ലഭിച്ചു.

**പ്രഭാവർമ്മയ്ക്ക് ഇന്ത്യയിലെ ഏറ്റവും വലിയ സാഹിത്യസമ്മാനം**

1959 ൽ പത്തനംതിട്ട ജില്ലയിലെ തിരുവല്ലയ്ക്കടുത്ത് കടപ്രയിൽ ടി. കെ. നാരായണൻ നമ്പൂതിരിയുടെയും പങ്കജാക്ഷിത്തമ്പുരാട്ടിയുടെയും മകനായി ജനിച്ചു. ചങ്ങനാശ്ശേരി എൻ.എസ്.എസ്. ഹിന്ദുകോളജിൽനിന്ന് ആംഗലേയസാഹിത്യത്തിൽ ബിരുദവും മധുര കാമരാജ് സർവകലാശാലയിൽനിന്ന് ബിരുദാനന്തരബിരുദവും നേടി. തിരുവനന്തപുരം ലോ കോളേജിൽനിന്ന് എൽ.എൽ.ബിയും കരസ്ഥമാക്കിയിട്ടുണ്ട്.

ഇ.കെ.നായനാർ മുഖ്യമന്ത്രിയായിരിക്കുമ്പോൾ പ്രഭാവർമ അദ്ദേഹത്തിന്റെ പ്രസ് സെക്രട്ടറിയായിരുന്നു. മുഖ്യമന്ത്രിയുടെ മാധ്യമ ഉപദേഷ്ടാവായ പ്രഭാവർമ്മ കവിയും എഴുത്തുകാരനും ഗാനരചയിതാവും മാധ്യമപ്രവർത്തകനും ടെലിവിഷൻ അവതാരകനുമാണ്. 'ഇന്ത്യാ ഇൻസൈഡ്' എന്ന ഒരു വാർത്താധിഷ്ഠിത പരിപാടി പീപ്പിൾ ടി.വിയിൽ അദ്ദേഹം അവതരിപ്പിക്കുന്നുണ്ട്.



പന്ത്രണ്ടുകാവ്യസമാഹാരങ്ങൾ, ശ്യാമമാധവം, കനൽച്ചിലമ്പ്, രൗദ്രസാത്വികം എന്നി കാവ്യാഖ്യായികൾ, After the Aftermath എന്ന ഇംഗ്ലീഷ് നോവൽ, ഏഴ് ഗദ്യസാഹിത്യകൃതികൾ, സമകാലികവിഷയങ്ങൾ സംബന്ധിച്ച നാലു കൃതികൾ, ഒരു യാത്രാവിവരണം, ഒരു മാധ്യമസംസ്കാരപഠനം എന്നിവ രചിച്ചിട്ടുണ്ട്. ഇംഗ്ലീഷിലേക്കും ഇതരഭാഷകളിലേക്കും കൃതികൾ പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

കേന്ദ്ര, കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ്, പത്മപ്രഭാപുരസ്കാരം, ആശാൻ, ഉള്ളൂർ, വള്ളത്തോൾ പുരസ്കാരങ്ങൾ തുടങ്ങിയവ നേടിയിട്ടുണ്ട്. ചലച്ചിത്രഗാനരചനയ്ക്ക് രജതകമൽ ദേശീയപുരസ്കാരം, മൂന്ന് സ്റ്റേറ്റ് അവാർഡുകൾ, ഫിലിം ക്രിട്ടിക്സ് അവാർഡ് എന്നിവയും നാടകരചനയ്ക്ക് രണ്ട് സ്റ്റേറ്റ് അവാർഡുകളും ലഭിച്ചിട്ടുണ്ട്.

ദശാബ്ദത്തിലെ മികച്ച സാഹിത്യകൃതിക്കുള്ള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അവാർഡ് ശ്യാമമാധവത്തിനു ലഭിച്ചു.

സ്വർഗാരോഹണത്തിനു തൊട്ടുമുമ്പുള്ള നിമിഷങ്ങളിൽ കൃഷ്ണന്റെ മനസ്സിലൂടെ കടന്നുപോയ, പോയകാലജീവിതചിത്രങ്ങൾ പ്രമേയമാക്കിയ കൃതിയാണ് ശ്യാമമാധവം. ഇതിഹാസപുരാണങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ശ്രീകൃഷ്ണനു പകരം പാപബോധത്താൽ നീറുന്ന മറ്റൊരു കൃഷ്ണനെ അവതരിപ്പിച്ച ഈ കാവ്യാഖ്യായിക മലയാളസാഹിത്യ ചരിത്രത്തിൽത്തന്നെ തികച്ചും വേറിട്ടുനിൽക്കുന്ന സൃഷ്ടിയാണ്.




15–ാം പേജ് തുടർച്ച

അവന്റെ കരച്ചിൽകണ്ട് ഹാഗായി മറ്റൊന്നും ചോദിച്ചില്ല. ഒന്നും ആലോചിക്കാതെ വണ്ടിയിൽ ചാടിക്കയറി. വന്നതിനേക്കാൾ വേഗത്തിൽ വണ്ടി ഓടിക്കാൻതുടങ്ങി..

കുറച്ചുദൂരം പോയിക്കഴിഞ്ഞാണ് അയാൾ സംഭവം വിവരിക്കുന്നത്.

ഇവളുടെ പേര് ഷബാനി. പത്തുപന്ത്രണ്ടു വയസ്സുള്ളപ്പോൾ ലഭിച്ചതാണിവളെ. ആടു മേയ്ക്കുന്നതിനെക്കുറിച്ചുള്ള തർക്കംമൂത്ത് അന്ന് ഞങ്ങളുടെ കേദാർഗോത്രവും ഇവളുടെ യൂദാഗോത്രവും തമ്മിൽ വഴക്കായി. അടിപിടിയായി.

വെട്ടിലും കുത്തിലും ചിലരൊക്കെ മരിച്ചു. കുറെപ്പേർക്ക് പരിക്കുപറ്റി.

ആടുകളൊക്കെ പലവഴി ചിതറി.

ഇവൾ താഴ്വരയിൽ അകലെയുള്ള ഒരു മലയിടുക്കിൽ പേടിച്ചു വിറച്ച് ഒളിച്ചിരിക്കുകയായിരുന്നു.

ഞാനും ഗത്യന്തരമില്ലാതെ ഓടിയെത്തിയത് അവിടെത്തന്നെയാണ്.

എനിക്കന്ന് ഇരുപതുവയസ്സുണ്ട്.

എന്നെക്കണ്ടപ്പോഴും ഷബാനി കാറിക്കരഞ്ഞു. ഞാനവളെ സമാധാനിപ്പിച്ചു.

ശത്രുഗോത്രക്കാരനാണെങ്കിലും ഉപദ്രവിക്കില്ല എന്ന് ഉറപ്പുകൊടുത്തു.

പിറ്റേന്ന് പുലർന്നപ്പോഴാണ് മനസ്സിലായത് ഷബാനിയുടെ കൈമുട്ടും കാൽമുട്ടുമെല്ലാം മുറിഞ്ഞിട്ടുണ്ട്.വീണതാവും. നടക്കാൻ വളരെ ബുദ്ധിമുട്ടുണ്ട്.

അവളുടെ കൂടാരത്തിലേക്കുള്ളവഴി എനിക്കു നിശ്ചയമുണ്ടായിരുന്നില്ല. അന്വേഷിച്ചുപോയി അവളെ അവിടെയെത്തിക്കാൻ എനിക്കും പേടിയായി. താഴ്വാരത്തിൽനിന്നു കുറേയേറെ ദൂരെയുമാണ്.

എന്നോടൊപ്പം മടിച്ചുമടിച്ചാണ് അവൾ വന്നത്. മുറിവുമൂലം ബുദ്ധിമുട്ടുള്ളതിനാൽ വളരെപ്പതുക്കെയാണ് നടത്തം.


വീട്ടിലെത്തിയപ്പോൾ പിതാവിനും വീട്ടുകാർക്കും ഇവളെ ഇഷ്ടമായി. മക്കളോടൊത്ത് താമസിക്കാൻ അവർ അനുവദിച്ചു.

(തുടരും)

# പ്രത്യാശയുടെ പ്രഭാതനക്ഷത്രം



ഫാ. തോമസ് പാട്ടത്തിൽചിറ CMF



ആഴ്ചയുടെ ആദ്യദിവസം അതിരാവിലെതന്നെ അവൾ കല്ലറയിങ്കലേക്കു പോകാൻ തയ്യാറായി. പതിവില്ലാത്ത ഒരു പ്രസരിപ്പും ആന്തരികോന്മേഷവും അവൾക്ക് അനുഭവപ്പെട്ടു. ആ പ്രഭാതത്തിന് എന്തോ ഒരു പ്രത്യേക പ്രശാന്തതയുള്ളതുപോലെ. അതുകൊണ്ടുതന്നെയായിരിക്കണം കഴിഞ്ഞ ദിനരാത്രങ്ങളിലെ ഹൃദയഭേദകമായ സംഭവങ്ങളും അവയോരോന്നും മനസ്സിനേല്പിച്ച മുറിവുകളും ഒരുവേള അവൾ മറന്നുപോയത്. എങ്കിലും, ആ കണ്ണുകൾ കലങ്ങിയിരുന്നു. കരളിന്റെ കഠിനനോവുകൾ മിഴിയോരങ്ങളെ കണ്ണീരലകൊണ്ട് ഇടയ്ക്കിടെ ഈറനണിയിച്ചു. തലേന്നാൾ തങ്ങൾ കുറെപ്പേർ ചേർന്ന് ഒരുക്കിവച്ചിരുന്ന സുഗന്ധതൈലക്കൂട്ടുകൾ രണ്ടുമൂന്നു പാത്രങ്ങളിലായി അവൾ പകർന്നെടുത്തു. അപ്പോൾ വീടിനുള്ളിലാകെ പരിമളം പരന്നു. പാതിതുറന്നു കിടന്ന ജനാലയിലൂടെ വഴുതിവന്ന തണുത്ത കാറ്റിൽ അവളുടെ ഓർമകൾ പാതിയിരുണ്ടുപോയ തന്റെ ഭൂതകാലത്തിലേക്ക് ഒരുവേള പറന്നുപോയി. സമാനമായ ഒരു സുഗന്ധാനുഭവം തനിക്കു സമ്മാനിച്ച ഒരു സുദിനത്തിന്റെ മോഹനസ്മരണകളിൽ അവൾ അല്പനേരം മുഴുകിനിന്നു. ജീവിതത്തിന്റെ പകുതിയോളം പൈശാചികശക്തികൾക്ക് അടിമയായിരുന്നു താൻ. മനസ്സിനു സ്ഥിരതയും ശരീരത്തിനു നിയന്ത്രണവും നഷ്ടപ്പെട്ടിരുന്ന നാളുകൾ. ആയതിനാൽ, മഹാരോഗിണിയും പലപ്പോഴും ബന്ധനസ്ഥയുമായിരുന്നു. പൂട്ടിയിട്ട മുറിക്കുള്ളിൽ അന്ധകാരവും ഏകാന്തതയുമായിരുന്നു കൂട്ടിനുണ്ടായിരുന്നത്. തന്നെ എല്ലാവർക്കും ഭയമായിരുന്നു. ബാല്യത്തിന്റെ നൈർമല്യവും യുവത്വത്തിന്റെ ശാലീനതയും പുലരിമഞ്ഞുപോലെ പണ്ടേ മാഞ്ഞുപോയിരുന്നു. തന്റെ ശരീരമാകുന്ന ശവകുടീരത്തിനുള്ളിൽ ഏഴു പിശാചുക്കളുടെ കൂട്ടുകുടുംബമായിരുന്നു സുഖവാസം ചെയ്തിരുന്നത്.

തീർത്തും വിരൂപയായി മാറിയ തന്നെ തനിക്കുപോലും വെറുപ്പും പേടിയുമായിരുന്നു. അങ്ങനെ നീറുന്ന നിരാശയിൽ കഴിഞ്ഞിരുന്ന നാളുകളിലൊന്നിലാണ് തേജോമയനായ ആ ദൈവികമനുഷ്യന്റെ പക്കലേക്ക് അവർ തന്നെ കൊണ്ടുപോയത്. തളിരിട്ടുനിന്ന ഒരു അത്തിമരത്തണലിൽ ഇരിക്കുകയായിരുന്നു അവൻ. കൂട്ടിനു കുറെപ്പേരും. ഏതോ ഒരദൃശ്യശക്തി അവന്റെ അടുക്കലേക്ക് പോകുന്നതിൽനിന്നു തന്നെ പിന്നിലേക്കു വലിക്കുന്നതുപോലെ തോന്നി. എന്നാൽ, തന്റെ കൂടെയുണ്ടായിരുന്നവർ കൂടുതൽ ബലിഷ്ഠരായിരുന്നു. ആ ദിവ്യന്റെ പാദാന്തികത്തിൽ അവർ തന്നെ സമർപ്പിച്ചു. മുഖമുയർത്തി അവനെ ആദ്യമായി നോക്കിയമാത്രയിൽത്തന്നെ താൻ അത്യധികം ഭയപ്പെട്ടു. അലറിക്കരഞ്ഞു കുതറിയോടാൻ ശ്രമിച്ചു. പക്ഷേ, ഫലമുണ്ടായില്ല. ഉള്ളിൽ ഉറഞ്ഞുകൂടിയിരുന്ന ഉഗ്രശക്തി ഉടലിനെയാകെ ഉടച്ചുകളഞ്ഞ പ്രതീതി. പൈശാചികതയുടെ പെരുങ്കാറ്റിൽ പിഴുതെറിയപ്പെട്ട അനുഭവം. മസ്തിഷ്കം മരവിച്ചു. നാഡീവ്യൂഹങ്ങൾ വലിഞ്ഞുമുറുകി. കെണിയിലകപ്പെട്ട കുരുവിയെപ്പോലെ യാചനാഭാവത്തിൽ അവന്റെ നയനങ്ങളിലേക്കു നോക്കി. നക്ഷത്രങ്ങളെപ്പോലെ തിളങ്ങിനിന്ന അവ രണ്ടും അനുകമ്പയാൽ ആർദ്രമാകുന്നത് താൻ കണ്ടു. കരങ്ങൾ നീട്ടി അവൻ തന്നെ താങ്ങി എഴുന്നേല്പിച്ചതോർക്കുന്നു. പിന്നീടൊരു നീണ്ട നിശ്ശബ്ദത. അതുവരെ തനിക്ക് അന്യമായിരുന്ന സ്വസ്ഥതയും സൗഖ്യവും തിരികെയെത്തി. വിലങ്ങുകളുടെ തടവറയിൽനിന്നു വിടുതലിന്റെ തീരങ്ങളിൽ താൻ വീണ്ടും ജനിക്കുകയായിരുന്നു. അപ്പോൾ അഭൗമമായ ഒരു സുഗന്ധം അവിടമാകെ നിറഞ്ഞുനിന്നിരുന്നു. അന്നുമുതൽ ആ സൗഖ്യദായകനെ ആത്മനാ താനും അനുഗമിച്ചു. അവനും ശിഷ്യഗണത്തിനും കഴിവിനൊത്ത സഹായങ്ങൾ ചെയ്തുകൊടുത്തു. അവന്റെ ദിവ്യവചസ്സുകൾ ആർത്തിയോടെ കേട്ടു. അദ്ഭുതകൃത്യങ്ങൾക്കു സാക്ഷിയായി. അങ്ങനെ മൂന്നു വർഷങ്ങൾ പിന്നിട്ടു. എന്നാൽ, കഴിഞ്ഞ രണ്ടു ദിവസങ്ങളിൽ അപ്രതീക്ഷിതമായുണ്ടായ അനിഷ്ടസംഭവങ്ങളുടെ ഉരുൾപൊട്ടലിൽ സ്വപ്നങ്ങളെല്ലാം തലകീഴായി ഒഴുകിയൊലിച്ചുപോയി. ശിഷ്യരിലൊരുവൻ വെറും മുപ്പതുവെള്ളിത്തുട്ടുകൾക്ക് അവനെ ഒറ്റിക്കൊടുത്തു. ശേഷിച്ചവർ പ്രാണരക്ഷാർഥം എവിടെയൊക്കെയോ ഓടിയൊളിച്ചു. ഒടുവിൽ നിർമലനായ അവൻ കുരിശുമരണത്തിനു വിധിക്കപ്പെട്ടു. കഴുമരം ചുമലിൽ കെട്ടിവച്ച്, അടിച്ചും മുഖത്തുതുപ്പിയും കാൽവരിയുടെ നിറുകവരെ അവർ അവനെ നടത്തിച്ചു. അവിടെ മൂന്നാണികളിൽ തൂങ്ങി അവൻ മരിച്ചനേരം ആ കുരിശിന്റെ കാല്ക്കൽ താനും വിലപിച്ചുകൊണ്ടുനിന്നിരുന്നു. പിന്നീട്, ജോസഫ് എന്നു പേരുള്ള അരിമത്തിയാക്കാരന്റെ ഔദാര്യത്തിൽ ഒരു പുതിയ കല്ലറയിൽ തങ്ങൾ ആ ത്യാഗത്തിടമ്പിനെ അടക്കി. അതിന്റെ കവാടം ഒരു കല്ലുരുട്ടിവച്ചു മൂടുകയും ചെയ്തു.

പെട്ടെന്നുണ്ടായ ഒരു ഇടിമിന്നലിന്റെ മുഴക്കം ഓർമകളിൽനിന്ന് അവളെ തിരികെ കൊണ്ടുവന്നു. ആ പുണ്യപുരുഷൻ മരിച്ചതിന്റെ മൂന്നാം പക്കമാണിന്ന്. അവന്റെ ശവകുടീരത്തിങ്കലേക്കു പോകണം. പരിമളതൈലങ്ങൾ നിറച്ച പാത്രങ്ങളുമെടുത്ത്, വീടിന്റെ വാതിൽ ചാരിയിട്ട് അവൾ തിടുക്കത്തിൽ നടന്നു. പുലർച്ചയായിട്ടും അന്തരീക്ഷം ഇരുളു പുതച്ചുകിടന്നു. കോടമഞ്ഞിന്റെ സൂചിക്കുത്തുകൾക്കോ ശീതക്കാറ്റിന്റെ കാണാക്കരങ്ങൾക്കോ നടവഴിയിലെ കൽച്ചീളുകൾക്കോ അവളുടെ പദചലനങ്ങളെ തടയാനായില്ല. കല്ലറയുടെ മുമ്പിലെത്തിയപ്പോൾ അതിന്റെ മൂടി മാറ്റപ്പെട്ടിരിക്കുന്നതായി അവൾ കണ്ടു. വിശ്വസിക്കാനായില്ല. ചുറ്റും കണ്ണോടിച്ചു. ഇല്ല, ആരുമില്ല. അസാധാരണമായതെന്തോ സംഭവിച്ചപോലെ അവൾ അതിവേഗം തിരികെയോടി. കർത്താവിനെ ആരോ കല്ലറയിൽനിന്നു മാറ്റിയിരിക്കുന്നുവെന്ന് അവന്റെ ശിഷ്യരെ അറിയിച്ചു. വാർത്ത കേട്ടമാത്രയിൽ അവരും അവളോടൊപ്പം അവിടേക്കു തിരിച്ചു. അവർ കല്ലറയ്ക്കുള്ളിൽ കടന്ന് അതിലെ ശൂന്യതയും മടക്കിവയ്ക്കപ്പെട്ടിരുന്ന കച്ചകളും കണ്ടു. എങ്കിലും, നടന്നതൊന്നും ഗ്രഹിക്കാൻ കഴിയാതെ മടങ്ങിപ്പോയി. എന്നാൽ, അവൾമാത്രം അവിടെത്തന്നെ നിന്നു. തന്റെ ഗുരുവിനെ വിട്ട് അവളെവിടെപ്പോകാൻ? ഒരുവട്ടംകൂടിയെങ്കിലും അവന്റെ ദിവ്യദേഹം ഒരുനോക്കു കാണാൻ അവൾ കൊതിച്ചു. കല്ലറയ്ക്കു വെളിയിലെ കല്ലുകളിലൊന്നിന്മേൽ കരഞ്ഞുകൊണ്ട് അവൾ തലകുമ്പിട്ടിരുന്നു. അപ്പോൾ പ്രത്യാശയുടെ ഒരു പുലരിക്കതിർ അവളെ ആവരണം ചെയ്തു.

അവൾ കുനിഞ്ഞു കല്ലറയ്ക്കുള്ളിലേക്കു നോക്കി. ഗുരുവിന്റെ മൃതദേഹം സൂക്ഷിച്ചിരുന്ന സ്ഥലത്ത് ശുഭ്രവസ്ത്രധാരികളായ രണ്ടുപേർ ഇരിക്കുന്നതു കണ്ടു. അവൾ തന്റെ മനോവ്യഥ അവരെ അറിയിച്ചെങ്കിലും അവർ നിശ്ശബ്ദരായിരുന്നു. തന്റെ നനഞ്ഞ നയനങ്ങൾ കൈത്തൂവാലകൊണ്ടു തുടച്ചിട്ട് അവൾ പിന്തിരിഞ്ഞു നോക്കിയപ്പോൾ ഒരു ആൾരൂപത്തെ കണ്ടു. തന്റെ സങ്കടകാരണം ആരാഞ്ഞ അയാളെ മനസ്സിലാകാതെ അവൾ ചോദിച്ചു: "എന്റെ ഗുരുവിനെ അങ്ങ് എവിടെയാണ് ഒളിപ്പിച്ചുവച്ചിരിക്കുന്നത്?" (യോഹ. 20:15). പെട്ടെന്ന്, മറിയം എന്നുള്ള അവന്റെ നേർത്ത വിളിയിൽ അവൾ തന്റെ ഗുരുവിനെ തിരിച്ചറിഞ്ഞു. അപ്പോൾ അലതല്ലിയുയർന്ന ആഹ്ലാദം അടക്കാനാവാതെ അവൾ വിളിച്ചു: റബ്ബോനി - ഗുരു എന്നർഥം. അവളുടെ മിഴിയിണകൾ അണപൊട്ടിയൊഴുകി. ഉത്ഥിതനെ ആദ്യം ദർശിക്കാൻ ഭാഗ്യം ലഭിച്ച സന്തോഷത്തിൽ മതിമറന്ന് ഉയിർപ്പിന്റെ സദ്വാർത്ത ശിഷ്യഗണത്തെയും അറിയിക്കാൻ അവൾ അവരുടെ അടുത്തേക്ക് ഓടി...

കദനങ്ങളുടെ കനലുകളെരിഞ്ഞ പെസഹാസന്ധ്യയും പീഡനങ്ങളുടെ പാരമ്യത്തിൽ ഒരു നീതിമാന്റെ നിണജലങ്ങളാൽ മണ്ണിന്റെ മാറു കുതിർന്ന ദുഃഖവെള്ളിയും പിന്നിട്ട് ഉയിർപ്പുഞായർ ഉദയം ചെയ്യുകയായി! പുണ്യങ്ങൾ പൂത്തുവിരിയുന്ന ഈ പ്രഭാതത്തിന്റെ വർണവീചികൾ ഒരിക്കൽക്കൂടി നമ്മുടെയൊക്കെ വീട്ടുമുറ്റത്ത് വിരുന്നുവരികയായി. സമാധാനത്തിന്റെ സന്ദേശവുമായി സർവനാഥൻ ഉയിർത്തെഴുന്നേറ്റതിന്റെ ഉത്സവത്തിമിർപ്പിലാണ് സൃഷ്ടപ്രപഞ്ചം. ഒഴുകുന്ന മിഴിയോരങ്ങളിൽ സാന്ത്വനത്തിന്റെ കുളിർക്കാറ്റായി, മുറിഞ്ഞ മനസ്സുകളിൽ കനിവിന്റെ കുഴമ്പായി, തകർന്ന ഹൃദയങ്ങളിൽ ശാന്തിയുടെ ശരറാന്തലായി, വ്യാധികളാൽ വേദനിച്ചുകഴിയുന്ന ശരീരങ്ങൾക്ക് സൗഖ്യത്തിന്റെ മൃദുതലോടലായി സത്യനായകൻ സമാഗതനാവുകയാണ്. മൃതിയുടെ മേല്ക്കോയ്മയെ വിരലിലെണ്ണാവുന്ന വിനാഴികകളിൽ മാത്രം ഒതുക്കിക്കൊണ്ട് ഇതാ, പുനരുത്ഥാനത്തിന്റെ വിജയഭേരി മുഴങ്ങുകയായി. ഇവ അനുഗ്രഹങ്ങളുടെ നിമിഷങ്ങളാണ്. ഇന്നിന്റെ കൃപകളെ നമുക്കു കരങ്ങൾ നീട്ടി സ്വീകരിക്കാം. ഗത്സെമനും കാൽവരിയുമൊക്കെ നമ്മുടെ ജനിമൃതികൾക്കിടയിൽത്തന്നെയുണ്ട്. ദുഃഖവെള്ളികൾ മനുഷ്യായുസ്സിന്റെ അവിഭാജ്യഘടകങ്ങളാണ്. നിരാശയുടെ നിഴൽ വീണ, ചതിയുടെ കരിമ്പടം പുതച്ച ഗത്സെമനികൾ നിത്യയാഥാർഥ്യങ്ങളായെന്നുവരാം. മനസ്സിൽ നിനയ്ക്കുകപോലും ചെയ്യാത്ത കുറ്റാരോപണങ്ങളും നിന്ദനങ്ങളും നിറഞ്ഞ കുരിശിന്റെ വഴികൾ വാഴ്വിലുണ്ടാകാം. അവയുടെയൊക്കെ നൊമ്പരത്തിരമാലകളിൽ നമ്മുടെ ജീവിതനൗകകൾ ആടിയുലഞ്ഞെന്നുവരാം. അത്തരം അവസരങ്ങളിൽ അറിഞ്ഞോ അല്ലാതെയോ വിശ്വാസവും വിലയുള്ള മൂല്യങ്ങളും വലിച്ചെറിഞ്ഞ് വിമോചനത്തിനായി നിലവിളിച്ചേക്കാം. ആത്യന്തികമായ രക്ഷയുടെയും ശാശ്വതമായ ജീവന്റെയും ഉറവിടമായ ദൈവത്തെ മറന്നുപോയേക്കാം. അപ്പോഴൊക്കെ ഓർക്കണം: കരുണയുടെ കരസ്പർശവുമായി ഉത്ഥിതൻ അരികിലുണ്ട് (സങ്കീ.145:18). ജീവിതസുകൃതങ്ങളുടെ സുഗന്ധച്ചെപ്പുമായി ഈ ഉയിർപ്പുഞായറിൽ അവന്റെ സന്നിധിയണയാം. നമ്മുടെ അനുദിനജീവിതത്തിലെ മോഹഭംഗങ്ങളുടെയും ദുഃഖദുരിതങ്ങളുടെയുമൊക്കെ കൽക്കുടീരത്തിന്റെ മൂടി ഉരുട്ടിനീക്കി വാതില്ക്കൽ അവൻ കാത്തിരിപ്പുണ്ട്, നമ്മെ പേരുചൊല്ലി വിളിക്കാൻ. ആ മധുരസ്വരത്തിനു കാതോർക്കാം. വിശ്വാസത്തിന്റെ നേത്രങ്ങളാൽ അവനെ തിരിച്ചറിയാം.

പ്രയാസങ്ങളുടെ പ്രദോഷങ്ങളിൽ നഷ്ടപ്പെട്ട തിരുനാഥനെ പ്രത്യാശയുടെ പ്രഭാതങ്ങളിൽ തേടിക്കണ്ടെത്താം. നമ്മുടെ ഏക ഗുരുവും നാഥനുമായി അവനെ ഏറ്റുപറയാം. ഉരുണ്ടുമാറാത്ത കല്ലുകളൊന്നും ഉത്ഥിതന്റെ മുമ്പിലില്ല. അവന്റെ സമ്മാനമായ സുസ്ഥിരസമാധാനം (ലൂക്കാ 24:36) നമ്മുടെ വരുംനാളുകളെ സൗഭാഗ്യസമൃദ്ധമാക്കും. അവന്റെ കരിഞ്ഞുണങ്ങിയ പഞ്ചക്ഷതപ്പാടുകൾ നമ്മുടെ സഹനങ്ങളുടെയും വേദനകളുടെയും അന്തിമവിജയമാണ് ഉറപ്പുനല്കുന്നത്. ദൈവമേ, എനിക്കൊത്തിരി പ്രശ്നങ്ങളുണ്ട് എന്നു പറഞ്ഞു പ്രലപിച്ചു കഴിയുന്നതിനു പകരം പ്രശ്നങ്ങളേ, എനിക്കൊരു ദൈവമുണ്ട് എന്നു പറഞ്ഞ് പ്രത്യാശയോടെ അവയെ പരിഹരിച്ചു മുന്നേറാൻ മഗ്ദലേനാക്കാരിയുടെ മാതൃക നമുക്കു പ്രതിനിമിഷം പ്രചോദനമേകട്ടെ. നമുക്കു വെളിപ്പെടാനിരിക്കുന്ന മഹത്ത്വത്തോടു തുലനം ചെയ്യുമ്പോൾ ഇപ്പോഴുള്ള കഷ്ടതകൾ തുലോം നിസ്സാരങ്ങളാണെന്ന ബോധ്യത്തിൽ (റോമാ 8:18) ദിനംതോറും വളരാം. അന്തഃരംഗങ്ങളിൽ ഇനിയും അവശേഷിക്കുന്ന ആകുലതകളുടെയും ആശങ്കകളുടെയും അലയാഴിപ്പരപ്പിലൂടെ അവൻ നടന്നുവന്ന് താണുപോകുന്ന നമ്മെ താങ്ങിയുയർത്തുകതന്നെ ചെയ്യും. അപ്രകാരമുള്ള അനുഭവം സ്വന്തമാക്കുന്നവർക്കാണ് ഉലയാത്ത വിശ്വാസത്തിന്റെയും ഉടയാത്ത പ്രത്യാശയുടെയും ആഘോഷമായി ഉയിർപ്പുതിരുനാൾ മാറുന്നത്. ■

ഈസ്റ്റർ ആശംസകൾ

# ഫാത്തിമ ഐ ഹോസ്പിറ്റൽ

Fathima EYE CARE GROUP

പുതിയിടം ബിൽഡിംഗ്, രാമപുരം റോഡ്,

**പാലാ 7025927280**

ബ്രാഞ്ചുകൾ : തൊടുപുഴ, ആലുവ, പെരുമ്പാവൂർ, തോപ്പുംപടി, തൃശൂർ

ഗ്ലോക്കോമാ, ഡയബറ്റിക് റെറ്റിനോപ്പതി,
കോങ്കണ്ണ് ചികിത്സകൾക്ക് അത്യാധുനിക സ്പെഷ്യാലിറ്റി വിഭാഗം

കുത്തിവയ്പ്പില്ലാതെ
തിമിരത്തെ വെറും
10 മിനിറ്റുകൊണ്ട്
സുഖപ്പെടുത്തുന്നു



**രോഗികൾ പതിവായി കഴിക്കുന്ന ഒരു മരുന്നും നിർത്തേണ്ടതില്ല**

തിമിരശസ്ത്രക്രിയയ്ക്ക് ആരോഗ്യഇൻഷുറൻസ് പദ്ധതി
KASP & MEDISEP പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും ലഭ്യമാണ്

പ്രവർത്തനസമയം : 9.00 am to 6.00 pm

N.B. എല്ലാ മാസത്തിലെയും ആദ്യഞായറാഴ്ച സൗജന്യനേത്രപരിശോധനയും തിമിരശസ്ത്രക്രിയയും ഉണ്ടായിരിക്കുന്നതാണ്.

അന്വേഷണങ്ങൾക്ക് PH : 8086444678, 9645441406

---

ഈസ്റ്റർ ആശംസകൾ

# അഗ്രിമ

കർഷക ഓപ്പൺ മാർക്കറ്റ്
കാർഷിക നഴ്സറി
ഇക്കോഷോപ്പ്

സെന്റ് തോമസ് പ്രസ്സിനു സമീപം, പാലാ
ഫോൺ: 9074556724

പാലാ രൂപത സോഷ്യൽ വെൽഫെയർ സൊസൈറ്റി സംരംഭം

"മായം ചേർക്കാത്ത
നാടൻ ഉത്പന്നങ്ങളുടെ കലവറ"




ഹൈബ്രീഡ് പച്ചക്കറി തൈകൾ, ഗുണമേന്മയുള്ള
നാടൻ - വിദേശ ഫലവൃക്ഷത്തൈകൾ
വളങ്ങൾ, ചെടിച്ചട്ടികൾ

---

ഈസ്റ്റർ ആശംസകൾ

# ഫ്രീസ് പാലാ

ഹൈടെക് ഹയറിംഗ് സർവ്വീസ്
പി.പി. റോഡ്, മുരിക്കുംപുഴ, പാലാ
Ph: 9447288721, 9747460011

- കോൺക്രീറ്റ് കട്ടിംഗ്
- ബ്ലേഡ് & കോർ കട്ടിംഗ്
- പായൽ ക്ലീനിംഗ് മെഷീൻ
- പുല്ലുവെട്ടുന്ന മെഷീൻ
- കുടിവെള്ളം
- മുത്തുക്കുടകൾ
- പമ്പുസെറ്റ്, പണിയായുധങ്ങൾ
- കേറ്ററിംഗ് ഉപകരണങ്ങൾ
- കുഴൽക്കിണർ വാട്ടർ (ഉറവ) ചെക്കിംഗ്
- എർത്ത് ഹാമർ
- പ്ലാസ്റ്റിക് ടാങ്ക് വെൽഡിംഗ്

AMBULANCE
FREEZER

ലൈറ്റ് & സൗണ്ട്, പന്തൽ, ഗായകസംഘം etc...

---

ഈസ്റ്റർ - വിഷു ആശംസകൾ


മംഗളമുഹൂർത്തങ്ങൾക്കു
തൃപ്തികരമായ വിഭവങ്ങളുമായി

# തൃപ്തി

കേറ്ററിംഗ് സർവീസ്
മേവട

Mobile : 9495165034, 9744741102

ഭക്ഷണപദാർത്ഥങ്ങൾ ഓർഡർ അനുസരിച്ച്
കൃത്യസമയത്ത് മിതമായ നിരക്കിൽ
എത്തിച്ചുകൊടുക്കുന്നു.



---

ഈസ്റ്റർ ആശംസകൾ

# S.J. ആയുർവേദ ഫാർമസി

പുതിയ കാവ് ടെമ്പിൾ റോഡ്
ചെത്തിമറ്റം - പാലാ
ബ്രാഞ്ചുകൾ : കോട്ടയം & ആലപ്പുഴ

**മദ്യപാനരോഗചികിത്സ ആയുർവേദത്തിലൂടെ...**

നിരാശയിലാണ്ടുപോയ ആയിരക്കണക്കിനു കുടുംബങ്ങളെ
സ്വസ്ഥതയിലേക്കു തിരിച്ചുകൊണ്ടുവരാൻ കഴിഞ്ഞ ദിവ്യൗഷധം

Please Contact:
Dr. K.V. Joseph DAM
Mob: 9447421216, 04822-214167

Deepanalam Weekly

RNI No : 16998/68
Vol. 57 No. 4 Date of Publication 21 March 2024
Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment







Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org